# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പെരുവയൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2023-2024

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**കോഴിക്കോട്-673020**

**ഇ-മെയിൽ: dokkd.ksad@kerala.gov.in**

**ഫോൺ : 0495-2371012**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/KKD/P1/1841/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 14/11/2024
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പെരുവയൽ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പെരുവയൽ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരുവയൽ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/KKD/P1/1841/2024 തീയ്യതി: 14/11/2024

## കോഴിക്കോട് ജില്ലയിലെ പെരുവയൽ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ പെരുവയൽ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 26-10-2023 മുതൽ 07-10-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 46 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 16-10-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.നന്ദന.എസ്.പിള്ളെ (കെ.എ.എസ്) | ഡെപ്യൂട്ടി ഡയറക്ടർ | 08-10-2024 | 17-10-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 08-10-2024 | 17-10-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി.ശ്രീജ തെക്കൻ , ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

ശ്രീ.ധീരജ് ജെ, ഓഡിറ്റ് ഓഫീസർ

ശ്രീമതി.ഷൈന.എ.കെ , അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.സഹദ് ഒ. , സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി.തൻസീല എൻ , ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സുബിത തോട്ടാഞ്ചേരി | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീമതി.സിന്ധു.പി.എസ്. | സെക്രട്ടറി | 01-04-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ നിഷാന്ത് ആർ | അസി.സെക്രട്ടറി | 01-04-2023 | 15-07-2023 |
| ശ്രീ.ജോഷി ജോസ് സി | അസി.സെക്രട്ടറി | 16-07-2023 | 31-03-2024 |
| ശ്രീമതി സുരഭി കെ. | അസി.എഞ്ചിനീയർ | 01-04-2023 | 31-03-2024 |
| ശ്രീമതി.ഗ്രീഷ്മ കെ | വി.ഇ.ഒ | 01-04-2023 | 31-03-2024 |
| ശ്രീ.ജാഫർ ടി.കെ. | വി.ഇ.ഒ | 01-04-2023 | 11-09-2023 |
| ശ്രീമതി. ബിന്ദു സി.വി. | വി.ഇ.ഒ | 12-09-2023 | 31-03-2024 |
| ശ്രീമതി ശ്രീജ പി. | കൃഷി ഓഫീസർ | 01-04-2023 | 31-03-2024 |
| ഡോ.പ്രഷീല | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2023 | 16-08-2023 |
| ശ്രീമതി. സവിധ്യ | മെഡിക്കൽ ഓഫീസർ ആയുർവേദം | 17-08-2023 | 31-03-2024 |
| ഡോ.മനോജ് കെ എം | മെഡിക്കൽ ഓഫീസർ, പി എച്ച്.സി | 01-04-2023 | 18-06-2023 |
| ശ്രീമതി. അമ്പിളി | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 19-06-2023 | 31-03-2024 |
| ശ്രീമതി നിഷ കെ.പി. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2023 | 06-07-2023 |
| ശ്രീമതി. ഷീജ പീറ്റർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 07-07-2023 | 31-03-2024 |
| ശ്രീ.അജയകുമാർ എച്ച് | ഹെഡ്മാസ്റ്റർ | 01-04-2023 | 31-03-2024 |
| ശ്രീമതി. മൃദുല റോയ് | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |
| ശ്രീമതി. സെറീന | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 31-03-2024 |
| ശ്രീ. ശ്യാംചന്ദ് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 11-09-2023 |
| ശ്രീ.ജോസ്ബാബു | ഫിഷറീസ് എക്സ്റ്റൻഷൻ | 12-09-2023 | 31-03-2024 |

| | | | |
|---|---|---|---|
| | ഓഫീസർ | | |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-1 |
| 2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 3 | ക്യാഷ് - ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | സമയ ബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-3 |
| 5 | വസ്തു നികുതി കുടിശ്ശിക കണക്കിൽ പൊരുത്തക്കേടുകൾ | 1-1-4 |
| 6 | റസീപ്റ്റ് & പേയ്മെന്റ് പത്രിക - ഷെഡ്യൂളിലെയും അബ്സ്ട്രാക്ടിലെയും ആകെ തുകയിൽ വ്യത്യാസം | 1-1-5 |
| 7 | MP Fund ലെ ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുക അക്കൗണ്ടിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | ഫണ്ട് ഉപയോഗിച്ച് സൃഷ്ടിച്ച ആസ്തികൾ B3ൽ പ്രതിഫലിക്കുന്നില്ല | 1-1-7 |
| 9 | ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ വർക്ക് ഷീറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല | 1-1-8 |
| 10 | തൊഴിൽ നികുതി മുൻകൂർ വരവിന്റെ കൃത്യത ഉറപ്പാക്കാൻ സാധിച്ചില്ല. | 1-1-9 |
| 11 | സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല. | 1-1-10 |
| 12 | വാർഷിക ധനകാര്യ പത്രികയും ലേല രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല. | 1-1-11 |
| 13 | സമയ ബന്ധിതമായി വരവ് എൻട്രികൾ വരുത്തുന്നില്ല. | 1-1-12 |
| 14 | വായ്പ തിരിച്ചടവ് - വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല. | 1-1-13 |
| 15 | ബജറ്റ് | 1-2 |
| 16 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 17 | ഫണ്ട് വിനിയോഗം | 1-4 |
| 18 | പദ്ധതി അവലോകനം | 1-5 |
| 19 | ക്ഷേമപദ്ധതികൾ | 1-6 |
| 20 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 21 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 22 | രസീതു ബുക്ക് ഉപയോഗിക്കുന്നതിലെ അപാകതകൾ | 1-9 |
| 23 | കെട്ടിടങ്ങൾക്ക് നമ്പർ ലഭിച്ച ശേഷം ചട്ട വിരുദ്ധമായി നിർമ്മാണങ്ങൾ നടത്തുന്നു . | 1-10 |
| 24 | ഓഡിറ്റ് നിർദ്ദേശിച്ചിട്ടും കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല. | 1-11 |
| 25 | ഇ.പേയ്മെന്റ് കറണ്ട് അക്കൗണ്ടിൽ 1.86 കോടി രൂപ സൂക്ഷിക്കുന്നു- പലിശ ഇനത്തിൽ നഷ്ടം. | 1-12 |
| 26 | ലേല തുക മുഴുവൻ ഈടാക്കിയില്ല | 1-13 |

| | | |
|---|---|---|
| 27 | കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല,വഴി സൗകര്യം എന്നിവയ്ക്കനുസരിച്ച് നികുതി നിർണ്ണയിക്കുന്നതിൽ അപാകത | 1-14 |
| 28 | ഒരാളുടെ ഉടമസ്ഥതയിൽ ഒന്നിലധികം പാർപ്പിട കെട്ടിടങ്ങൾ കുറഞ്ഞ നികുതി നിരക്കിൽ അനുവദിക്കുന്നു | 1-15 |
| 29 | എം.സി.എഫ് കത്തി നശിച്ചത് - തുടർനടപടി വിവരം ലഭ്യമല്ല | 1-16 |
| 30 | വിനോദ നികുതി അപാകതകൾ | 1-17 |
| 31 | പഴയ നിരക്കിൽ അസ്സസ്സ് ചെയ്ത കെട്ടിടങ്ങൾ 2023-24 വർഷം റീഅസ്സസ്സ് ചെയ്ത് നികുതി നിരക്കുകൾ പുതുക്കിയില്ല | 1-18 |
| 32 | സ്റ്റാർക്ക് മെറ്റൽ -അനധികൃത പ്ളാസ്റ്റിക് തീപിടുത്തം തുടർനടപടി സ്വീകരിച്ചില്ല | 1-19 |
| 33 | ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. | 1-20 |
| 34 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - ഹരിത കർമസേന പ്രവർത്തനാവലോകനം | 1-21 |
| 35 | ഗ്രാമ പഞ്ചായത്ത് ഓഫീസ് ഇലക്ട്രിഫിക്കേഷൻ - ചെലവാകാത്ത തുക തിരികെ ലഭ്യമായില്ല | 1-22 |
| 36 | അഡ്വാൻസ് തുകകൾ ക്രമീകരിക്കുന്നില്ല. | 1-23 |
| 37 | ലൈഫ് ഭവന പദ്ധതി - ഭവനനിർമ്മാണം പൂർത്തികരിക്കാത്തതിന്റെ വിശദാംശങ്ങൾ | 1-24 |
| 38 | മുണ്ടക്കൽ പാറ ജലശുദ്ധീകരണ പ്ലാന്റ് -പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-25 |
| 39 | ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്നു വാങ്ങൽ - പ്രൊജക്ട് പൂർത്തിയായില്ല. | 1-26 |
| 40 | കോക്ലിയർ ഇംപ്ലാന്റ് അറ്റകുറ്റപണികൾ- വിനിയോഗ വിവരം ലഭ്യമായില്ല. | 1-27 |
| 41 | വിവിധ ഏജൻസികൾക്ക് തുക നൽകി -പൂർത്തീകരണം,വിനിയോഗ വിവരം എന്നിവ ലഭ്യമല്ല. | 1-28 |
| 42 | സ്പെഷ്യൽ കാഷ്വൽ ലീവ് കാലയളവ് ആർജ്ജിതാവധി കണക്കാക്കാനെടുത്ത പ്രവൃത്തി ദിനങ്ങളിൽ കുറവ് ചെയ്തില്ല. | 1-29 |
| 43 | കോൺക്രീറ്റ് പേവിംഗ് - ഫോം വർക്ക് ആവശ്യമില്ലാത്ത പ്രവൃത്തിയിൽ ഫോം വർക്കിന് തുക ഉൾപ്പെടുത്തിയതിനാൽ അധിക ചെലവ് | 1-30 |
| 44 | വീട് റിപ്പയർ പൂർത്തീകരിച്ചില്ല | 1-31 |
| 45 | ജംഗമ വസ്തുക്കൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റെ വിശദാംശം ലഭ്യമല്ല. | 1-32 |
| 46 | അങ്കണവാടികളിൽ വാണിജ്യാവശ്യത്തിനുള്ള ഗ്യാസ് കണക്ഷൻ - അധിക ചെലവുണ്ടാകുന്നു | 1-33 |
| 47 | ഭിന്നശേഷി സ്കോളർഷിപ്പ് - പ്രോജക്ട് നിർവ്വഹണത്തിലെ ന്യൂനതകൾ. | 1-34 |
| 48 | പയറു കൃഷി വികസനം - യൂണിറ്റ് കോസ്റ്റിനേക്കാൾ അധിക നിരക്കിൽ വിത്ത് വാങ്ങി | 1-35 |

| | | |
|---|---|---|
| 49 | ഉപകരണങ്ങൾ വാങ്ങിയത് മുഴുവൻ പ്രവർത്തനസജ്ജമായില്ല. | 1-36 |
| 50 | ന്യൂട്രിമിക്സ് സാമ്പിളുകളുടെ ഗുണനിലവാര പരിശോധന റിപ്പോർട്ട് ലഭ്യമല്ല | 1-37 |
| 51 | അതി ദരിദ്രർക്കുള്ള ഭവന പദ്ധതികൾ നടപ്പിലാക്കുന്നതിൽ വീഴ്ച | 1-38 |
| 52 | ആർ-ട്രാക്ക് -റോഡ് കണക്ടിവിറ്റി മാപ്പിങ്ങ് ആസ്തി സംരക്ഷണ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല. | 1-39 |
| 53 | കുടിവെള്ള പദ്ധതികൾ ലക്ഷ്യം കൈവരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച് | 1-40 |
| 54 | കൃത്യമായ ആസ്തി സംരക്ഷണ പദ്ധതികൾ ഇല്ലാത്തതിനാൽ ഗ്രാമ പഞ്ചായത്തിന് അധിക ചെലവ് | 1-41 |
| 55 | കരാറുകാർ നിർമ്മാണ പ്രവൃത്തികളുടെ ഇൻഷുറൻസ് എടുക്കുന്നില്ല | 1-42 |
| 56 | പദ്ധതികൾ സമഗ്രമായി തയ്യാറാക്കി നടപ്പിലാക്കാത്തതിനാൽ ലക്ഷ്യം കൈവരിച്ചില്ല | 1-43 |
| 57 | കീഴ്മാട് അങ്കണവാടി നിർമ്മാണം -പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-44 |
| 58 | റോഡ് മെയിന്റനൻസ് - ലഭ്യമായ ഫണ്ട് വിനിയോഗിക്കുന്നതിൽ വീഴ്ച. | 1-45 |
| 59 | കുടിവെള്ള പദ്ധതികൾക്ക് മോട്ടോർ സ്ഥാപിക്കൽ പദ്ധതി -ഇൻസ്റ്റലേഷൻ ചാർജായി റെയിഡ്കോയ്ക്ക് അധിക തുക അനുവദിക്കുന്നു | 1-46 |
| 60 | നഗര സഞ്ചയ ഫണ്ട് വിനിയോഗിച്ച് പദ്ധതി നടപ്പിലാക്കാത്തതിനാൽ തുക ലാപ്സായി | 1-47 |
| 61 | തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-48 |
| 62 | പ്രൈസ് 3 സോഫ്റ്റ് വെയർ-പൂർണ്ണമായ വിവരങ്ങൾ ലഭ്യമാകുന്നില്ല. | 1-49 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങളുടെ വിവരം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |

| | | |
|---|---|---|
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം –1

## പൊതു അവലോകനം

**1–1–1 എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.**

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62 പ്രകാരം വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടുകളിൻ മേലുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്ത് ഓഡിറ്റിന് സമർപ്പിച്ച 2023-24 വർഷത്തെ വാർഷിക കണക്കുകളോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിങ്ങ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

**1–1 ഓഡിറ്റ് സർട്ടിഫിക്കറ്റ്**

പെരുവയൽ ഗ്രാമ പഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 29.05.2024 തീയതിയിലെ 1-ാം നം. തീരുമാനം പ്രകാരം അംഗീകരിച്ച് 18.06.2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ്, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന**

**കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പെരുവയൽ ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2024ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.**

സ്ഥലം: കോഴിക്കോട്

തീയതി: 30.10.2024 ഡെപ്യൂട്ടി ഡയറക്ടർ

**1-1-2 ക്യാഷ് - ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല.**

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ "Net Increase/Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയ തുകയും (96,78,816/-) ഇതേ പത്രികയിലെ "Net Cash Generated By Operating+Investing+Financial Activity" (A+B+C) ആയി രേഖപ്പെടുത്തിയ തുകയും (1,15,17,595/-) പൊരുത്തപ്പെടുന്നില്ല.

**1-1-3 സമയ ബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല**

വസ്തു നികുതി, തൊഴിൽ നികുതി എന്നിവയുടെ ലെഡ്ജറുകളിൽ സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. Property Tax On Residential Buildings (110100101), Property Tax On Non-Residential Buildings (110100102) എന്നീ അക്കൗണ്ട് ഹെഡുകളുടെ 01.04.2023 മുതൽ 31.03.2024 വരെയുള്ള ലെഡ്ജർ റിപ്പോർട്ട് പരിശോധിച്ചു. വസ്തു നികുതി ഇനത്തിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും കെട്ടിടങ്ങളുടെ പൊളിച്ചുമാറ്റൽ, പുതിയ കെട്ടിടങ്ങൾ നിലവിൽ വരുന്നത് എന്നിവയുടെ അടിസ്ഥാനത്തിൽ ഡിമാന്റിൽ വ്യത്യാസം വരുത്തുന്നില്ല. സാമ്പത്തിക വർഷാരംഭത്തിലും, തുടർന്ന് പുതിയ ഡിമാന്റുകൾ ഉണ്ടാവുന്നതിനനുസരിച്ചും ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നതിന് പകരം സാമ്പത്തിക വർഷാവസാനത്തിൽ മാത്രമാണ് ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നത്.

**1-1-4 വസ്തു നികുതി കുടിശ്ശിക കണക്കിൽ പൊരുത്തക്കേടുകൾ**

2022-23 വർഷത്തെ ബാലൻസ് ഷീറ്റ് B-15 ഷെഡ്യൂൾ പ്രകാരം Receivables For Property Tax On Non Residential Buildings (Arrear+current) ഇനത്തിൽ 3,87,780/- രൂപ കുടിശ്ശിക ഉള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. 2023-24 വാർഷിക ധനകാര്യ പത്രിക റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് RP-45 പ്രകാരം Receivables For Property Tax On Non Residential Buildings (Arrear) ഇനത്തിൽ 31,200/- രൂപ കളക്ഷനുണ്ട്. ഈ വർഷത്തെ ബാലൻസ് ഷീറ്റ് B-15 ഷെഡ്യൂൾ പ്രകാരം Receivables For Property Tax On Non Residential Buildings ഇനത്തിൽ 3,55,020/- രൂപ കുടിശ്ശിക ഉള്ളതായി കാണിച്ചിട്ടുണ്ട്. വസ്തു നികുതി കുടിശ്ശിക കണക്കിലെ പൊരുത്തക്കേടിനു കാരണം വിശദീകരിക്കേണ്ടതാണ്.

**1-1-5 റസീപ്റ്റ് & പേയ്മെന്റ് പത്രിക - ഷെഡ്യൂളിലെയും അബ്സ്ട്രാക്റ്റിലെയും ആകെ തുകയിൽ വ്യത്യാസം**

2023-24 വാർഷിക ധനകാര്യ പത്രിക റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് Schedule പ്രകാരം മുന്നിരിപ്പ് 5,72,27,591/- + വരവ് 11,05,97,633/- = ആകെ 16,78,25,224/- രൂപയാണ്. എന്നാൽ റസീപ്റ്റ് & പേയ്മെന്റ് Abstract പ്രകാരം മുന്നിരിപ്പ് 5,72,27,591/- + വരവ് 11,05,97,633/- = ആകെ 50,34,75,672/- രൂപയാണ്. അപാകത ഐ.കെ.എമ്മിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കേണ്ടതാണ്.

**1-1-6 MP Fund ലെ ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുക അക്കൗണ്ടിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല**

2023-24 വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂൾ പ്രകാരം MP Local And Development Scheme പ്രകാരം നീക്കിയിരിപ്പില്ല എന്ന് കാണിച്ചിട്ടുണ്ട്. എന്നാൽ വാർഷികകണക്ക് ബി-17 ഷെഡ്യൂൾ പ്രകാരം KGB MP LAD ബാങ്ക് അക്കൗണ്ടിലെ(40109101096165) നീക്കിയിരിപ്പായി 848/-

രൂപയും SBI (MP Fund 32420779422) അക്കൗണ്ടിലെ നീക്കിയിരിപ്പായി 2,98,461/- രൂപയും ചേർത്ത് ആകെ 2,99,309/- രൂപ B4 ൽ കാണേണ്ടതുണ്ട്. മേൽ പൊരുത്തക്കേടിന്റെ കാരണം വിശദീകരിക്കേണ്ടതാണ് എന്നറിയിച്ച കൊണ്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം : 41/17.10.24) ലഭ്യമാക്കിയ മറുപടിയിൽ ടി തുക ഹെഡ് മാറി പോസ്റ്റ് ചെയ്തു പോയതാണ് എന്നറിയിച്ചിട്ടുണ്ട്. ആയത് ക്രമീകരിക്കേണ്ടതും ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

**1-1-7 ഫണ്ട് ഉപയോഗിച്ച് സൃഷ്ടിച്ച ആസ്തികൾ B3ൽ പ്രതിഫലിക്കുന്നില്ല**

വികസന ഫണ്ട്, ജനറൽ ഫണ്ട് എന്നിവ ഉപയോഗിച്ച് ആസ്തികൾ സൃഷ്ടിച്ചിട്ടുണ്ടെങ്കിലും ആയത് ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ (B3) എന്ന ശീർഷകത്തിൽ വന്നിട്ടില്ല. ടി ആസ്തികൾ 16 ശീർഷകത്തിൽ ൽ ആണ് കാണിച്ചിട്ടുള്ളത്.

**1-1-8 ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ വർക്ക് ഷീറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല**

ആസ്തികളുടെ ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ വർക്ക് ഷീറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ ബി-11(a) ഷെഡ്യൂൾ പ്രകാരമുള്ള ഡിപ്രിസിയേഷൻ തുകയുടെ ആധികാരികത പരിശോധിച്ച് ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല.

**1-1-9 തൊഴിൽ നികുതി മുൻകൂർ വരവിന്റെ കൃത്യത ഉറപ്പാക്കാൻ സാധിച്ചില്ല.**

2022-23 സാമ്പത്തിക വർഷത്തെ ബാലൻസ് ഷീറ്റ് (ബി-9 ഷെഡ്യൂൾ) പ്രകാരം തൊഴിൽ നികുതി മുൻകൂർ വരവ് 1,44,012/- രൂപയാണ്. എന്നാൽ തൻവർഷത്തെ രജിസ്റ്ററിൽ തൊഴിൽ നികുതി മുൻകൂർ വരവ് കാണിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്കിലുൾപ്പെടുത്തിയ ഡിമാന്റ് തുകയുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

**1-1-10 സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല.**

2023-24 വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ബി-14 സ്റ്റേറ്റ്മെന്റ് പ്രകാരം ക്ലോസിംഗ് സ്റ്റോർസിൽ 71,908/- രൂപയുടെ നീക്കിയിരിപ്പുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്ററിൽ സംക്ഷിപ്തം കൃത്യമായി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

**1-1-11 വാർഷിക ധനകാര്യ പത്രികയും ലേല രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല.**

2023-24 വാർഷിക ധനകാര്യ പത്രിക റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് RP-5 , ലേലം രജിസ്റ്റർ എന്നിവയിലെ വരവുകൾ ചുവടെ കൊടുക്കുന്നു.

| No: | Particulars | Amount | |
|---|---|---|---|
| | | AFS (RP5) | As Per Auction Register |
| 1 | Receipts From Sale Of Usufructs Of Trees | 1,00,000 | 50,000 |
| 2 | Receipts From Sale Of Scrap/ Empties And Waste Materials | 31,712 | 0 |

വാർഷിക ധനകാര്യ പത്രികയും രജിസ്റ്ററും തമ്മിലുള്ള പൊരുത്തക്കേടിന്റെ കാരണം വിശദീകരിക്കേണ്ടതാണ് എന്നറിയിച്ച കൊണ്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം : 41/17.10.24) മറുപടി ലഭ്യമാക്കിയതിൽ രേഖകൾ ഹാജരാക്കാമെന്ന് അറിയിച്ചിട്ടുണ്ട്. രേഖകൾ ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

**1-1-12 സമയ ബന്ധിതമായി വരവ് എൻട്രികൾ വരുത്തുന്നില്ല.**

വരവുകൾക്ക് ബാങ്ക് ബുക്കുകളിൽ യഥാസമയം രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | അക്കൗണ്ട് നം/പേര് | തുക | ക്രെഡിറ്റ് ആയ തിയ്യതി | രസീറ്റ് ചെയ്തത് |
|---|---|---|---|---|
| 1 | KGB 40109101055441 | 900000/- | 11.04.2023 | 2024 February |
| | | 2000000/- | 11.04.2023 | |
| | | 700000/- | 24.04.2023 | |
| 2 | SBI – 31281597413 Sand | 24973/- | 25.12.2023 | 2024 March |
| | | 24908/- | 25.06.2023 | |
| | | 25077/- | 25.09.2023 | |
| 3 | SBI – 67337807628 Epayment | 170428/- | 31.05.2023 | 2024 March |
| | | 317686/- | 30.06.2023 | |
| | | 240057/- | 31.07.2023 | |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നറിയിച്ചു കൊണ്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം : 41/17.10.24) മറുപടി ലഭ്യമാക്കിയിട്ടില്ല.

**1-1-13 വായ്പ തിരിച്ചടവ് - വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.**

ലോൺ രജിസ്റ്റർ പ്രകാരം ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദ വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | ഓഡിറ്റ് വർഷം എടുത്ത വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ജി.ഒ.(എം.എസ്) 124/2018/ L.S.G.D./ 11.09.2018 | - | 3045382 | 1272661 | - | 17,72,721 |

എന്നാൽ വാർഷിക ധനകാര്യ പത്രിക ബി-5 പ്രകാരം 1258649/- രൂപ മാത്രമേ വായ്പ തിരിച്ചടവ് കാണുന്നുള്ളൂ. രജിസ്റ്റർ പ്രകാരമുള്ള തുക വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടാത്തതിനു വിശദീകരണം ലഭ്യമാക്കേണ്ടതാണ്. വാർഷിക കണക്കിലെ മേൽ അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

**1-2 ബജറ്റ്**

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് പ്രകാരം വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവു ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബഡ്ജറ്റ് നിർദ്ദേശങ്ങൾ അതാതു വർഷം ജനുവരി 15 ന മുമ്പ് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്മാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക്

സമർപ്പിക്കേണ്ടതുമാണ്. ഇങ്ങനെ സമർപ്പിക്കപ്പെട്ട നിർദ്ദേശങ്ങൾ പരിഗണിച്ചുകൊണ്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അതിൽ നിന്നും പഞ്ചായത്തിന്റെ അടുത്ത വർഷത്തേക്കുള്ള വരവു ചെലവു കാണിക്കുന്ന ഒരു ബഡ്ജറ്റ് തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ മാർച്ച് മാസത്തിലെ ആദ്യത്തെ ആഴ്ച കഴിയുന്നതിനു മുമ്പായി പഞ്ചായത്ത് മുമ്പാകെ പ്രത്യേക യോഗത്തിൽ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുമാണ്.

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 14.3.2023 തിയ്യതിയിലെ 1 -ാം നമ്പർ തീരുമാനപ്രകാരം 2023-24 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

(റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 5,72,27,591/- |
| വരവ് | 11,05,97,633/- |
| ആകെ | 16,78,25,224/- |
| ചെലവ് | 10,09,18,817/- |
| നീക്കിയിരിപ്പ് | 6,69,06,407/- |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 2,84,47,998/- | 2,84,47,998/- | 2,77,94,238/- | 6,53,760/- |
| വികസന ഫണ്ട്-എസ്.സി.പി | 0 | 94,75,000/- | 94,75,000/- | 77,34,855/- | 17,40,145/- |
| മെയിന്റനൻസ്, റോഡ് | 0 | 91,23,500/- | 91,23,500/- | 66,23,537/- | 24,99,963/- |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 51,58,600/- | 51,58,600/- | 48,40,235/- | 3,18,365/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – അൺടൈഡ് ( PFMSമുഖേന) | 20,40,123/- | 49,81,312/- | 70,21,435/- | 60,59,167/- | 9,62,268/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ - ടൈഡ് ഗ്രാന്റ് (PFMS മുഖേന) | 81,11,535/- | 35,33,000/- | 1,16,44,535/- | 96,22,183/- | 20,22,352/- |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് | ചെലവ് ശതമാനം |
|---|---|---|---|---|---|---|

| | | | | | (എണ്ണം) | |
|---|---|---|---|---|---|---|
| 286 | 190818840 | 231 | 109858460 | 10 | 45 | 57.5% |

ഗ്രാമപഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥരുടെയും അവർ നടപ്പിലാക്കിയ പദ്ധതികളുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | നടപ്പിലാക്കിയ പദ്ധതികളുടെ ശതമാനം |
|---|---|---|---|
| സെക്രട്ടറി | 27 | 22 | 81% |
| അസി. സെക്രട്ടറി | 4 | 3 | 75% |
| ഐ.സി.ഡി.എസ്. സൂപ്പർ വൈസർ | 12 | 10 | 83% |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 15 | 12 | 80% |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 2 | 2 | 100% |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 21 | 14 | 66% |
| കൃഷി ഓഫീസർ | 12 | 12 | 100% |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 100% |
| വെറ്ററിനറി സർജൻ | 8 | 7 | 87 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 2 | 1 | 50% |
| ഹെഡ് മാസ്റ്റർ | 4 | 2 | 50% |
| അസി. എഞ്ചിനീയർ | 178 | 145 | 81% |
| ആകെ | 286 | 231 | 80% |

അംഗീകാരം ലഭിച്ച പ്രോജക്ടുകളിൽ 80 ശതമാനവും പൂർണ്ണമായും നടപ്പിലാക്കാൻ പഞ്ചായത്തിന് സാധിച്ചു എന്നത് പ്രശംസനീയമാണ്.

## 1-6 ക്ഷേമപദ്ധതികൾ

| ക്രമ നം | ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക |
|---|---|---|
| 1 | വിധവാ പെൻഷൻ | 20815000 |
| 2 | വാർദ്ധക്യകാല പെൻഷൻ | 35077700 |
| 3 | വികലാംഗ പെൻഷൻ | 5405800 |
| 4 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1718400 |
| 5 | വിവാഹ ധനസഹായം | 150000 |

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994 - ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.10.2024 തീയതിയിൽ രാവിലെ 10.30 ന് സ്ഥാപനതലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 369/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ നിജസ്ഥിതി ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തരനിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പഞ്ചായത്തിന്റെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതുണ്ടെന്ന് കാണുന്നു.

ഓഫീസ് ഉത്തരവ് രജിസ്റ്റർ പരിശോധിച്ചതിൽ എല്ലാ ഉത്തരവാദിത്വങ്ങളും ജീവനക്കാർക്ക് കൃത്യമായി പുന:ക്രമീകരിച്ച് വിഭജിച്ചു നൽകിക്കൊണ്ടുള്ള സമഗ്രമായ ഒരു ഓഫീസ് ഉത്തരവ് തയ്യാറാക്കി ജോലി വിഭജനം ചെയ്തു് കാണുന്നില്ല. 14-2-2023ന് നടത്തിയ സ്റ്റാഫ് മീറ്റിംഗിനു ശേഷം 8 മാസങ്ങൾ കഴിഞ്ഞ് 19-10-2023 ന് മാത്രമാണ് പിന്നീട് സ്റ്റാഫ് മീറ്റിംഗ് നടത്തിയിട്ടുള്ളത്. എന്നാൽ അതിനു ശേഷം എല്ലാ മാസങ്ങളിലും സ്റ്റാഫ് മീറ്റിംഗ് നടത്തി കാര്യങ്ങൾ വിശദമായി ചർച്ച ചെയ്യുന്നതിൽ സ്ഥാപനം വേണ്ടത്ര ശ്രദ്ധ പതിപ്പിച്ചിട്ടുണ്ട്. പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്താത്തതിനാൽ പഞ്ചായത്തിന് വരുമാനയിനത്തിൽ ധാരാളം നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾക്കായി ഖ – 1-10 കാണുക. നികുതി ചോർച്ച, നികുതി നിർണ്ണയം എന്നിവയുടെ കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ഇടപെടലുകൾ കാര്യക്ഷമമായി നടക്കുന്നില്ലെന്നത് ഖ - 1-13, ഖ - 1-14, ഖ - 1-17 എന്നിവയിലെ നിരീക്ഷണങ്ങളിൽ നിന്ന് വ്യക്തമാണ്. രസീതി പിരിവിലെ അപാകതകൾ സൂപ്പർവൈസറി ഉദ്യോഗസ്ഥന്റെ പരിശോധനയ്ക്ക് ശേഷവും പരിഹരിക്കപ്പെടുന്നില്ല എന്നതും വീഴ്ചയാണ്.

മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

## 1-9 രസീതു ബുക്ക് ഉപയോഗിക്കുന്നതിലെ അപാകതകൾ

സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 01.03.24, 09.03.24 തിയ്യതികളിൽ നായർ സിമ്മി പി.ബി.സുബ്രഹ്മണ്യം (ക്ലർക്ക്) ന് ഇഷ്യൂ ചെയ്ത 15169,15173,15174 എന്ന രസീതു ബുക്കുകളിൽ ഒന്നും തന്നെ തീയ്യതി രേഖപ്പെടുത്താതെയാണ് പിരിവ് നടത്തി പകർപ്പ് നികുതിദായകർക്ക് നൽകിയത്. 2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 20(2)c പ്രകാരം രസീതികളിൽ തിയ്യതി രേഖപ്പെടുത്തണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മേൽ രശീതികളിൽ തീയതി രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ പിരിച്ചെടുത്ത തുക മേൽ ചട്ട പ്രകാരം തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ബന്ധപ്പെട്ട ബാങ്ക്/ട്രഷറി അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പാക്കാൻ സാധിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 7/ 14.10.24) ലഭ്യമാക്കിയ മറുപടിയിൽ ജോലി ബാഹുല്യത്താൽ വന്നു പോയ ക്ലറിക്കൽ പിശക് മൂലമാണ് തീയ്യതി രേഖപ്പെടുത്താൻ വിട്ടു പോയതെന്ന് പറയുന്നു. ഇത്തരത്തിൽ തീയ്യതി രേഖപ്പെടുത്താതെ രസീതിന്റെ പകർപ്പുകൾ പൊതുജനങ്ങൾക്ക് വിതരണം ചെയ്യുന്നതിലൂടെ അവ ദുരുപയോഗം ചെയ്യാൻ ഉള്ള സാധ്യതയും വളരെ

കൂടുതലാണ്. അതിനാൽ ഇപ്രകാരമുള്ള അപാകതകൾ ആവർത്തിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**1-10 കെട്ടിടങ്ങൾക്ക് നമ്പർ ലഭിച്ച ശേഷം ചട്ട വിരുദ്ധമായി നിർമ്മാണങ്ങൾ നടത്തുന്നു .**

പെരുവയൽ ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി നിർമ്മാണം പൂർത്തീകരിച്ച് നമ്പർ അനുവദിച്ച വിവിധ കെട്ടിടങ്ങൾ 15.10.2024 തീയതിയിൽ ഉച്ചക്ക് 2.30 ന് നേരിൽ സന്ദർശിക്കുകയുണ്ടായി. പരിശോധനയിൽ ചട്ട വിരുദ്ധമായ പല നിർമ്മാണങ്ങൾ/ചട്ട പ്രകാരം ആവശ്യമായ വിവിധ സൗകര്യങ്ങൾ കെട്ടിടങ്ങളിലില്ലെന്നും ബോധ്യപ്പെട്ടു. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പരിശോധന നടത്തിയ സ്ഥലം | പരിശോധനയിൽ കണ്ടെത്തിയത് |
|---|---|---|
| 1 | 6/27 A,B,C,D,E,F,GH<br>ഗീത Commercial Building<br>File: SC2/8784/2024 | 1. കംപ്ലീഷൻ പ്ലാൻ പ്രകാരം ഈ വാണിജ്യ കെട്ടിടത്തിൽ 1 Differently Abled Toilet, 2 Toilets എന്നിവയുണ്ട്. എന്നാൽ 2 Toilets നിർമ്മിച്ചിട്ടില്ല. ഇതിനു വേണ്ട സ്ഥലം കൂടി കയ്യേറിയാണ് ഒരു ഷോപ്പ് നിർമ്മിച്ചിട്ടുള്ളത്.<br>2. കെട്ടിടത്തിന്റെ മുൻവശത്തായാണ് പാർക്കിംഗ് ഏരിയ കാണിച്ചിട്ടുള്ളത്. എന്നാൽ ഈ ഭാഗത്ത് 15.65m X 3.5m വിസ്തൃതിയിൽ അനധികൃതമായി ട്രസ്സ് വർക്ക് ചെയ്ത് ഗ്രിൽ ഇട്ട് ക്ലോസ് ചെയ്തിട്ടുണ്ട്. ആയതിനാൽ കെട്ടിടത്തിന് നിലവിൽ പാർക്കിംഗ് സൗകര്യം ലഭ്യമല്ല. |
| 2 | 5/ 363 A,B,C,D,E,F<br>ദിവ്യ<br>Commercial Cum Residential Building<br>File: SC2/5/2024 | 1. കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ മുൻ ഭാഗത്ത് മറ്റ് നിർമ്മാണങ്ങളൊന്നും കാണിച്ചിട്ടില്ല. എന്നാൽ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സൂപ്പർമാർക്കറ്റിന്റെ ഭാഗമായി ഒരു ഫിഷ് മാർക്കറ്റ് (3m X 2m) അനധികൃതമായി കെട്ടിടത്തിന് മുമ്പിൽ നിർമ്മിച്ചു എന്ന് ബോധ്യപ്പെട്ടു.<br>2. കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള പാർക്കിംഗ് ഏരിയ നിർമ്മിച്ചിട്ടില്ല. കൂടാതെ ഈ പാർക്കിംഗ് ഏരിയയിലേക്കുള്ള വഴിയിലാണ് മേൽ പറഞ്ഞ ഫിഷ് മാർക്കറ്റ് അനധികൃതമായി നിർമ്മിച്ച് വഴി തടസ്സപ്പെടുത്തിയത്. ആയതിനാൽ നിലവിൽ കെട്ടിടത്തിന് പാർക്കിംഗ് സൗകര്യം ഇല്ല.<br>3. കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള ഭിന്നശേഷി ടോയിലറ്റ് പണി പൂർത്തീകരിച്ചിട്ടില്ല എന്നത് മാത്രമല്ല ഇത് ഒരു ഗോഡൗൺ ആയാണ് നിലവിൽ ഉപയോഗിക്കുന്നത്.<br>4. കെട്ടിടത്തിന്റെ പുറക് വശത്തായി 7.2m X 4.35m വിസ്തൃതിയിൽ വശങ്ങൾ ഗ്രിൽ ഇട്ട് ക്ലോസ് ചെയ്തും ഷീറ്റ് ഉപയോഗിച്ച് മേൽക്കൂര ഇട്ടും ഒരു ക്ലോസ്ഡ് ഏരിയ അനധികൃതമായി നിർമ്മിച്ചിട്ടുണ്ട്. ഇതും ഗോഡൗണായി ഉപയോഗിക്കുന്നതായി ബോധ്യപ്പെട്ടു.<br>5. കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ ഇടത് വശത്തായി നിർമ്മാണങ്ങളൊന്നും കാണിച്ചിട്ടില്ല. എന്നാൽ ഈ ഭാഗം മുഴുവൻ അനധികൃതമായി ട്രസ്സ് വർക്ക് ചെയ്തതായി ബോധ്യപ്പെട്ടു.<br>6. കെട്ടിടത്തിന്റെ ഇടത് വശത്ത് പ്ലാനിൽ ഒരു കിണറും പമ്പ് ഹൗസും മാത്രമാണ് കാണിച്ചിട്ടുള്ളത്. എന്നാൽ ഈ ഭാഗത്ത് ഒരു മിൽമ ബൂത്ത് പ്രവർത്തിക്കുന്നതായി കണ്ടു.<br>6.കെട്ടിടത്തിന്റെ രണ്ടാം നിലയിൽ മുഴുവൻ ഏരിയയിലും |

| | | |
|---|---|---|
| | | പഞ്ചായത്തിന്റെ അനുമതിയില്ലാതെ അനധികൃതമായി ട്രസ്സ് വർക്ക് ചെയ്യുകയും ഈ ഭാഗം ഗോഡൗണായി ഉപയോഗിക്കുകയും ചെയ്യുന്നതായി ബോധ്യപ്പെട്ടു. |
| 3 | 22/614 A,B,C,D,E,F,G,H,J,K, L,M,N,P,Q,R,S,T,U,V അബ്ദുറഹിമാൻ ഹാജി, മൊയ്തീൻ Commercial Building File:SC2/7883/23 | 1. കംപ്ലീഷൻ പ്ലാനിൽ നിന്ന് വ്യത്യസ്തമായി കെട്ടിടത്തിന്റെ താഴെ നിലയിലും ഒന്നാം നിലയിലും ലിഫ്റ്റ് ഏരിയയോട് ചേർന്ന് കിടക്കുന്ന ത്രികോണാകൃതിയിലുള്ള ഭാഗത്ത് Toilet നിർമ്മിച്ചിട്ടുണ്ട്.<br>2. കംപ്ലീഷൻ പ്ലാൻ പ്രകാരം കാണിച്ചിട്ടുള്ള 2 Toilets പണി പൂർത്തീകരിച്ചിട്ടില്ല.<br>3. കെട്ടിടത്തിന്റെ സെല്ലാർ ഏരിയയിലാണ് പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തിയത്. എന്നാൽ കെട്ടിടം നിൽക്കുന്ന സ്ഥലം വയൽ പ്രദേശമായതിനാൽ തന്നെ സെല്ലാർ മുഴുവൻ വെള്ളം കെട്ടി നിൽക്കുന്നതായി ബോധ്യപ്പെട്ടു.<br>4. കംപ്ലീഷൻ പ്ലാൻ പ്രകാരം ഉള്ള ലിഫ്റ്റ് പണി പൂർത്തീകരിച്ചിട്ടില്ല. |
| 4 | 21/210A To K മൂസക്കോയ, ജമീല Commercial Building File: SC2/830/24 | 1. കംപ്ലീഷൻ പ്ലാൻ പ്രകാരം Toilets നിർമ്മിച്ചിട്ടുണ്ടെങ്കിലും ഇതിനോട് ചേർന്ന് നിർമ്മിക്കേണ്ടിയിരുന്ന 4 Urinals നിർമ്മിച്ചിട്ടില്ല എന്ന് ബോധ്യപ്പെട്ടു.<br>2. കെട്ടിടത്തിന്റെ പാർക്കിംഗിലേക്കുള്ള വഴി തടസ്സപ്പെട്ടു കിടക്കുന്നു.<br>3. പ്ലാൻ പ്രകാരം ഡിഫ്രന്റിലി ഏബിൾഡ് കാർ പാർക്കിംഗ്, ലോഡിംഗ് അൺലോഡിംഗ് കാണിച്ച സ്ഥലത്ത് നിലവിൽ വാഹനങ്ങളുടെ വാട്ടർ സർവ്വീസിനുള്ള ഒരു സ്ഥാപനം നിലനിൽക്കുന്നു. |

കംപ്ലീഷൻ പ്ലാനിൽ നിന്നും വ്യത്യസ്തമായ രീതിയിൽ കെട്ടിടങ്ങളിൽ അനധികൃത നിർമ്മാണങ്ങളും/മാറ്റങ്ങളും കണ്ടതിനെ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (No : 16/16.10.24) മറുപടി ലഭ്യമാക്കിയിട്ടില്ല. രണ്ട് നിലകൾ വരെയുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളും, 50 ചതുരശ്രമീറ്റർ വരെയുള്ള വാണിജ്യ കെട്ടിടങ്ങളും, മതപരമായ കെട്ടിടങ്ങളും, ഗ്രൂപ്പ് ജി1, ജി2, ഐ എന്നിവയിൽ ഉൾപ്പെട്ട കെട്ടിടങ്ങളും ഒഴികെയുള്ള എല്ലാ കെട്ടിടങ്ങളും ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ നിർബന്ധമായും പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തേണ്ടതാണെന്ന് 2019ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 21(1)ൽ വ്യക്തമാക്കിയിട്ടുണ്ട്. പിന്നീട് രണ്ട് വർഷത്തിന് ശേഷം ഏപ്പോൾ വേണമെങ്കിലും പോസ്റ്റ് ഒക്യുപെൻസി നടത്താമെന്ന് മേൽ ചട്ടത്തിലെ ചട്ടം 21(2)ലും വ്യക്തമാക്കിയിട്ടുണ്ട്. ഒക്യുപ്പൻസിയും കെട്ടിട നമ്പറും വാങ്ങിയ ശേഷം കെട്ടിടത്തിൽ ചട്ട വിരുദ്ധമായ മാറ്റം വരുത്തി ഉപയോഗിക്കുന്നത് പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് കൃത്യമായ ഇടവേളകളിൽ നടത്താത്തതുകൊണ്ടാണ് എന്ന് വ്യക്തമാണ്. നമ്പർ അനുവദിച്ച ശേഷം ചട്ടത്തിന് വിരുദ്ധമായി അനധികൃത നിർമ്മാണങ്ങൾ വരുത്തിയതിന് മേൽ കെട്ടിട ഉടമകൾക്കെതിരെ തുടർനടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്. ഖണ്ഡികയിൽ നിർദ്ദേശിച്ച പ്രകാരം പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് എല്ലാ വാർഡുകളിലും കൃത്യമായ ഇടവേളകളിൽ നടത്തി അധികൃത നിർമ്മാണങ്ങൾ കണ്ടെത്തി നിയമ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-11 ഓഡിറ്റ് നിർദ്ദേശിച്ചിട്ടും കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല.

വാർഷിക കണക്ക് പ്രകാരം വിവധയിനങ്ങളിൽ ഡെപ്പോസിറ്റ് നീക്കിയിരിപ്പായി 1405253/- രൂപ അവശേഷിക്കുന്നുണ്ട്. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം | ഇനം | തുക |
|---|---|---|
| 1 | Contractors EMD | 12500 |
| 2 | Suppliers EMD | 23980 |
| 3 | Bidders EMD | 41360 |
| 4 | Bidders Security Deposit | 1000 |
| 5 | Contractors Retension | 221756 |
| 6 | Other Deposit | 931678 |
| 7 | Auction Deposit | 33085 |
| 8 | Deposits Received For Hall Of Auditorium | 1000 |
| 9 | Rent Deposit | 34894 |
| 10 | Deposits Received From Others | 29000 |
| 11 | Contracors Retension | 181075 |
| 12 | Election Deposit | 75000 |
| | ആകെ | 1405253 |

2022-23 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-25 പ്രകാരം കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടി അറിയിക്കാനാവശ്യപ്പെട്ടുവെങ്കിലും നാളിതുവരെ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (എൻക്വയറി നം. 3/2023-24 തീയതി 14 -10-24) നൽകിയ മറുപടിയിൽ 27-6-2024 തീയ്യതിയിൽ ഇലക്ഷൻ ഡെപ്പോസിറ്റ് 75000 രൂപ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടുണ്ടെന്നും ബാക്കിയുള്ള തുകകൾ അടുത്ത ഭരണ സമിതിയിൽ തീരുമാനമെടുത്ത് മുതൽ കൂട്ടുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടി അറിയിക്കേണ്ടതാണ്.

## 1-12 ഇ.പേയ്മെന്റ് കറണ്ട് അക്കൗണ്ടിൽ 1.86 കോടി രൂപ സൂക്ഷിക്കുന്നു- പലിശ ഇനത്തിൽ നഷ്ടം.

2023-24 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി പഞ്ചായത്തിലെ ബാങ്ക് അക്കൗണ്ടുകൾ പരിശോധിച്ചപ്പോൾ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഇ-പേയ്മെന്റ് സംവിധാനത്തിനായി ഉപയോഗിക്കുന്ന അക്കൗണ്ടിൽ മേൽ വർഷം നീക്കിയിരിപ്പ് 18638631/- രൂപ ഉള്ളതായി ബോധ്യപ്പെട്ടു. ഇത്രയധികം രൂപ ബാലൻസ് വരുന്ന ഈ അക്കൗണ്ട് ഒരു പലിശ രഹിത അക്കൗണ്ടായി സൂക്ഷിക്കുന്നതിന്റെയും തുക പഞ്ചായത്തിന്റെ തന്നെ മറ്റ് സേവിങ്സ് അക്കൗണ്ടുകളിലേക്ക് മാറ്റാത്തതിന്റെയും കാരണം വ്യക്തമല്ല.

2. 2023-24 വർഷത്തിൽ പഞ്ചായത്തിന്റെ തനത് ഫണ്ട് ഇനത്തിൽ 5.8 കോടി രൂപ നീക്കിയിരിപ്പുണ്ടെങ്കിലും ഇത് വരെയും ഒരു സ്ഥിരനിക്ഷേപം തുടങ്ങിയിട്ടില്ല. സ്ഥിരനിക്ഷേപമിടുന്നത് പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിക്ക് ഗുണകരമായിരിക്കുന്നതിനാൽ അതിനുള്ള നടപടികൾ

സ്വീകരിക്കാവുന്നതാണ്. സ്ഥിര നിക്ഷേപം തുടങ്ങാൻ നടപടി സ്വീകരിക്കുന്നതിന്റെ അടിസ്ഥാനം വ്യക്തമല്ല.

3. പഞ്ചായത്തിന്റെ കേരള ഗ്രാമീൺ ബാങ്കിലെ SSA അക്കൗണ്ടായ 40109100119562 (സേവിങ്സ് അക്കൗണ്ട്) ൽ കഴിഞ്ഞ രണ്ട് വർഷമായി 71510/- രൂപയാണ് ഉള്ളത്. യാതൊരു ഇടപാടും നടക്കാത്ത ഈ അക്കൗണ്ടിൽ പലിശയിനത്തിൽ ഒരു വരവും വന്നിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നറിയിച്ചു കൊണ്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം : 10/15.10.24) ലഭ്യമാക്കിയ മറുപടിയിൽ ഇ-പേയ്മെന്റ് അക്കൗണ്ടിൽ നീക്കിയിരിപ്പ് ഇനത്തിലുള്ള 18638631/- രൂപ പഞ്ചായത്തിന്റെ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റുന്നതാണെന്നും, സ്ഥിര നിക്ഷേപം ആരംഭിക്കണമെന്നത് ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നതാണെന്നും, ബാങ്കുമായി ബന്ധപ്പെട്ട് പലിശ ലഭിക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

മറുപടിയിൽ പറഞ്ഞ പ്രകാരമുള്ള കാര്യങ്ങൾ പ്രാവർത്തികമാക്കി രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-13 ലേല തുക മുഴുവൻ ഈടാക്കിയില്ല

പെരുവയൽ ഗ്രാമ പഞ്ചായത്തിലെ മാമ്പുഴ പുറംമ്പോക്കിലെ തെങ്ങ്, കവുങ്ങ് എന്നിവയിൽ നിന്നും 2023-24 വർഷത്തെ മേലനുഭവം എടുക്കുന്നതിന്, 29/04/2023 ലെ യോഗത്തിലെ 39/23(2) നമ്പർ തീരുമാനപ്രകാരം, കൂടിയ നിരക്കിൽ (150007-രൂപക്ക്)ലേലം കൊണ്ട ഉണ്ണികൃഷ്ണൻ, പടന്ന പുറത്ത് ഹൌസ്, മാങ്കാവു എന്നിവരുടെ ലേലം അംഗീകരിച്ചിട്ടുണ്ട്. ആയതു പ്രകാരം ടിയാൾ 150007/- രൂപ മൂന്ന് തുല്യ ഗഡുക്കളായി 2023 ഡിസംബർ മാസത്തിനകം അടവാക്കുന്നതാണെന്ന് 10/05/23 ൽ എഗ്രിമെന്റ് വച്ചെങ്കിലും ലേല നിക്ഷേപത്തുക 50000 (10/05/23) മാത്രമാണ് നാളിതു വരെ അടവാക്കിയിട്ടുള്ളത്. ആയതിൽ സ്വീകരിച്ച തുടർ നടപടി അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 42/2023-24,17.10.24) ബാക്കി തുകയായ 100007 രൂപ അടവാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്നും ആയത് കക്ഷി അടവാക്കാത്തത് മൂലം ടിയാളിൽ നിന്നും കണ്ടു കെട്ടുന്നതിനായി റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടികൾ ആരംഭിച്ചതായും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. റവന്യൂ റിക്കവറി നടപടികൾ പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല,വഴി സൗകര്യം എന്നിവയ്ക്കനുസരിച്ച് നികുതി നിർണ്ണയിക്കുന്നതിൽ അപാകത

പെരുവയൽ പഞ്ചായത്തിലെ കെട്ടിടങ്ങളുടെ വസ്തു നികുതി പരിശോധനയ്ക്കായി 2023-24 വർഷത്തെ ന്യൂ ബിൽഡിംഗ് രജിസ്റ്റർ, സഞ്ചയ സോഫ്റ്റ് വെയർ എന്നിവ പരിശോധിച്ചപ്പോൾ കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല, കെട്ടിടത്തിലേക്കുള്ള വഴി സൗകര്യം എന്നിവ വിവിധ കെട്ടിടങ്ങൾക്ക് വിവിധ രീതിയിൽ കണക്കാക്കുന്നതായി കണ്ടു.

ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1.

| ക്രമ നം | വാർഡ് നം | കെട്ടിട നം | കെട്ടിടം സ്ഥിതി ചെയ്യുന്ന റോഡിന്റെ തരവും പേരും | കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല |
|---|---|---|---|---|
| 1 | 17 | 270 / | 5 മീറ്ററോ അതിൽ കൂടുതൽ - | പ്രഥമം |

| | | | | |
|---|---|---|---|---|
| | | AA | വെള്ളിപറമ്പ് പുനത്തിൽ ബസാർ റോഡ് | |
| 2 | 17 | 270 / A9 | 5 മീറ്ററോ അതിൽ കൂടുതൽ - വെള്ളിപറമ്പ് പുനത്തിൽ ബസാർ റോഡ് | ദ്വിതീയം |

2.

| ക്രമ നം | വാർഡ് നം | കെട്ടിട നം | കെട്ടിടം സ്ഥിതി ചെയ്യുന്ന റോഡിന്റെ തരവും പേരും | കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല |
|---|---|---|---|---|
| 1 | 17 | 270 / A10 | 5 മീറ്ററോ അതിൽ കൂടുതൽ - വെള്ളിപറമ്പ് ആറാം മൈൽ പുനത്തിൽ ബസാർ റോഡിൽ നിന്നും ഹൈലൈറ്റ് സ്റ്റിംഗ് റോഡ് | ദ്വിതീയം |
| 2 | 17 | 270 / A11 | 5 മീറ്ററോ അതിൽ കൂടുതൽ - വെള്ളിപറമ്പ് ആറാം മൈൽ പുനത്തിൽ ബസാർ റോഡിൽ നിന്നും ഹൈലൈറ്റ് സ്റ്റിംഗ് റോഡ് | പ്രഥമം |

ഇങ്ങനെ ഒരേ മേഖലയിലുള്ളതും ഒരേ വഴി സൗകര്യമുള്ളതുമായ കെട്ടിടങ്ങൾക്ക് വ്യത്യസ്ത രീതിയിൽ നികുതി നിർണ്ണയിച്ചതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ് എന്നറിയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം :36/2023-24 , തിയ്യതി: 16.10.24)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

കെട്ടിടത്തിന് നമ്പർ അനുവദിച്ച ശേഷം അടിസ്ഥാന വസ്തുനികുതിയിൽ വിവിധ ഘടകങ്ങളെ അടിസ്ഥാനമാക്കി ഇളവുകളും വർദ്ധനവുകളും നൽകുന്നതിൽ സ്ഥാപനം കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട്. 2011 ലെ ചട്ടങ്ങൾക്ക് ശേഷം നികുതി നിർണ്ണയിച്ച പുതിയ കെട്ടിടങ്ങളുടെ നികുതിനിർണ്ണയം എല്ലാം തന്നെ പുന പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ പ്രധാന തനത് വരുമാന മാർഗമെന്ന നിലയിൽ കെട്ടിടനികുതി കണക്കാക്കുന്നതിലെ അപാകതകൾ ഒഴിവാക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൃത്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്. മേൽ പരാമർശിച്ച കെട്ടിടങ്ങളുടെ നികുതി സഞ്ചയ സോഫ്റ്റ് വെയറിൽ പുനർനിർണ്ണയിച്ച് അറിയിക്കേണ്ടതാണ്. കൂടാതെ ഇത്തരത്തിലുള്ള മറ്റ് കെട്ടിടങ്ങളുടേയും നികുതി നിർണയം പുനപരിശോധിച്ച് അപാകതകളുണ്ടെങ്കിൽ പരിഹരിക്കേണ്ടതാണ്.

**1-15 ഒരാളുടെ ഉടമസ്ഥതയിൽ ഒന്നിലധികം പാർപ്പിട കെട്ടിടങ്ങൾ കുറഞ്ഞ നികുതി നിരക്കിൽ അനുവദിക്കുന്നു**

പഞ്ചായത്തിലെ കെട്ടിടങ്ങളുടെ വസ്തു നികുതി പരിശോധിച്ചപ്പോൾ ഒരാളുടെ ഉടമസ്ഥതയിൽ തന്നെയുള്ള ഒന്നിലധികം പാർപ്പിട കെട്ടിടങ്ങൾക്ക് അവയുടെ ഉപയോഗം കണക്കിലെടുക്കാതെ തന്നെ കുറഞ്ഞ നിരക്കിൽ നികുതി ഈടാക്കി വരുന്നതായി കാണുന്നു. ഒരു വ്യക്തിക്ക് ഒന്നിൽ കൂടുതൽ ഗാർഹിക കെട്ടിടങ്ങൾ കുറഞ്ഞ നികുതി നിരക്കിൽ താമസാവശ്യത്തിനായി അനുവദിക്കുകയും.

അപ്രകാരമുള്ള കെട്ടിടങ്ങൾക്ക് ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് നം | കെട്ടിട നം | കെട്ടിട ഉടമയുടെ പേര് | ആകെ വിസ്തീ: (ച.മീറ്ററിൽ) | ഈടാക്കിയ നികുതി നിരക്ക് |
|---|---|---|---|---|---|
| 1 | 19 | 119 D | Al Ameen K C | 72.89 | 6 |
| | | 119 E | | 65.61 | |

| | | | | | |
|---|---|---|---|---|---|
| | | 119 F | | 65.61 | |
| | | 119 G | | 72.89 | |
| 2 | 21 | 612 A | Safa Mariyam | 57.42 | 3 |
| | | 612 B | | 57.42 | |
| | | 612 C | Fathima Thasni | 67.86 | |
| | | 612 D | | 67.86 | |
| 3 | 18 | 564 A | Abbas | 38.8 | 3 |
| | | 564 B | | 38.8 | |
| | | 564 C | | 38.8 | |

മേൽ കെട്ടിടങ്ങൾ വാടകയ്ക്ക് നൽകാനുള്ളതാകയാൽ ആയതിനെ വാണിജ്യാവശ്യത്തിനുള്ളതായി കണക്കാക്കാവുന്നതും ആയതിനാൽ ഒരാളുടെ പേരിലുള്ള ഒന്നിൽ കൂടുതൽ പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളെ " ലോഡ്ജ്, ഹോട്ടൽ " എന്ന് കണക്കാക്കി നികുതി നിരക്ക് (40/- രൂപ) ഏർപ്പെടുത്താവുന്നതുമാണ്.

സഞ്ചയയിൽ അസ്സെസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ചപ്പോൾ മുൻ വർഷങ്ങളിലും ഇതുപോലെ ഒരു വ്യക്തിക്ക് തന്നെ ഒന്നിലധികം പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് കുറഞ്ഞ നികുതി നിരക്ക് അനുവദിച്ചിട്ടുണ്ട് എന്ന് ബോധ്യപ്പെട്ടു. മേൽ അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് എന്നറിയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം :46/2023-24 , തിയ്യതി: 17.10.24)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് കാലയളവിലും അതിന് മുമ്പും പഞ്ചായത്തിൽ നിന്ന് ഇത്തരത്തിൽ കുറഞ്ഞ നിരക്കിൽ നികുതി ഏർപ്പെടുത്തി വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്ന ഒന്നിലധികം പാർപ്പിട കെട്ടിടങ്ങൾ ഒരു വ്യക്തിയുടെ പേരിൽ അനുവദിച്ചത് മേൽ പറഞ്ഞ പ്രകാരം പുനർ നിർണ്ണയിക്കാവുന്നതാണ്.

## 1-16 എം.സി.എഫ് കത്തി നശിച്ചത് - തുടർനടപടി വിവരം ലഭ്യമല്ല

ഗ്രാമ പഞ്ചായത്ത് 40 ലക്ഷം രൂപ ചെലവഴിച്ച് വെള്ളിപറമ്പ് ദേശത്ത് നിർമ്മിച്ചിട്ടുള്ള എം.സി.എഫ് കെട്ടിടം 13.10.23 ന് കത്തി നശിച്ചു. ഓഡിറ്റ് വർഷത്തിലും 2 പദ്ധതികളിലായി 922838/- രൂപ എം.സി.എഫ് പ്രവൃത്തികൾക്കായി ചെലവഴിച്ചിട്ടുണ്ട് (204/24 എം.സി.എഫ് ഷീറ്റിടൽ അനുബന്ധ സൗകര്യങ്ങൾ- 746363, 244/24 എം.സി.എഫ് ഇലക്ട്രിഫിക്കേഷൻ-176475 ) . ആയതിന് ശേഷം എം.സി.എഫ് കെട്ടിടം പുനർ നിർമ്മിക്കുന്നതിനായി 5000000/- രൂപ വകയിരുത്തി പദ്ധതി തയ്യാറാക്കി കെട്ടിട നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട് (330/24). കെട്ടിടം മനപൂർവ്വം ആരോ കത്തിച്ചുവെന്ന നിഗമനത്തിൽ 13.10.13 ന് HI-7544/23 നമ്പർ കത്ത് പ്രകാരം ഗ്രാമ പഞ്ചായത്ത് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, കോഴിക്കോട് ജില്ലാ കളക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ, ശുചിത്വ മിഷൻ ജില്ലാ കോഡിനേറ്റർ, ഹരിത കേരള മിഷൻ ജില്ലാ കോഡിനേറ്റർ, മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷൻ എന്നിവരെ വിവരമറിയിക്കുകയും തുടർനടപടികൾ സ്വീകരിക്കുന്നതിനായി കത്തയക്കുകയും ചെയ്തിട്ടുണ്ട്. ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച തുടർ നടപടി വിശദാംശങ്ങൾ അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്( 23/ *23-24 തിയ്യതി 16-10-*24 ) മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-17 വിനോദ നികുതി അപാകതകൾ

2023-24 വിനോദ നികുതി രജിസ്റ്റർ, ഡെയ്‌ലി കളക്ഷൻ റിപ്പോർട്ട് എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) വെള്ളിപറമ്പ് ഇ-മാക്സ് തീയേറ്ററിന്റെ 2024 മാർച്ച് മാസത്തെ കളക്ഷൻ റിപ്പോർട്ടിൽ 30.03.24, 31.03.24 എന്നീ തീയതികളിലെ കളക്ഷൻ രേഖപ്പെടുത്തിയതായോ മേൽ ദിവസങ്ങളിലെ വിനോദ നികുതി അടവാക്കിയതായോ കാണുന്നില്ല.

2)കൃത്യമായ ഇടവേളകളിൽ തിയേറ്റർ സന്ദർശിച്ച് പരിശോധന നടത്തിയതിന്റെ റിപ്പോർട്ട്

പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

3)സിനിമ ടിക്കറ്റ് വിൽപന ഐ.കെ.എം വികസിപ്പിച്ച ഇ-ടിക്കറ്റിംഗ് സോഫ്റ്റ്‌വെയർ മുഖേനയാണോ എന്നും/സർക്കാർ സോഫ്റ്റ്‌വെയറുമായി സംയോജിപ്പിച്ചാണോ വിൽപ്പന നടത്തുന്നത് എന്ന് പഞ്ചായത്തിന് വ്യക്തതയില്ല.

മുകളിൽ വിവരിച്ച പരാമർശങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.45/2023-24, 17/10/24) 2024 മാർച്ച് 30, 31 തീയതികളിലെ കളക്ഷൻ തുകയായ 39555/- രൂപ അടവാക്കിയിട്ടുണ്ടെന്നും കൃത്യമായ ഇടവേളകളിൽ തിയേറ്റർ പരിശോധന നടത്തി റിപ്പോർട്ട് സൂക്ഷിക്കുന്നതാണെന്നും ഗവ. അംഗീകൃത സൈറ്റായ Www.bookmyshow.com വഴിയാണ് ടിക്കറ്റ് വിൽപന നടത്തുന്നത് എന്നും മറുപടി നൽകിയിട്ടുണ്ട്. 2024 മാർച്ച് 30, 31 തീയതികളിലെ നികുതി അടവാക്കിയതിന്റെ രേഖകൾ (കലക്ഷൻ റിപ്പോർട്ട് സഹിതം) ലഭ്യമാക്കേണ്ടതാണ്. 04.01.2020 തീയതിയിലെ (സാധാ)നം.101/2020/എൽ.എസ്.ജി.ഡി. ഉത്തരവ് പ്രകാരം തിയേറ്ററുകളിൽ ഇ-ടിക്കറ്റിംഗ് നടപ്പിലാക്കുന്നതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

എ)സിനിമാ ടിക്കറ്റ് നൽകേണ്ടത് ഐ.കെ.എം വികസിപ്പിച്ച ഇ-ടിക്കറ്റിംഗ് സോഫ്റ്റ്‌വെയർ ഉപയോഗിച്ച് കൊണ്ടായിരിക്കണം.

ബി) മറ്റ് ഓൺലൈൻ സോഫ്റ്റ്‌വെയറുകളും മൊബൈൽ ആപ്ലിക്കേഷനുകളും ഉപയോഗിക്കുന്ന തിയേറ്ററുകൾ സർക്കാറിന്റെ പ്രസ്തുത സോഫ്റ്റ്‌വെയർ ഉപയോഗിച്ച് കൊണ്ട് മാത്രമേ ടിക്കറ്റ് വിൽപന നടത്താൻ പാടുള്ളൂ. സ്വകാര്യ സോഫ്റ്റ്‌വെയർ ഏജൻസികളും തിയേറ്ററുകളും ഐ.കെ.എം വികസിപ്പിച്ച സോഫ്റ്റ്‌വെയറുമായി സംയോജിപ്പിച്ച് ഓൺലൈൻ റിസർവേഷൻ നടത്താവുന്നതാണ്.

Www.bookmyshow.com എന്ന വെബ്സൈറ്റ് ബിഗ് ട്രീ എന്റർടൈൻമെന്റ് എന്ന കമ്പനിക്ക് കീഴിലുള്ളതാണ്. ആയതിലൂടെ വിൽക്കപ്പെടുന്ന ടിക്കറ്റുകളുടെ എണ്ണം സംബന്ധിച്ച് കണക്കുകളുടെ കൃത്യത പരിശോധിക്കാൻ സാധ്യമല്ല. ആയത് സർക്കാറിന്റെ ശ്രദ്ധയിൽപ്പെടുത്തി നികുതി ചോർച്ച തടയുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

**1-18 പഴയ നിരക്കിൽ അസ്സസ്സ് ചെയ്ത കെട്ടിടങ്ങൾ 2023-24 വർഷം റീഅസ്സസ്സ് ചെയ്ത് നികുതി നിരക്കുകൾ പുതുക്കിയില്ല**

സ.ഉ.(അച്ചടി) നം.25/2023/LSGD തിയ്യതി 05.04.2023 ഉത്തരവ് പ്രകാരം 01.04.2023 മുതൽ പ്രാബല്യത്തിൽ വരുത്തേണ്ട പുതിയ വസ്തു നികുതി നിരക്കുകൾ പെരുവയൽ ഗ്രാമപഞ്ചായത്തിൽ പൂർണ്ണമായി നടപ്പിലാക്കിയിട്ടില്ല എന്ന് സഞ്ചയ പരിശോധിച്ചതിൽ നിന്ന് വ്യക്തമായി. വസ്തു നികുതി പുനർ നിർണ്ണയത്തിന്റെ നിലവിലെ സ്ഥിതി വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം 04/14.10.24) സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ 2023-24 സാമ്പത്തിക വർഷത്തിൽ പെരുവയൽ ഗ്രാമപഞ്ചായത്തിൽ 616 പുതിയ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിച്ചിട്ടുണ്ട് എന്നും ഈ കെട്ടിടങ്ങൾക്കെല്ലാം പുതിയ നിരക്ക് പ്രകാരം നികുതി ഏർപ്പെടുത്തിയിട്ടുണ്ട് എന്നും പറയുന്നു. എന്നാൽ സഞ്ചയ സോഫ്റ്റ് വെയറിൽ ന്യൂ ബിൽഡിംഗ് രജിസ്റ്റർ പരിശോധിച്ചപ്പോൾ 2023-24 വർഷത്തിൽ അസ്സസ്സ് ചെയ്ത കെട്ടിടങ്ങളിൽ പലതിനും ഇപ്പോഴും പഴയ നിരക്കിൽ തന്നെയാണ് നികുതി ഈടാക്കുന്നത് എന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം: | വാർഡ് | കെട്ടിട നമ്പർ | അസ്സെസ്സ്മെന്റ് ചെയ്ത തിയ്യതി | നിലവിൽ ഈടാക്കിയ നികുതി നിരക്ക് | ഈടാക്കേണ്ട നികുതി നിരക്ക് |
|---|---|---|---|---|---|
| 1 | 18/വെള്ളിപറമ്പ് | 290/B | 19.05.2023 | 3 | 6 |
| 2 | 18/വെള്ളിപറമ്പ് | 418/A | 17.06.2023 | 3 | 6 |
| 3 | 18/വെള്ളിപറമ്പ് | 22/D | 30.05.2023 | 3 | 6 |

| | | | | | |
|---|---|---|---|---|---|
| 4 | 13/പൂവ്വാട്ടുപറമ്പ് വെസ്റ്റ് | 317/A | 16.10.23 | 3 | 6 |
| 5 | 13/പൂവ്വാട്ടുപറമ്പ് വെസ്റ്റ് | 416/A | 05.09.2023 | 3 | 6 |
| 6 | 13/പൂവ്വാട്ടുപറമ്പ് വെസ്റ്റ് | 328/A | 24.07.2023 | 3 | 6 |

2023 -24 സാമ്പത്തിക വർഷത്തിൽ പുതിയ കെട്ടിട നമ്പർ അനുവദിച്ച് പഴയ നിരക്കിൽ നികുതി ഈടാക്കുന്ന കെട്ടിടങ്ങൾക്കെല്ലാം പുതിയ നിരക്ക് സഞ്ചയയിൽ ഡിമാന്റ് ചെയ്യാൻ സൗകര്യമൊരുക്കിയിട്ടുണ്ട് എന്ന് അറിയിച്ചു കൊണ്ട് മാറ്റം വരുത്തേണ്ട കെട്ടിടങ്ങളുടെ ലിസ്റ്റ് സഹിതം ഐ.കെ.എം വെബ്സൈറ്റ് മുഖേന പഞ്ചായത്തിന് അറിയിപ്പ് നൽകിയിട്ടും ഡിമാന്റിൽ മാറ്റങ്ങൾ വരുത്തിയിട്ടില്ല. നികുതി ഇനത്തിൽ വാർഷിക വരുമാനത്തിൽ കുറവ് വന്നത് പഞ്ചായത്തിലെ അധികൃതരുടെ ഭാഗത്തു നിന്നുള്ള കാലതാമസം കൊണ്ടാണ് .ഈ പ്രശ്നം എത്രയും പെട്ടെന്ന് പരിഹരിച്ച് മുഴുവൻ കെട്ടിടങ്ങൾക്കും പുതുക്കിയ നിരക്ക് ഏർപ്പെടുത്തി നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. 2023-24 വർഷത്തിൽ പഴയ നിരക്കിൽ അസ്സസ്സ് ചെയ്ത കെട്ടിടങ്ങളുടെ നികുതി പരിഷ്കരിക്കുമ്പോഴുണ്ടാകുന്ന കുടിശ്ശിക അടവാക്കുന്നുണ്ടെന്നും ഉറപ്പുവരുത്തേണ്ടതാണ്.

ഓഡിറ്റ് എൻക്വയറികൾ വിശദമായും കൃത്യമായും പരിശോധിക്കാതെ ഇത്തരത്തിൽ തെറ്റിദ്ധരിപ്പിക്കുന്ന മറുപടി നൽകുന്നത് തെറ്റായ പ്രവണതയാണ്. ആയത് ഒഴിവാക്കേണ്ടതാണ്.

**1-19 സ്റ്റാർക്ക് മെറ്റൽ -അനധികൃത പ്ളാസ്റ്റിക് തീപിടുത്തം തുടർനടപടി സ്വീകരിച്ചില്ല**

ഫയൽ നം - H1 – 2376/23

രശീതി പരിശോധനയുടെ ഭാഗമായി 25000/- രൂപ പിഴ ചുമത്തിയത് ശ്രദ്ധയിൽപ്പെട്ടതുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചു. ഫയൽ പ്രകാരം പെരുവയൽ ഗ്രാമ പഞ്ചായത്തിലെ 13ാം വാർഡിലെ കുറ്റിക്കാട്ടൂർ എന്ന സ്ഥലത്ത് പ്രവർത്തിക്കുന്ന 'സ്റ്റാർക്ക് മെറ്റൽ' എന്ന സ്ഥാപനത്തിൽ അനധികൃതമായി കൂട്ടിയിട്ട പ്ളാസ്റ്റിക്കിന് 13-05-2024ന് തീ പിടുത്തം ഉണ്ടായതിനെ തുടർന്ന് ഗ്രാമ പഞ്ചായത്ത് 14-5-24, 21-06-24 എന്നീ തീയ്യതികളിൽ സ്ഥാപനത്തിന് നോട്ടീസ് നൽകുകയും മാലിന്യ സംസ്കരണം ശരിയായ രീതിയിൽ നടപ്പിലാക്കാത്തതിന് 25000 രൂപ പിഴ ചുമത്തുകയും ചെയ്തിട്ടുണ്ട്. ഇതിനെ തുടർന്ന് 22-06-2024ലെ 1240101558 നമ്പർ രശീതി പ്രകാരം സ്ഥാപനം 25000 രൂപ പിഴയിനത്തിൽ പഞ്ചായത്തിലടവാക്കിയിട്ടുണ്ട്.

ഫയൽ പരിശോധിച്ചതിൽ നിന്നും താഴെ കൊടുത്തിരിക്കുന്ന വസ്തുതകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

1. കേരള സൂക്ഷ്മ ഇടത്തര ചെറുകിട സംരംഭങ്ങൾ സുഗമമാക്കൽ ആക്ട് 2019'എന്ന നിയമത്തിലെ വ്യവസ്ഥ പ്രകാരം സ്വയം സാക്ഷ്യപത്രത്തോടെ 12-12-2023 മുതൽ 11-12-2026 വരെ മേൽ സംരംഭം വ്യവസായ വകുപ്പിൽ നിന്നും അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. അബീർ പാലക്കണ്ടി, Near Tile Work, കല്ലായ്,കോഴിക്കോട് എന്ന അഡ്രസ്സിലാണ് സ്വയം സാക്ഷ്യപത്രമെടുത്തിരിക്കുന്നത് . സാക്ഷ്യപത്രത്തിൽ പ്ളാസ്റ്റിക് ബോട്ടിൽസ് എന്നാണ് നിർമ്മാണ വസ്തുവായി കാണിച്ചിരിക്കുന്നത് . സംരംഭത്തിന്റെ മുടക്കമുതലായി കാണിച്ചിരിക്കുന്നത് 10 ലക്ഷം രൂപയാണ് . പത്തു കോടി രൂപ വരെ മുതൽമുടക്കുള്ള സംരംഭം തുടങ്ങാൻ മൂന്നുവർഷത്തേക്ക് ഒരനുമതിയും വേണ്ട എന്നതാണ് 'കേരള സൂക്ഷ്മ ഇടത്തര ചെറുകിട സംരംഭങ്ങൾ സുഗമമാക്കൽ ആക്ട് 2019' എന്ന നിയമത്തിലെ വ്യവസ്ഥ. ഇതു പ്രകാരം ആദ്യ മൂന്നു വർഷത്തേക്ക് വിവിധ നിയമങ്ങൾക്ക് കീഴിലുള്ള ലൈസൻസുകൾ, അനുമതികൾ, പെർമിറ്റ് എന്നിവയിൽ നിന്ന് ഒഴിവാകുന്നു. സ്വയം സാക്ഷ്യപത്രത്തേയാണ് മൂന്ന വർഷത്തേയ്ക്ക് ആധാരമാക്കുക. അതിന്റെ ഭാഗമായാണ് അനുമതി ലഭിക്കുക. ഇക്കാലയളവിൽ യാതൊരുവിധ പരിശോധനകളും ഉണ്ടാവില്ല. ഇതിനുശേഷം ആറുമാസത്തിനുള്ളിൽ ലൈസൻസ് നേടണം. ചട്ടലംഘനത്തിനും വസ്തുതാവിരുദ്ധമായ വിവരങ്ങൾ നൽകുന്നതിനും പിഴ ഈടാക്കും. സംരംഭം തെറ്റായ വിവരങ്ങളാണ് നൽകിയതെന്ന് തെളിഞ്ഞാൽ നിയമത്തിലെ വ്യവസ്ഥ പ്രകാരം സ്വയം സാക്ഷ്യപത്രം ക്യാൻസൽ ചെയ്യാനുള്ള

അധികാരം നിയമപ്രകാരമുള്ള നോഡൽ ഏജൻസിക്കുണ്ട് .

2. 2-9-2023 ലെ KSPCB KZ/CO/10030951/2023 നമ്പറായി കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നും സ്ഥാപനം 31-5-2028 വരെയുള്ള അനുമതി പത്രം വാങ്ങിയിട്ടുണ്ട് . ശ്രീ. മുഹമ്മദ് ആദിൽ.പി.കെ , പാലക്കണ്ടി ഹൗസ്, വി.കെ.കെ.മേനോൻ റോഡ് ,കല്ലായ് എന്ന വ്യക്തിയുടെ പേരിലാണ് അനുമതി പത്രം ലഭ്യമാക്കിയിരിക്കുന്നത് . പ്രവർത്തനം ബെയിൽഡ് പ്ളാസ്റ്റിക്ക് - 500 Kilogram Dayഎന്നും 10 Hp ബെയ് ലിംഗ് മെഷീൻ എന്നിവ ഉൾപ്പെടെയാണ് സ്ഥാപിക്കുന്നതിന് അനുമതി വാങ്ങിയിരിക്കുന്നത് . പ്രസ്തുത അനുമതി പത്രത്തിൽ പി.സി. ബി ഉൾപ്പെടുത്തിയ വ്യവസ്ഥകളിൽ ഏതാനും ചിലത് താഴെ കൊടുക്കുന്നു.

A) ബോർഡിന്റെ നിയമങ്ങൾ ലംഘിച്ചതായി ശ്രദ്ധയിൽപ്പെട്ടാൽ അനുമതി പത്രം ക്യാൻസൽ ചെയ്യുന്നതായിരിക്കും .

B) നാഷണൽ ആംബിയന്റ് എയർ ക്വാളിറ്റി സ്റ്റാന്റേർഡ്സ് പ്രകാരമുള്ള പരിധിക്കപ്പുറത്തേക്ക് വായു മലിനീകരണമുണ്ടാകരുത് .

C) പൊടിയും ശബ്ദവുമുണ്ടാക്കുന്ന എല്ലാ പ്രവർത്തനവും മതിയായി അടച്ച പരിസരത്തു മാത്രമേ പാടുള്ളൂ.

D) വായു,വെള്ളം,ഭൂമി എന്നിവ PCBയുടെ നിർദ്ദേശ പ്രകാരവും,കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവു പ്രകാരവും മലിനമാക്കാതിരിക്കാനുള്ള നിർദ്ദേശങ്ങൾ സംരംഭം പാലിക്കണം.

E) 2016 ലെ പ്ളാസ്റ്റിക് വെയിസ്റ്റ് മാനേജമെന്റ് റൂളിനനുസരിച്ച് സ്ഥാപനം പ്രവർത്തിക്കണം.

UDYAM – KL-08-0052344നമ്പരായി MSME രജിസ്ട്രേഷനും 30-1-2024 തീയ്യതിയായി സ്ഥാപനം നേടിയിട്ടുണ്ട് .

12-7-2021ലെ 594/2021-22/HI/5061 നമ്പരായുള്ള പെരുവയൽ പഞ്ചായത്ത് FTE&OS ലൈസൻസ് പ്രകാരം മേൽ സ്ഥാപനത്തിന് 12-7-2021 മുതൽ 31-3-2022 വരെ പ്ളാസ്റ്റിക് & സ്ക്രാപ്പ് സംരംഭം നടത്തുന്നതിനുള്ള ലൈസൻസ് ശ്രീ റിജാസ് ബാബു എന്ന സംരംഭകൻ എടുത്തതായി കാണുന്നു. തുടർന്ന് സ്ഥാപനം നിലവിലുള്ള ഉടമയ്ക്ക് വിറ്റതായാണ് നിലവിലെ സ്ഥാപനത്തിന്റെ മാനേജർ സ്ഥലപരിശോധനാ സമയത്ത് അറിയിച്ചത് .

തീ പിടുത്തത്തിന്റെ വ്യാപ്തി അറിയുന്നതിനായി 13ാം വാർഡ് മെമ്പറോട് അന്വേഷിച്ചപ്പോൾ രണ്ട് ദിവസത്തോളം ഏകദേശം മുപ്പതിലധികം തവണ ഫയർ സർവ്വീസ് വാഹനങ്ങൾ നിരന്തരം വന്നു പോയാണ് തീ മുഴുവനായും അണച്ചതെന്ന് വ്യക്തമാക്കിയിട്ടുണ്ട് . ഇതിൽ നിന്നും തീ പിടുത്തത്തിന്റെയും കൂട്ടിയിട്ട പ്ളാസ്റ്റിക് മാലിന്യത്തിന്റെയും വ്യാപ്തി വളരെ വലുതാണെന്ന് മനസ്സിലാക്കുന്നു. ഫയലിൽ പരിസരവാസികളായ സുനന്ദകുമാർ മുതൽ 103 ഓളം പേർ ഒപ്പിട്ട 4-6-2024 ന് സെക്രട്ടറിക്ക് നൽകിയ ഒരു അപേക്ഷയുണ്ട്. പ്രസ്തുത അപേക്ഷയിൽ മേൽ സ്ഥാപനത്തിലെ പ്ളാസ്റ്റിക് വെയിസ്ററ് കത്തിയത് കാരണം വഴി നടക്കാൻ ബുദ്ധിമുട്ടാണെന്നും ഇതിന്റെ മണം കാരണം ഗർഭിണികൾക്കും കുട്ടികളും ധാരാളം ബുദ്ധിമുട്ട് അനുഭവപ്പെടുന്നതിനാൽ വെയിസ്ററ് നീക്കം ചെയ്യാനും അപേക്ഷയിൽ പറയുന്നു. 14-05-24, 21-6-24 തീയ്യതികളിൽ വെയിസ്ററ് നീക്കം ചെയ്യുന്നതിനായി സ്ഥാപനത്തിന് നോട്ടീസ് നൽകിയിട്ടുണ്ട് . 15-10-2024ന് ഓഡിറ്റിന്റെ ഭാഗമായി പ്രസ്തുത സ്ഥാപനം സന്ദർശിച്ചു. സ്ഥാപനം നിലവിൽ പ്രവർത്തിക്കുന്നില്ലെങ്കിലും അജൈവപാഴ്വസ്തുക്കൾ കത്തിയ നിലയിൽ കൂട്ടിയിട്ടിരിക്കുന്നതായി കണ്ടു. ജെ.സി.ബി നിലവിലും കത്തിയ മാലിന്യം നീക്കം ചെയ്യുന്നതായി കണ്ടു. കൂടാതെ ഇതുമായി ബന്ധപ്പെട്ട കെട്ടിടം തീ പിടുത്തം കാരണം തകർന്ന നിലയിൽ ഉപയോഗ ശൂന്യമായ വിധം കാണപ്പെട്ടു. ഒരു 10 Hp ബെയ് ലിംഗ് മെഷീൻ അവശിഷ്ടങ്ങൾക്ക് സമീപത്തായി നശിക്കാതെ കണ്ടു. സ്ഥാപനത്തിന്റെ മാനേജർ സ്ഥലത്തുണ്ടായിരുന്നു. തീ പിടുത്തമുണ്ടായപ്പോൾ സമീപ വീട്ടിലെ ആളുകളെ ഒരാഴ്ചയോളം മാറ്റി പാർപ്പിച്ചതായി മാനേജർ അറിയിച്ചു.

വ്യവസായ വകുപ്പിൽ നിന്നും കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നും ലഭിച്ച അനുമതികളിൽ പറഞ്ഞ നിബന്ധനകൾ മുഴുവൻ ലംഘിച്ച് പരിസരത്തിന് ഹാനികരമായ രീതിയിൽ

പ്ളാസ്റ്റിക് വെയിസ്റ്റ് സംഭരിച്ചതും കൈകാര്യം ചെയ്തതും കൊണ്ടാണ് മേൽ സ്ഥാപനത്തിൽ തീ പിടുത്തമുണ്ടായതും സമീപവാസികൾക്ക് ഇത്രയും ബുദ്ധിമുട്ടുണ്ടായതുമെന്ന് വിലയിരുത്തുന്നു. സ്ഥാപനം ഭാവിയിലും മേൽ അനുമതിയും ലൈസൻസും ഉപയോഗിച്ച് വീണ്ടും ഇതേ രീതിയിൽ അനധികൃത പ്ളാസ്റ്റിക് സംഭരണം ആരംഭിക്കാൻ സാധ്യതയുണ്ട്. എങ്കിലും പഞ്ചായത്ത് പ്രസ്തുത ലംഘനം വ്യവസായ വകുപ്പിനെയോ കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡിനേയോ അറിയിച്ച് ലൈസൻസ് റദ്ദുചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ടു കൊണ്ട് നൽകിയ എൻക്വയറിക്ക്(28/16-10-24) 18-10-2024 ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഇതുപ്രകാരം സംരംഭത്തിന്റെ ലൈസൻസ് റദ്ദുചെയ്യുന്നതിന് വ്യവസായ വികസന വകുപ്പിനും കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡിനും 18-10-2-24 ലെ H1-2376/23 നമ്പരായി കത്ത് നൽകിയതായി പ്രസ്തുത കത്തിന്റെ കോപ്പി സഹിതം അറിയിച്ചിട്ടുണ്ട് . വിവിധ വാർഡുകളിലായി ഇപ്രകാരം പഞ്ചായത്ത് പരിധിയിൽ സ്വയം സാക്ഷ്യപത്രത്തോടെ പ്രവർത്തിക്കുന്ന ധാരാളം സ്ഥാപനങ്ങൾ ഉള്ളതായി ഹെൽത്ത് ഇൻസ്പെക്ടർ അറിയിച്ചിട്ടുണ്ട്. സ്വയം സാക്ഷ്യപത്ര പ്രകാരം ആദ്യ 3 വർഷത്തേക്ക് സംരഭത്തിന് വിവധ നിയമത്തിൻ കീഴിലുള്ള ലൈസൻസുകൾ അനുമതികൾ എന്നിവ ലഭ്യമാക്കാതെ പ്രവർത്തിക്കാം. എന്നാൽ ഇതിന് മുന്നോടിയായി വ്യവസായ വകുപ്പിൽ നിന്നും PCB യിൽ നിന്നും ലഭ്യമാക്കിയ അനുമതിയിൽ പറഞ്ഞ നിബന്ധനകൾ പാലിക്കാൻ സംരഭത്തിന് ഉത്തരവാദിത്തമുണ്ട്. ആയതിനാൽ പഞ്ചായത്തിന്റെ ചുമതലയിൽപ്പെടുന്ന വിഷയങ്ങളിൽ ഇത്തരം സ്ഥാപനങ്ങൾ വിഴ്ച വരുത്തുമ്പോൾ സമയാസമയങ്ങളിൽ ഇക്കാര്യങ്ങൾ സർക്കാരിന്റെ ചുമതലയിൽപ്പെടുത്താൻ ഗ്രാമപഞ്ചായത്തിന് ഉത്തരവാദിത്തമുണ്ട്. ഇപ്രകാരം രജിസ്ട്രേഷൻ നേടി പ്രവർത്തിക്കുന്ന സംരംഭങ്ങളുടെ വിവരം യഥാസമയം സംരംഭം സ്ഥിതിചെയ്യുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തെ കൂടി അറിയിക്കുന്നതിന് സർക്കാരിലേക്ക് ശുപാർശ ചെയ്യുന്നതിന് വിഷയം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## 1-20 ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

| ക്രമനം. | ഫയൽ നം. | സ്ഥാപനത്തിന്റെ പേര് | വാർഡ് നം. | റിമാർക്സ് |
|---|---|---|---|---|
| 1 | JC-49614/23 | ARS ഹോളോബ്രിക്സ്(പ്ലാസ്റ്റിക് മാലിന്യ സംസ്കരണ പ്ലാന്റ് ) | 10, പള്ളിത്താഴം എൽ പി സ്കൂളിന് സമീപം | സ്ഥല പരിശോധനയിൽ പ്ലാസ്റ്റിക് മാലിന്യ സംസ്കരണ പ്ലാന്റിൽ പ്ലാസ്റ്റിക് ബെയ്‌ലിംഗ് നടക്കുന്നതായും പരിസരങ്ങളിൽ പ്ലാസ്റ്റിക് കൂട്ടിയിട്ടതായും കണ്ടു. |
| 2 | JC-4424/2024 | സേഫ്മാക്സ് ഫയർ പ്രൊട്ടക്ഷൻ | 19, അഞ്ചാം മൈൽ, വെള്ളിപറമ്പ് | |

മേൽ ഫയൽ പരിശോധിച്ചതിൽ, ആരിഫ് കെ.പി പന്നിയങ്ങര, വിഷ്ണുരാജ് വി.ആർ, ചെത്തുകടവ് എന്നിവരുടെ വിവരാവകാശ അപേക്ഷയിന്മേൽ സ്ഥാപനങ്ങൾ ലൈസൻസില്ലാതെയാണ് പ്രവർത്തിക്കുന്നതെന്ന് പഞ്ചായത്ത് മറുപടി (JC-4/9614/2023 Dated 10.01.24, 400994/GGRI12/General /2024/424/(2) Dated 16.02.24) നൽകിയിട്ടുണ്ട്. കൂടാതെ 15.10.24 ന് നടത്തിയ സ്ഥല പരിശോധനയിൽ പരിയങ്ങാട് ഈസി മാർട്ട് എന്ന സ്ഥാപനത്തിൽ മിൽമ ബൂത്ത് പ്രവർത്തിക്കുന്നതായി കണ്ടു. ആയതിന്റെ ലൈസൻസ് പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ പഞ്ചായത്ത് സ്വീകരിച്ച നടപടി ക്രമങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(ഓഡിറ്റ് എൻക്വയറി- 15/2023-24, 16/10/24), ക്രമ നം. 1 സ്ഥാപനം കേരള സൂക്ഷ്മ ഇടത്തര ചെറുകിട സംരംഭങ്ങൾ സുഗമമാക്കൽ ആക്ട് 2019 പ്രകാരം വ്യവസായ വകുപ്പിൽ നിന്നും

18/04/2024 ന് അംഗീകാരം ലഭ്യമാക്കിയിട്ടുണ്ടെന്നും സാക്ഷ്യപത്രത്തിൽ മുടക്കുമുതൽ ആയി കാണിച്ചിട്ടുള്ളത് 5 ലക്ഷം രൂപയായതിനാൽ 3 വർഷം വരെ പഞ്ചായത്തിൽ നിന്നും അനുമതി വേണ്ട എന്നതിനാലുമാണ് ലൈസൻസ്, അനുമതികൾ, പെർമിറ്റ് എന്നിവയിൽ നിന്നും ഒഴിവാക്കിയതെന്നും, 19ാം വാർഡിൽ പ്രവർത്തിക്കുന്ന സേഫ്മാക്സ് ഫയർ പ്രൊട്ടക്ഷൻ എന്ന സ്ഥാപനത്തിന് 2023-24 വർഷത്തിൽ 26/05/23 തീയതിയിൽ 667/2023-24/HI/4053/23 പ്രകാരം ലൈസൻസ് അനുവദിച്ചിട്ടുണ്ടെന്നും കൂടാതെ പരിയങ്ങാട് ഈസി മാർട്ട് എന്ന സ്ഥാപനത്തിൽ അനധികൃതമായി പ്രവർത്തിക്കുന്ന മിൽമ ബൂത്ത് നിർത്തി വെക്കുന്നതിനായി ഉടമക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്ലാസ്റ്റിക് മാലിന്യ സംസ്കരണ പ്ലാന്റിന്റെ തുടർ പ്രവർത്തനം നിരീക്ഷിക്കേണ്ടതും ലൈസൻസ് കാലാവധി തീരുന്ന മുറക്ക് നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്. കൂടാതെ ഈസി മാർട്ട് എന്ന സ്ഥാപനത്തിൽ അനധികൃതമായി പ്രവർത്തിക്കുന്ന മിൽമ ബൂത്തിന്റെ തുടർ നടപടി വിവരവും ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. ഇത്തരത്തിൽ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ കണ്ടെത്തി നോട്ടീസ് നൽകി ഗ്രാമ പഞ്ചായത്ത് അധികൃതമാക്കേണ്ടതും ഈയിനത്തിൽ പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

19ാം വാർഡിൽ പ്രവർത്തിക്കുന്ന സേഫ്മാക്സ് ഫയർ പ്രൊട്ടക്ഷൻ എന്ന സ്ഥാപനത്തിന് 2023-24 വർഷത്തിൽ 26/05/23 തീയതിയിൽ 667/2023-24/HI/4053/23 നം.പ്രകാരം ലൈസൻസ് അനുവദിച്ചിട്ടും ശ്രീ വിഷ്ണുരാജ് വി.ആർ, ചെത്തുകടവ് എന്നിവരുടെ 20/01/24 ലെ വിവരാവകാശ അപേക്ഷയിന്മേൽ, ടി സ്ഥാപനത്തിന് ഗ്രാമ പഞ്ചായത്തിൽ നിന്നും ലൈസൻസ് നൽകിയിട്ടില്ലെന്നും പ്രസ്തുത സ്ഥാപനവുമായി ബന്ധപ്പെട്ട വിവരം ഓഫീസിൽ ലഭ്യമല്ല എന്നും തെറ്റായി മറുപടി നൽകിയത് വിവരാവകാശ നിയമം പ്രകാരം വളരെ ഗൗരവമുള്ള പിഴവാണ്. നിയമങ്ങൾ ലാഘവത്തോടെ കൈകാര്യം ചെയ്യുന്നത് ഒഴിവാക്കേണ്ടതാണ്.

## 1-21 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - ഹരിത കർമസേന പ്രവർത്തനാവലോകനം

നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായുള്ള നാല് വികസന മിഷനുകളിൽ ഉൾപ്പെടുന്നതാണ് ഹരിതകേരളം മിഷൻ. ഹരിതകേരളം മിഷന്റെ ഉപദൗത്യങ്ങളിൽ ഒന്നാണ് ശുചിത്വ മാലിന്യസംസ്കരണം. ശാസ്ത്രീയ മാലിന്യ പരിപാലനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സുസ്ഥിരമാക്കുക എന്നുള്ളതാണ് ശുചിത്വ മാലിന്യ സംസ്കരണ ഉപദൗത്യത്തിന്റെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്ന്. പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ചു കൊണ്ട് 15.07.2017 ലെ സ.ഉ(സാധാ) 2420/2017/തസ്വഭവ നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ബഹുജന പങ്കാളിത്തം ഉറപ്പു വരുത്തി ജൈവമാലിന്യങ്ങളുടെ ഉറവിടത്തിലെ സംസ്കരണം, അജൈവ മാലിന്യം ശേഖരിച്ച് സംഭരിച്ച് റീസൈക്ലിങ്ങ് മേഖലയ്ക്ക് കൈമാറ്റം ചെയ്യൽ, അതിനൊക്കെ സഹായകമായ പൊതുജന സൗഹൃദ ആസ്തികളുടെ നിർമ്മാണം എന്നിവ വഴി കേരളം രാജ്യത്തിന് മാതൃകയാകത്തക്ക വിധത്തിൽ മാലിന്യമുക്തമാക്കുക എന്നുള്ളതാണ് പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളിലൂടെ ലക്ഷ്യമിടുന്നത്. അതു പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശത്തെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ഫീൽഡുതല പ്രവർത്തനങ്ങൾ നടത്തേണ്ട സംഘടനാ സംവിധാനമാണ് ഹരിത കർമ്മസേന.

ഹരിത കർമ്മസേനയുടെ വിശദമായ പ്രവർത്തന മാർഗ്ഗരേഖ അംഗീകരിച്ചു കൊണ്ട് 12.08.2020ലെ സ.ഉ(സാധാ) നം. 1496/2020/തസ്വഭവ നമ്പരായി സർക്കാർ തുടർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഹരിത കർമ്മസേന രൂപീകരണം, ഹരിതസേനാംഗങ്ങളുടെ തെരഞ്ഞെടുപ്പ്, പരിശീലനം, മാലിന്യ ശേഖരണം, സംഘടനാ സംവിധാനം, സംരംഭ പ്രവർത്തനം, കൺസോർഷ്യം രൂപീകരണം, സാമ്പത്തിക സ്രോതസ്സ്, അക്കൗണ്ടുകൾ/യൂസർഫീ കൈകാര്യം ചെയ്യുന്ന രീതി, കോർപ്പസ് ഫണ്ട്, മറ്റു വരുമാന മാർഗ്ഗങ്ങൾ, ഓഫീസ് സംവിധാനം, കണക്കെഴുത്ത്, ഓഡിറ്റ്, തൊഴിൽ മാന്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ, പരാതി പരിഹാരം, ഹരിതകർമ്മസേനയുടെ പ്രവർത്തനത്തിൽ ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ ചുമതലകൾ എന്നിവയെക്കുറിച്ചെല്ലാം പ്രസ്തുത ഉത്തരവിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പെരുവയൽ ഗ്രാമപഞ്ചായത്തിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങളെയും, ഗ്രാമപഞ്ചായത്തിലെ അജൈവമാലിന്യ സംസ്കരണ സംവിധാനത്തെയും സംബന്ധിച്ച് 2023-24 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി പരിശോധിക്കുകയുണ്ടായി. പരിശോധനഫലമായുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

1) അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വാർഡുകളുടെ എണ്ണം | 22 |
| ജനസംഖ്യ (2011 സെൻസസ് പ്രകാരം) | 47700 |
| ആകെ വീടുകൾ (സഞ്ചയ പ്രകാരം) | 16857 |
| ആകെ വാസേതര കെട്ടിടങ്ങൾ (സഞ്ചയ പ്രകാരം) | 5205 |
| ഹരിതകർമ്മ സേനാംഗങ്ങളുടെ എണ്ണം | 41 |

2) ഹരിത കർമ്മസേന

പെരുവയൽ ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മ സേന 2017 മാർച്ച് മാസം രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ച പൂർണ തോതിൽ പ്രവർത്തന സജ്ജമാകുന്നത് 2020-21 ലാണ്. എങ്കിലും ഹരിത കർമ്മസേന കുടുംബശ്രീയുടെ കീഴിൽ നാളിതു വരെ കൺസോർഷ്യമായി രജിസ്റ്റർ ചെയ്തിട്ടില്ല.

നിലവിൽ 41 പേരടങ്ങുന്ന ഹരിത കർമ്മസേനയിലെ 2 അംഗങ്ങൾ വീതം 22 വാർഡിൽ നിന്നായി യൂസർഫീ പിരിക്കുകയും തുടർന്നുള്ള ദിവസങ്ങളിൽ സെഗ്രിഗേഷൻ ജോലിയിൽ ഏർപ്പെടുകയും ചെയ്യുന്നു. ദിവസവേതനമായി 400/- രൂപയാണ് സേനാംഗങ്ങൾക്ക് ഉറപ്പു നൽകി വരുന്നത്. ഹരിത കർമ്മസേനയുടേതായി സംരംഭങ്ങൾ (തുണി സഞ്ചി നിർമാണം, ചവിട്ടി തുടങ്ങിയവ) 2023 ആഗസ്റ്റ് 15 ന് തുടങ്ങിയിരുന്നെങ്കിലും 2023 ഒക്ടോബർ 12 ന് എം.സി.എഫ് തീ പിടിച്ചതിനെ തുടർന്ന് ഉപകരണങ്ങൾ നശിക്കുകയും സംരംഭപ്രവർത്തനം അവസാനിപ്പിക്കുകയും ചെയ്തു. ശേഷം ഇതു വരെ പുനരാരംഭിച്ചിട്ടില്ല.

3) 2023-24 ൽ റിജക്ടഡ് വേസ്റ്റ് കയ്യൊഴിയുന്നതിന് 10,13,525/- രൂപ വകയിരുത്തി ക്ലീൻ പെരുവയൽ എന്ന പേരിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

| ക്രമ നം. | പ്രൊജക്റ്റ് | ചെലവഴിച്ചതുക |
|---|---|---|
| 1 | 44/23-24, റിജക്റ്റഡ് വേസ്റ്റ് കൈമാറുന്നതിന് | 1013525 |
| ആകെ | | 1013525 |

ഈ കാലയളവിൽ ഹരിത കർമ്മസേന പിരിച്ചെടുത്ത യൂസർഫീയും, ഹരിത കർമ്മസേനയുടെ ചെലവുകളും താഴെ ചേർക്കുന്നു.

| | |
|---|---|
| പിരിച്ചെടുത്ത് യൂസർ ഫീ | 2282830 |
| സെഗ്രിഗേറ്റ് ചെയ്ത വേസ്റ്റിൽ നിന്നുള്ള വരുമാനം | 612850 |
| മറ്റ് വരവ് | ഇല്ല |
| സേനാംഗങ്ങൾക്ക് നൽകിയ വേതനം | 2622800 |
| റിജക്റ്റഡ് വേസ്റ്റ് കൈമാറുന്നതിന് | 1013525 |

മേൽ കാലയളവിൽ ശേഖരിച്ച സെഗ്രിഗേറ്റ് ചെയ്ത മാലിന്യത്തിന്റെ വരുമാനം 6,12,850/- (സമ്പത്ത് എന്റർപ്രൈസിസ്, അങ്ങാടിപ്പുറം) രൂപ ഹരിതകർമ്മ സേനയുടെ അക്കൗണ്ടിലേക്ക് ലഭിച്ചിട്ടുണ്ട്.

4) നിലവിലെ അവസ്ഥ

മാലിന്യനീക്കത്തിനായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഒന്നാം പാർട്ടി ആയും യൂണിവേർസൽ ബയോഗ്യാസ്, 201145A 14, SECOND FLOOR CALICUT ശ്രീ സജിൻ സി.പി രണ്ടാം കക്ഷിയായും കരാറിലേർപ്പെട്ടിട്ടുണ്ട്. പ്രസ്തുത കരാറിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് ഗ്രാമപഞ്ചായത്തിൽ നിലവിൽ മാലിന്യശേഖരണവും കയ്യൊഴിയലും നടന്നു കൊണ്ടിരിക്കുന്നത്. 1 കിലോ പാഴ് വസ്തുക്കൾ നീക്കം ചെയ്യുന്നതിന് 4.40 രൂപ ക്വാട്ട് ചെയ്ത രണ്ടാം പാർട്ടിയുടെ ടെണ്ടർ/ ക്വട്ടേഷൻ ഭരണ സമിതി 25.03.2023 ലെ 4(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ഹരിത കർമ്മ സേനയുടെ പ്രവർത്തനം ഉറപ്പാക്കൽ, എം സി.എഫ്./ആർ.ആർ.എഫ്.എന്നിവ സ്ഥാപിക്കുന്നതിന് ആവശ്യമായ നേതൃത്വപരമായ

പങ്ക് എന്നിവ ഗ്രാമപഞ്ചായത്ത് വഹിക്കേണ്ടതാണ്. എം.സി.എഫ്/ആർ.ആർ.എഫ് കൾ സ്ഥാപിക്കുന്നതിന് ആവശ്യമായ താത്കാലികമായതോ സ്ഥിരമായതോ ആയ കെട്ടിട സൗകര്യം ഇതിലേക്ക് ആവശ്യമായ വൈദ്യുതി, വെള്ളം മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഗ്രാമപഞ്ചായത്ത് ലഭ്യമാക്കേണ്ടതാണ്.

ഹരിത കർമ്മസേനക്ക് നിലവിൽ താഴെ പറയും പ്രകാരം ബാങ്ക് അക്കൗണ്ടാണ് ഉള്ളത്

| ക്രമ നം. | അക്കൗണ്ട് നം | ബാങ്ക് | നീക്കിയിരിപ്പ് |
|---|---|---|---|
| 1 | PMA0030130000012 | പെരുമണ്ണ സർവീസ് സഹകരണ ബാങ്ക്, കുറ്റിക്കാട്ടൂർ | 207961 (31.03.2024 തീയതിയിൽ) |

5) മാലിന്യ ശേഖരണ കാര്യക്ഷമത

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ലഭ്യമാക്കിയ കണക്കുകൾ പ്രകാരം 2024 മാർച്ചിൽ ഗ്രാമപഞ്ചായത്തിൽ യൂസർഫീ പിരിച്ചെടുക്കാവുന്ന 12265 വീടുകളാണുള്ളത് (മറ്റ് കെട്ടിടങ്ങളുടെ വിവരം രേഖപ്പെടുത്തിയിട്ടില്ല). യൂസർഫീ നൽകുവാൻ കഴിവില്ലാത്ത 25 അതിദരിദ്ര കുടുംബങ്ങൾ ഗ്രാമപഞ്ചായത്തിൽ ഉണ്ട്. മേൽ ഫീ ഗ്രാമപഞ്ചായത്ത് 2023-24 ൽ പ്രത്യേക പദ്ധതിയായി (296/2023-24) 50000/-രൂപ വകയിരുത്തിയെങ്കിലും തുക നാളിതു വരെ നൽകിയിട്ടില്ല. തുക കൈമാറുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

2023/2024 മാർച്ച് മാസങ്ങളിൽ യൂസർഫീ പിരിച്ചെടുക്കപ്പെട്ട കെട്ടിടങ്ങളെ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

| 2023 മാർച്ച് മാസം | | 2024 മാർച്ച് മാസം | |
|---|---|---|---|
| വീടുകൾ | കെട്ടിടങ്ങൾ | വീടുകൾ | കെട്ടിടങ്ങൾ |
| യൂസർ ഫീ പിരിച്ചെടുക്കപ്പെട്ട കെട്ടിടങ്ങളുടെ എണ്ണം | | | |
| 910 | --- | 6350 | ----- |
| പിരിച്ചെടുത്ത ആകെ യൂസർ ഫീ | | | |
| 45990 | --- | 318680 | --- |
| പിരിവ് ശതമാനം | | | |
| 75 | 0 | 85 | 0 |

ഗ്രാമപഞ്ചായത്തിലെ യൂസർഫീ പിരിവും മാലിന്യ ശേഖരണവും കാര്യക്ഷമമല്ല എന്ന് മേൽ കണക്കുകളിൽ നിന്ന് വ്യക്തമാണ്. മാലിന്യ ശേഖരണ-നിർമ്മാർജ്ജന പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി ഗ്രാമപഞ്ചായത്തിൽ സ്മാർട്ട് ഗാർബേജ് പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ക്യൂ.ആർ കോഡ് പതിക്കൽ പ്രവൃത്തി ഇതുവരെ 100 ശതമാനം പൂർത്തിയായതായി വിവരം നൽകിയിട്ടുണ്ട്.

6) മാലിന്യ വേർതിരിവ് പാലിക്കലും റീസൈക്ലിങ്ങും

ഹരിത കർമ്മസേന ശേഖരിക്കുന്ന മാലിന്യങ്ങൾ ഉറവിടത്തിൽ വച്ച് തന്നെ വേർതിരിച്ച് ക്രമീകരിക്കുന്നതായി വി.ഇ.ഒ. അറിയിച്ചിട്ടുണ്ട്.

7) കമ്മ്യൂണിറ്റി എൻഗേജ്മെന്റ്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ബഹുജന പങ്കാളിത്തം ഉറപ്പുവരുത്തി ജൈവമാലിന്യങ്ങളുടെ ഉറവിടത്തിലെ സംസ്കരണം, അജൈവ മാലിന്യം ശേഖരിച്ച് സംഭരിച്ച് റീസൈക്ലിങ്ങ് മേഖലയ്ക്ക് കൈമാറ്റം ചെയ്യൽ എന്നിവ ശുചിത്വ മാലിന്യ സംസ്കരണ ഉപദൗത്യത്തിന്റെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്നാണ്. അതിനായി മാലിന്യസംസ്കരണ രീതികളെക്കുറിച്ച് പൊതുജനങ്ങളെ ബോധവത്കരിക്കേണ്ടത് അത്യാവശ്യമാണ്. ഇതു സംബന്ധിച്ച ബോധവൽക്കരണത്തിനായി ശുചിത്വ പദ്ധതിയെ കുറിച്ച് ഗ്രാമസഭകളിലൂടെയും മറ്റ് പൊതു പരിപാടികളിലൂടെയും ജനങ്ങളെ

ബോധവത്കരിക്കുന്നതായി വി.ഇ.ഒ അറിയിച്ചു. എന്നാൽ അജൈവ മാലിന്യങ്ങൾ അലക്ഷ്യമായി വലിച്ചെറിയുകയും കത്തിക്കുകയും ചെയ്തതിന് പെരുവയൽ പഞ്ചായത്തിൽ 2023-24 ൽ വിവിധ വ്യക്തികളിൽ നിന്നായി 72,000/- രൂപ പിഴ ചുമത്തിയിട്ടുണ്ട്. അജൈവ മാലിന്യങ്ങൾ അലക്ഷ്യമായി വലിച്ചെറിയുകയും പ്ലാസ്റ്റിക് കത്തിക്കുകയും ചെയ്യുന്ന പ്രവണതയ്ക്കെതിരെ ക്രിയാത്മകവും നൂതനവുമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

8) മെറ്റീരിയൽ കലക്ഷൻ ഫെസിലിറ്റി

ഗ്രാമപഞ്ചായത്തിൽ നിലവിൽ 1 മെറ്റീരിയൽ കലക്ഷൻ ഫെസിലിറ്റി യും 11 മിനി എം.സി.എഫ് ഉം ആണ് നിലവിലുള്ളത്. എം.സി.എഫ് വെള്ളിപറമ്പ് വാർഡ്-19 ലും മിനി എം.സി.എഫ് കൾ വാർഡ്-1,2,3,4,5,6,7,8,14(2),22 ലും ആയി സ്ഥിതി ചെയ്യുന്നു.

ഗ്രാമ പഞ്ചായത്ത് 40 ലക്ഷം രൂപ ചെലവഴിച്ച് വെള്ളിപറമ്പ് ദേശത്ത് നിർമ്മിച്ചിട്ടുള്ള എം.സി.എഫ് കെട്ടിടം 13.10.23 ന് കത്തി നശിച്ചു. ഓഡിറ്റ് വർഷത്തിലും 2 പദ്ധതികളിലായി 922838/- രൂപ എം.സി.എഫ് പ്രവർത്തികൾക്കായി ചെലവഴിച്ചിട്ടുണ്ട് (204/24 എം.സി.എഫ് ഷീറ്റിടൽ അനുബന്ധ സൌകര്യങ്ങൾ- 746363, 244/24 എം.സി.എഫ് ഇലക്ട്രിഫിക്കേഷൻ-176475 ) . ആയതിന് ശേഷം എം.സി.എഫ് കെട്ടിടം പുനർ നിർമ്മിക്കുന്നതിനായി 50,00,000/- രൂപ വകയിരുത്തി പദ്ധതി തയ്യാറാക്കി കെട്ടിട നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട് (330/24). കെട്ടിടം മനപൂർവ്വം ആരോ കത്തിച്ചുവെന്ന നിഗമനത്തിൽ 13.10.13 ന് HI-7544/23നമ്പർ കത്ത് പ്രകാരം ഗ്രാമ പഞ്ചായത്ത് തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, കോഴിക്കോട് ജില്ലാ കളക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ, ശുചിത്വ മിഷൻ ജില്ലാ കോഡിനേറ്റർ , ഹരിത കേരള മിഷൻ ജില്ലാ കോഡിനേറ്റർ, മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷൻ എന്നിവരെ വിവരമറിയിക്കുകയും തുടർനടപടികൾ സ്വീകരിക്കുന്നതിനായി കത്തയക്കുകയും ചെയ്തിട്ടുണ്ട്.

9)പ്രവർത്തന അവലോകനം

ഹരിത കർമ്മസേനയുടെ പ്രവർത്തനം പ്രതിമാസ യോഗങ്ങളിലൂടെ ഗ്രാമപഞ്ചായത്ത് അവലോകനം ചെയ്തുവരുന്നുണ്ട്. എന്നാൽ ഓരോ മാസവും ശേഖരിച്ച മാലിന്യവും പിരിച്ചെടുത്ത യൂസർ ഫീയും അവലോകനം ചെയ്യുക എന്നതിനപ്പുറം ഹരിത കർമ്മസേന ശാക്തീകരണത്തിന് ഉതകുന്ന രീതിയിലുള്ള ചർച്ചകളൊന്നും അവലോകന യോഗങ്ങളിൽ നടന്നു വരുന്നില്ല.

10) ഓഡിറ്റ് നിഗമനവും നിർദ്ദേശങ്ങളും

സുസ്ഥിരമായ മാലിന്യ സംസ്കരണ സംവിധാനം ഒരുക്കുന്നതിനും, ഹരിത കർമമസേനയെ ശാക്തീകരിക്കുന്നതിനും സ്വയംപര്യാപ്തമാക്കുന്നതിനുമാവശ്യമായ ഭാവനാപൂർണ്ണവും ക്രിയാത്മകവുമായ നടപടികളൊന്നും ഗ്രാമപഞ്ചായത്ത് സ്വീകരിച്ച് നടപ്പാക്കുന്നില്ല എന്നാണ് മേൽ വസ്തുതകളിൽ നിന്ന് മനസ്സിലാവുന്നത്. ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കയ്യൊഴിയുകയും ചെയ്യുക എന്നുള്ളത് 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 166(1) വകുപ്പ് പ്രകാരമുള്ള മൂന്നാം പട്ടികയിലെ ക്രമ നം. 6 അനുസരിച്ച് ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്.

അപാകതകൾ പരിഹരിക്കുന്നതിനും, ശുചിത്വപരിപാലനം ഉറപ്പാക്കുന്നതിനും, മാലിന്യസംസ്കരണ സംവിധാനം സുസ്ഥിരമാക്കുന്നതിനുമായി ഗ്രാമപഞ്ചായത്ത് അടിയന്തിരമായി താഴെ പറയുന്ന നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിന് ഓഡിറ്റ് ശിപാർശ ചെയ്യുന്നു.

1. ഹരിതകർമ്മ സേന ശേഖരിക്കുന്ന മാലിന്യം സംഭരിക്കുന്നതിനും, സെഗ്രിഗേറ്റ് ചെയ്യുന്നതിനുമുള്ള എല്ലാവിധ സൗകര്യങ്ങളോടും കൂടിയ ഒരു മെറ്റീരിയൽ കലക്ഷൻ ഫെസിലിറ്റി (എം.സി.എഫ്) ഗ്രാമപഞ്ചായത്ത് അടിയന്തിരമായി നിർമ്മിക്കേണ്ടതാണ്. കൂടാതെ വീടുകളിൽ നിന്ന് ശേഖരിക്കുന്ന അജൈവമാലിന്യം താൽക്കാലികമായി സംഭരിക്കുന്നതിനാവശ്യമായ മിനി എം.സി.എഫ് സൗകര്യം എല്ലാം വാർഡുകളിലും ഒരുക്കേണ്ടതാണ്.
2. ഹരിത കർമ്മസേന ശേഖരിക്കുന്ന മാലിന്യങ്ങൾ ഉറവിടത്തിൽ വച്ചു തന്നെ വേർതിരിച്ച്

ക്രമീകരിക്കുന്നിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. റിജക്റ്റഡ് മാലിന്യത്തിന് അവയുടെ തൂക്കത്തിനനുസരിച്ചുള്ള വില ഈടാക്കാവുന്നതും അതുവഴി അവ കയ്യൊഴിയുന്നതിനായി ഗ്രാമപഞ്ചായത്തിന് ഏറ്റെടുക്കേണ്ടി വരുന്ന വലിയ ബാദ്ധ്യത ഒഴിവാക്കാവുന്നതുമാണ്.

3. സുസ്ഥിരമായ മാലിന്യസംസ്കരണ രീതികളെക്കുറിച്ച് പൊതുജനങ്ങളെ ബോധവത്കരിക്കുന്നതിനുള്ള പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.

4. നൂതനമായ മാലിന്യ സംസ്കരണ രീതികൾ നടപ്പാക്കുന്നത് സംബന്ധിച്ച് ഹരിതകർമമ സേനയ്ക്ക് പരിശീലനം നൽകേണ്ടതും, അവരെ സാമ്പത്തികമായി സ്വയംപര്യാപ്തമാക്കുന്നതിനായി സംരംഭങ്ങൾ തുടങ്ങുന്നതുൾപ്പെടെയുള്ള കാര്യങ്ങൾക്ക് സഹായം ചെയ്തു നൽകേണ്ടതുമാണ്.

5. അജൈവമാലിന്യ സംസ്കരണത്തോടൊപ്പം ജൈവമാലിന്യ സംസ്കരണ മേഖലയിലേക്കും ഹരിതകർമ്മസേനയുടെ പ്രവർത്തനം വ്യാപിപ്പിക്കേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ നടപ്പാക്കുക വഴി മാലിന്യ സംസ്കരണ മേഖലയിലെ പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നതിന് സ്വയംപര്യാപ്തമായ സംഘടനാ സംവിധാനം എന്ന നിലയിലേക്ക് ഹരിത കർമ്മസേനയെ ഉയർത്തിക്കൊണ്ടു വരേണ്ടതാണ്.

**1-22 ഗ്രാമ പഞ്ചായത്ത് ഓഫീസ് ഇലക്ട്രിഫിക്കേഷൻ - ചെലവാകാത്ത തുക തിരികെ ലഭ്യമായില്ല**

തൻവർഷം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ കൊടുത്തിരിക്കുന്ന പ്രൊജക്ട് മുഖേന കോഴിക്കോട് പി.ഡബ്ല്യൂ.ഡി ഇലക്ട്രിക്കൽ വിഭാഗത്തിന്റെ എസ്റ്റിമേറ്റ് പ്രകാരം ഗ്രാമ പഞ്ചായത്ത് ഓഫീസ് ഇലക്ട്രിഫിക്കേഷൻ നടത്തുന്നതിനായി 5,75,000/- രൂപ പി.ഡബ്ല്യൂ.ഡിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

| പ്രോജക്ട് നമ്പർ/ പേര് | അടങ്കൽ, ഫണ്ടിനം | ചെലവ് | ബിൽ സാങ്ഷൻ നം/തീയതി |
|---|---|---|---|
| 284/24 ഗ്രാമ പഞ്ചായത്ത് ഓഫീസ് ഇലക്ട്രിഫിക്കേഷൻ | 575000- വി.ഫണ്ട് | 575000- വി.ഫണ്ട് | 43/30-6-23 |

മേൽ പ്രവൃത്തിക്ക് പി.ഡബ്ല്യൂ.ഡി ഇലക്ട്രിക്കൽ സെക്ഷൻ കോഴിക്കോട് നിന്നും 13-06-2024 ന് നൽകിയ EL2/77/2023 നം വിനിയോഗ സർട്ടിഫിക്കറ്റ് പ്രകാരം 79,616/-രൂപ പ്രവൃത്തി പൂർത്തിയായതിനു ശേഷവും വിനിയോഗിക്കാതെ അവശേഷിക്കുന്നുണ്ട്. ആയത് ട്രഷറി വഴി തിരികെ നൽകുന്നതിനായി പഞ്ചായത്തിന്റെ DDO കോഡ്, ഹെഡ് ഓഫ് അക്കൗണ്ട് എന്നിവ പി.ഡബ്ല്യൂ.ഡി ആവശ്യപ്പെടുകയും ആയത് ഗ്രാമ പഞ്ചായത്ത് പി.ഡബ്ല്യൂ.ഡിയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത തുക പി.ഡബ്ല്യൂ.ഡിയിൽ നിന്നും ലഭ്യമായതിന്റെ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (നം.4/2023-24 തീയതി 14-10-2024) മറുപടി നൽകിയിട്ടില്ല. പി.ഡബ്ല്യൂ.ഡിയിൽ നിന്നും 79,616/- രൂപ തിരികെ ലഭ്യമാക്കി കൺസോളിഡേറ്റഡ് ഫണ്ടിലടവാക്കി അറിയിക്കേണ്ടതാണ്.

**1-23 അഡ്വാൻസ് തുകകൾ ക്രമീകരിക്കുന്നില്ല.**

2022-23 വർഷത്തെ ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂൾ പ്രകാരം അഡ്വാൻസ് ഇനത്തിലെ ആകെ നീക്കിയിരിപ്പ് 3410862/- രൂപയാണ്. അഡ്വാൻസ് രജിസ്റ്റർ പ്രകാരം ഈ വർഷം 2457624/- രൂപ അഡ്വാൻസ് നൽകിയിട്ടുണ്ട്. ആകെ തുകയായ 5868486/- രൂപയിൽ 1640082/- രൂപ മാത്രമാണ് ക്രമീകരിച്ചിട്ടുള്ളത്. അതിനാൽ തന്നെ 2023-24 വർഷത്തെ ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂൾ പ്രകാരം അഡ്വാൻസ് ഇനത്തിലെ ആകെ നീക്കിയിരിപ്പ് 4228404/- രൂപയാണ്.വിശദ വിവരം ചുവടെ ചേർക്കുന്നു.

| Code | Head | OB | Adv.Given | Total | Adv Adjusted | Balance |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 460100101 | Festival Adv | 55800 | 240000 | 295800 | 194000 | 101800 |
| 460100102 | Imprest | 150 | 0 | 150 | 0 | 150 |
| 460500205 | Adv To Implementing Agencies | 1755046 | 0 | 1755046 | 0 | 1755046 |
| 460500501 | Adv To Implementing Officers | 0 | 220000 | 220000 | 0 | 220000 |
| 460500801 | Adv To MGNREGA | 1530488 | 1997624 | 3528112 | 1446082 | 2082030 |
| 460100199 | Other Adv | 69378 | 0 | 69378 | 0 | 69378 |
| | | 3410862 | 2457624 | 5868486 | 1640082 | 4228404 |

മേൽ തുകകൾ ഇനിയും അഡ്ജസ്റ്റ് ചെയ്യാത്തതിന്റെ കാരണം വിശദീകരിക്കേണ്ടതാണ് എന്നറിയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി(നം :6 /2023-24 , തിയ്യതി: 14.10.24)ക്ക് ലഭ്യമാക്കിയ മറുപടിയിൽ ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിലെ 101800 രൂപയിൽ 54000/- രൂപയും MGNREGA അഡ്വാൻസ് ഇനത്തിലെ 2082030/- രൂപയിൽ 1560454/- രൂപയും 2024-25 വർഷത്തിൽ വരവ് വന്നതായി അറിയിച്ചിട്ടുണ്ട്.

Advance To Implementing Agencies എന്ന ഹെഡിൽ വരുന്ന തുക താഴെ ചേർക്കുന്ന പ്രവൃത്തികൾക്കായി നൽകിയതാണ്.

| ക്രമ നം. | പ്രോജക്ട് ഇംപ്ലിമെന്റിംഗ് ഏജൻസി വിവരങ്ങൾ | തുക |
|---|---|---|
| 1 | പ്രോജക്ട് നം.115/17<br>ബിൽഡിംഗ് കൺസ്ട്രക്ഷൻ | 5,80,000 |
| 2 | പ്രോജക്ട് നം.152/17<br>14 അംഗനവാടി നവീകരണം | 5,60,000 |
| 3 | പ്രോജക്ട് നം.6/22<br>കുറ്റിക്കാട്ടൂർ സാംസ്കാരിക നിലയം വയറിംഗ് | 1,24,020 |
| 4 | പ്രോജക്ട് നം.13/22<br>മുണ്ടക്കൽ കാർഷിക വിപണന കേന്ദ്രം വയറിംഗ് | 1,47,638 |
| 5 | പ്രോജക്ട് നം.202/22<br>വെള്ളിപറമ്പ് ജി.എൽ.പി.എസ്. വൈദ്യുതീകരണം | 20,000 |
| 6 | പ്രോജക്ട് നം.203/22<br>അപ്പു സ്മാരക അംഗനവാടി വൈദ്യുതീകരണം | 60,303 |
| 7 | പ്രോജക്ട് നം.251/22<br>വെള്ളിപറമ്പ് ജി.എൽ.പി.എസ്. വൈദ്യുതീകരണം | 2,63,085 |

ഈ പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിവരം അറിയിക്കേണ്ടതും വിനിയോഗത്തിനനുസരിച്ച് തുക ക്രമീകരിക്കേണ്ടതുമാണ്. പട്ടിക പ്രകാരം ക്രമീകരിക്കാൻ അവശേഷിക്കുന്ന എല്ലാ തുകകളും ക്രമീകരിച്ച് രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-24 ലൈഫ് ഭവന പദ്ധതി - ഭവനനിർമ്മാണം പൂർത്തീകരിക്കാത്തതിന്റെ വിശദാംശങ്ങൾ

വി.ഇ.ഒ. നടപ്പിലാക്കിയ ലൈഫ് ഭവന പദ്ധതി പ്രകാരം വിവിധ സാമ്പത്തിക വർഷങ്ങളിൽ കരാർ ഉടമ്പടി വെച്ച് ഭവന നിർമ്മാണത്തിന് ധനസഹായം കൈപ്പറ്റിയിട്ടും ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | എഗ്രിമെൻറ് വെച്ച തീയതി | ഗ്രാമ പഞ്ചായത്ത് | അർഹമായ ധനസഹായം | നാളിതു വരെ കൈപ്പറ്റിയ തുക | പൂർത്തീകരിച്ച സ്റ്റേജ് |
|---|---|---|---|---|---|---|
| 1 | സുമിത്ര | 14.03.23 | പെരുവയൽ | 400000 | 200000 | ബേസ്മെന്റ് |

| | | | | | | |
|---|---|---|---|---|---|---|
| 2 | പത്മിനി | 14.03.23 | പെരുവയൽ | 400000 | 200000 | ലിന്റൽ |
| 3 | രജിത | 26.08.23 | പെരുവയൽ | 400000 | 200000 | ബേസ്മെന്റ് |
| 4 | ഗോപിക | 26.08.23 | പെരുവയൽ | 400000 | 40000 | തുടങ്ങിയിട്ടില്ല |
| 5 | സ്മിത മനോജ് | 22.02.23 | പെരുവയൽ | 400000 | 300000 | റൂഫ് |
| 6 | സുധ രബീഷ്കുമാർ | 07.03.23 | പെരുവയൽ | 400000 | 300000 | റൂഫ് |
| 7 | ജെഷിത അനൂപ് | 07.03.23 | പെരുവയൽ | 400000 | 300000 | റൂഫ് |
| 8 | ശ്രീകാ മോൾ | 07.03.23 | പെരുവയൽ | 400000 | 300000 | റൂഫ് |
| 9 | ബിന്ദു ബാബു | 07.03.23 | പെരുവയൽ | 400000 | 300000 | റൂഫ് |
| 10 | ബീന | 14.03.23 | പെരുവയൽ | 400000 | 300000 | റൂഫ് |
| 11 | ബിന്ദു | 14.03.23 | പെരുവയൽ | 400000 | 300000 | റൂഫ് |
| 12 | ബേബി | 20.03.23 | പെരുവയൽ | 400000 | 300000 | റൂഫ് |
| 13 | ഷീന | 31.05.23 | പെരുവയൽ | 400000 | 300000 | റൂഫ് |
| 14 | റിഷില വിശ്വനാഥൻ | 04.07.23 | പെരുവയൽ | 400000 | 300000 | റൂഫ് |
| 15 | മാധവി | 14.09.23 | പെരുവയൽ | 400000 | 300000 | റൂഫ് |
| 16 | ഷൈജ | 31.03.23 | പെരുവയൽ | 400000 | 300000 | റൂഫ് |
| 17 | ലക്ഷ്മി | 15.05.23 | പെരുവയൽ | 400000 | 300000 | റൂഫ് |
| 18 | തങ്കമണി | 10.10.23 | പെരുവയൽ | 400000 | 300000 | റൂഫ് |
| 19 | വേണുക്കുറുപ്പ് | 31.05.23 | പെരുവയൽ | 400000 | 300000 | റൂഫ് |
| 20 | സുഷിത | 15.05.23 | പെരുവയൽ | 400000 | 300000 | റൂഫ് |
| 21 | സ്മിതാ ജയരാജൻ | 31.05.23 | പെരുവയൽ | 400000 | 300000 | റൂഫ് |
| 22 | ഭാർഗവി അമ്മ | 15.05.23 | പെരുവയൽ | 400000 | 300000 | റൂഫ് |
| 23 | കാർത്തി | 31.05.23 | പെരുവയൽ | 400000 | 300000 | റൂഫ് |
| 24 | രാധാമണി | 04.07.23 | പെരുവയൽ | 400000 | 300000 | റൂഫ് |
| 25 | ആമിന | 10.10.23 | പെരുവയൽ | 400000 | 300000 | റൂഫ് |

ലൈഫ് മിഷൻ പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ മാർഗ്ഗരേഖ സ.ഉ.(കൈ)നം. 34/2018 /ത.സ്വ.ഭ.വ, തിയതി 16.3.2018 അനുസരിച്ച് കരാറിലേർപ്പെട്ട് 6 മാസത്തിനകം ഭവനനിർമ്മാണം പൂർത്തിയാക്കണമെന്നും, ടി ഭവനം 12 വർഷത്തേക്ക് കൈമാറ്റം ചെയ്യരുത് എന്നും വ്യവസ്ഥയുണ്ട്. മേൽ ഗുണഭോക്താക്കൾ ധനസഹായം കൈപ്പറ്റിയിട്ടും ഭവനനിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചതായി കാണുന്നില്ല. ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിച്ച് രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-25 മുണ്ടക്കൽ പാറ ജലശുദ്ധീകരണ പ്ലാന്റ് -പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

പദ്ധതി 274/24

അടങ്കൽ -414062

ചെലവ് -297360 ബിൽ നം.574/24.3.24

മുണ്ടക്കൽ പാറ കുടിവെള്ള പദ്ധതി ജല ശുചീകരണ പ്ലാന്റ് നടപ്പിലാക്കാൻ അംഗീകൃത ഏജൻസികളിൽ നിന്ന് താൽപര്യ പത്രം ക്ഷണിച്ച് സിഡ്കോ എന്ന സ്ഥാപനം വഴിയാണ് പദ്ധതി നടപ്പിലാക്കിയത്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ പറയുന്ന വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്

1) 4.7.19 ലെ സ.ഉ(പി)77/2019/ഫിൻ നമ്പർ ഉത്തരവ് പ്രകാരം പൊതുമരാമത്ത് പ്രവൃത്തികൾ പി.എം.സി (Project Management Consultancy) എന്ന നിലയിൽ ഏറ്റെടുക്കുന്നതിനുള്ള അക്രഡിറ്റേഷൻ ആണ് സിഡ്കോയ്ക്ക് ലഭിച്ചിട്ടുള്ളത്. എന്നാൽ സിഡ്കോ വഴി ഗ്രാമ പഞ്ചായത്ത് പദ്ധതി നിർവ്വഹണം നടത്തിയപ്പോൾ 25.7.17 ലെ സ.ഉ(പി)95/2017/ഫിൻ,3.8.18 ലെ സ.ഉ(പി)118/2018/ഫിൻ, 28.4.21 ലെ സ.ഉ(പി)67/2021/ഫിൻ എന്നീ ഉത്തരവുകൾ പ്രകാരമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

പി.എം.സി ആയി പദ്ധതി നടപ്പിലാക്കുമ്പോൾ സിഡ്കോ ഓപ്പൺ ടെണ്ടറിലൂടെ ഒരു തേർഡ് പാർട്ടി/ കരാറുകാരൻ വഴിയാണ് പദ്ധതി നടപ്പിലാക്കേണ്ടത്. ടെണ്ടർ സംബന്ധിച്ച എല്ലാ രേഖകളും പഞ്ചായത്തിന് ഹാജരാക്കേണ്ടതാണ്. എന്നാൽ സിഡ്കോ ഇത്തരത്തിൽ ടെണ്ടർ നടത്തിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. പഞ്ചായത്ത് പെയ്മെന്റുകൾ നടത്തേണ്ടത് പ്രസ്തുത കരാറുകാരനാണ്. ഇവിടെ ബിൽ തുകകൾ സിഡ്കോയുടെ അക്കൗണ്ടിലേക്കാണ് നൽകിയിട്ടുള്ളത്. സ്വന്തം നിലയിൽ പ്രവൃത്തി പൂർത്തീകരിച്ച രീതീയിലാണ് രേഖകൾ ലഭ്യമായിട്ടുള്ളത്. സിഡ്കോയ്ക്ക് നോൺ പി.എം.സി ആയി നേരിട്ട് പദ്ധതി നടപ്പിലാക്കുന്നതിന് അക്രഡിറ്റേഷൻ ലഭിച്ചതിന്റെ ഉത്തരവ് ലഭ്യമാക്കിയിട്ടില്ല.

2) 16.10.24ന് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ സ്ഥല സന്ദർശനം നടത്തിയപ്പോൾ പ്ലാന്റ് സ്ഥാപിച്ചത് കണ്ടു. എന്നാൽ മുണ്ടക്കൽ പാറ കുടിവെള്ള പദ്ധതിയിലെ ജലം ശുദ്ധീകരിച്ചാണോ വിതരണം ചെയ്യുന്നത് എന്ന് മനസ്സിലാക്കാൻ സാധിച്ചിട്ടില്ല. സമീപ വാസികളോട് അന്വേഷിച്ചതിൽ രണ്ട് രീതിയിൽ ആണ് അഭിപ്രായം ലഭ്യമാക്കിയിട്ടുള്ളത്. പ്രവൃത്തി ആരംഭിച്ചപ്പോൾ പ്രവൃത്തി നിലച്ച എന്നും നിലവിലും പ്രവർത്തിക്കുന്നുണ്ട് എന്നും. കുടിവെള്ള ശുചീകരണ പ്രവൃത്തിയുടെ നിജസ്ഥിതി രേഖകൾ അറിയിക്കേണ്ടതാണ്.

3) പ്രോജക്ട് പ്രകാരം മുണ്ടക്കൽ പാറ കുടിവെള്ള പദ്ധതി ജല ശുചീകരണ പ്ലാന്റ് ടെണ്ടർ നടപടികളിലൂടെയാണ് നടപ്പിലാക്കാൻ തീരുമാനിച്ചിരുന്നത്. പിന്നീട് അക്രഡിറ്റേഷൻ ഏജൻസി വഴി നടപ്പിലാക്കിയത് എന്തിനെന്ന് വ്യക്തമല്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (37/ 23-24 തിയ്യതി 17-10-24) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കും വരെ ചെലവ് തുക തടസ്സത്തിൽ വെക്കുന്നു.

## 1-26 ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്നു വാങ്ങൽ – പ്രൊജക്ട് പൂർത്തിയായില്ല.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഹോമിയോ ആശുപത്രിക്ക് മരുന്നവാങ്ങൽ . |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽഓഫീസർ, ആയുർവേദം. |
| പ്രോജക്ടിന്റെ നം | 36/24 |

| | |
|---|---|
| അടങ്കൽ തുക / ഫണ്ട് | 300000/- [മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) |
| ചെലവ് തുക/ബിൽ നം, തിയതി | 300000/- നം. 23160852001201007914/1.1.24 |

2023-24 വർഷം ഗവ.ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ പ്രൊജക്റ്റിനായി ഹോംകോയിലേക്ക് അടവാക്കിയ 300000/-/-രൂപയുടെ മരുന്നുകൾ മുഴുവനായി ലഭ്യമായിട്ടില്ല. ഇൻവോയിസ് നം.I.F. 196/21.5.2024 പ്രകാരം 87855/- രൂപയുടെയും നം.I.F. 1113/23.9.2024 പ്രകാരം 71453/- രൂപയുടെ മരുന്നുകളുടെ രേഖകളാണ് പരിശോധനക്കായി ലഭ്യമാക്കിയത്. ലഭ്യമാക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ ചെലവ് തുക 140692/- രൂപ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാകുന്നമുറക്ക് രേഖകൾ സഹിതം അറിയിക്കേണ്ടതാണ്. [ഓഡിറ്റ് എൻക്വയറി നം. 30/24/16.10.2024 ]

## 1-27 കോക്ലിയർ ഇംപ്ലാന്റ് അറ്റകുറ്റപണികൾ- വിനിയോഗ വിവരം ലഭ്യമായില്ല.

പദ്ധതി നം. 80/24 (പ്ലാൻ ഫണ്ട്-ജനറൽ)

അടങ്കൽ : ₹100000/-

ചെലവ് : ₹100000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഐസിഡിഎസ് സൂപ്പർവൈസർ.

ബിൽ/യുടിആർനം,തീയതി: RBI0892470681025/ 27.3.24.

സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വഴി കോക്ലിയർ ഇംപ്ലാന്റ് അറ്റകുറ്റപ്പണികൾക്കായി മേൽ ചേർത്ത പ്രകാരമുള്ള തുക ഐസിഡിഎസ് സൂപ്പർവൈസർ നൽകിയിട്ടുണ്ട്. ആയതിന്റെ വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്.രേഖകൾ ലഭ്യമാക്കുന്നതുവരെ ചെലവ് ₹100000/-തടസ്സപ്പെടുത്തുന്നു. [ഓഡിറ്റ് എൻക്വയറി നം. 32/16.10.2024 ]

## 1-28 വിവിധ ഏജൻസികൾക്ക് തുക നൽകി -പൂർത്തീകരണം,വിനിയോഗ വിവരം എന്നിവ ലഭ്യമല്ല.

2023-24 വർഷം സെക്രട്ടറി നടപ്പിലാക്കിയ വിവിധ പദ്ധതികൾ വഴി വ്യത്യസ്ത ഏജൻസികൾക്ക് വ്യത്യസ്ത ആവശ്യങ്ങൾക്കായി തുക നൽകിയിട്ടുണ്ട്. അതിൽ വിനിയാഗ സാക്ഷ്യപത്രം ലഭിക്കാത്തവയുടെ വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ നമ്പർ/പേര് | ചെലവ് തുക/ ഫണ്ടിനം | ബിൽ സാങ്ഷൻ നമ്പർ, തിയതി | റിമാർക്സ് |
|---|---|---|---|---|
| 1. | 285/24 ഗ്രാമ പഞ്ചായത്ത് ഓഫീസ് നെറ്റ് വർക്കിംഗ് | 175900 (തനത് ഫണ്ട്) | 30/17-6-23 222/29-11-23 | പി.ഡബ്ള്യ.ഡി., ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കോഴിക്കോടിന് കൈമാറി. പ്രവൃത്തി പൂർത്തീകരണം , വിനിയോഗ വിവരം എന്നിവ ലഭ്യമാക്കിയില്ല. ഡെപ്പോസിറ്റ് വർക്ക് ചെയ്യുന്നതിന് പി.ഡബ്ള്യ.ഡിയുമായി കരാർ വച്ചില്ല. |
| 2. | 344/24 ഐ.കെ. എം. മെമ്പർഷിപ്പ് ഫീസ് | 746438 (വികസന ഫണ്ട്) | 28/17-6-23 | ഐ.കെ. എം എക്സിക്യൂട്ടീവ് ഡയറക്ടർക്ക് കൈമാറി. വിനിയോഗ വിവരം ലഭ്യമല്ല. |

| | | | | |
|---|---|---|---|---|
| 3. | 2/24 ഐ.കെ.എം വിഹിതം അടവാക്കൽ | 124250 (വികസന ഫണ്ട്) | 28/17-6-23 | ഐ.കെ. എം എക്സിക്യൂട്ടീവ് ഡയറക്ടർക്ക് കൈമാറി. വിനിയോഗ വിവരം ലഭ്യമല്ല. |
| 4. | 129/24 എ.ബി.സി പ്രോഗ്രാം | 100000 (തനത് ഫണ്ട്) | 29/17-6-23 | തുക ജില്ലാ പഞ്ചായത്തിന് നൽകി. പദ്ധതി പൂർത്തീകരണം, വിനിയോഗ വിവരം എന്നിവ ലഭ്യമാക്കിയില്ല. |
| | ആകെ | 1146588 | | |

മേൽ പദ്ധതികൾ പൂർത്തീകരിച്ചതിന്റെ വിവരവും വിനിയോഗ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി (2/2023-24 തീയതി 14-10-24) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രവും പൂർത്തീകരണ വിശദാംശങ്ങളും ലഭ്യമാക്കുന്നതുവരെ ചെലവ് തുകയായ 1146588 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

**1-29 സ്പെഷ്യൽ കാഷ്വൽ ലീവ് കാലയളവ് ആർജ്ജിതാവധി കണക്കാക്കാനെടുത്ത പ്രവൃത്തി ദിനങ്ങളിൽ കുറവ് ചെയ്തില്ല.**

തനതു ഫണ്ട് വൗച്ചർ വൗച്ചർ നം.22300030/9-4-23 പ്രകാരം 133209 രൂപ ഓഫീസ് അറ്റന്റന്റമാർ, ഫുൾ ടൈം സ്വീപ്പർമാർ എന്നിവരുടെ ആർജ്ജിതാവധി സറണ്ടറിനത്തിൽ പിൻവലിച്ചിട്ടുണ്ട്. ഇതിൽ ശ്രീ.ശിവരാജൻ.കെ, എഫ്.ടി.എസ്. എന്നവരുടെ സേവന പുസ്തകത്തിലെ പേജ് 48, 49 എന്നിവ പ്രകാരം ആൻജിയോപ്ലാസ്റ്റിക്ക് വിധേയനായതിനാൽ 1-05-2023 മുതൽ 30-05-2023 വരെ 30 ദിവസത്തേയും, 21-12-2023 മുതൽ 29-12-2023 വരെ 9 ദിവസത്തേയും (Special Casual Leave To Physically Handicapped Employees) ഉൾപ്പെടെ ആകെ 39 ദിവസത്തെ സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദിച്ചതായി കണ്ടു. 15-2-2022 ലെ ജി.ഒ(പി) നം.17/ഫിൻ ഉത്തരവ് പ്രകാരം കേരള സർ വ്വീസ് റൂൾ പാർട്ട് I സെക്ഷന് II അപ്പന്റിക്സ് VII പ്രകാരമുള്ള സ്പെഷ്യൽ കാഷ്വൽ ലീവ് ആർജ്ജിതാവധി കണക്കാക്കുമ്പോഴെടുക്കുന്ന പ്രവർത്തി ദിവസങ്ങളായി പരിഗണിക്കാവുന്നതല്ല. എന്നാൽ മേൽ കാണിച്ച 39 ദിവസങ്ങൾ ആർജ്ജിതാവധി കണക്കാക്കുമ്പോഴെടുക്കുന്ന ആകെ പ്രവർത്തി ദിനങ്ങളിൽ കുറവ് ചെയ്യാതെയാണ് 1-4-2023 മുതൽ 31-3-2024 വരെയുള്ള കാലയളവ് 366 പ്രവർത്തി ദിനങ്ങൾ എന്ന് കണക്കാക്കി 24 6/15 ആർജ്ജിതാവധി കണക്കാക്കിയത്. ഇതു പ്രകാരം 24 ആർജ്ജിതാവധി സറണ്ടർ ചെയ്യാനും ടിയാനെ അനുവദിച്ചിട്ടുണ്ട്. മേൽ അപാകതയ്ക്ക് വിശദീകരണം നല്കേണ്ടതാമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് ( എൻക്വയറി നം. 14/2023-24 തീയതി 16 -10-24) നൽകിയ മറുപടിയിൽ അടുത്ത വർഷത്തെ ആർജ്ജിതാവധി കണക്കാക്കുന്ന സമയത്ത് പ്രവർത്തി ദിനങ്ങളിൽ കുറവ് വരുത്തി അറിയിക്കാമെന്നറിയിച്ചിട്ടുണ്ട്. ഇവിടെ ടിയാന്റെ ക്രഡിറ്റില്ലാത്ത അവധി കണക്കാക്കിയാണ് സറണ്ടർ അനുവദിച്ചത്. ആയതിനാൽ ആർജ്ജിതാവധി പുനർനിർണ്ണയിച്ച് അധികമായി കണക്കാക്കി ആർജ്ജിതാവധി കുറവ് ചെയ്യേണ്ടതും പ്രസ്തുത ദിവസത്തേക്ക് ടിയാന് അധികം നൽകിയ തുക തിരികെ ഈടാക്കി അറിയിക്കേണ്ടതുമാണ്.

**1-30 കോൺക്രീറ്റ് പേവിംഗ് - ഫോം വർക്ക് ആവശ്യമില്ലാത്ത പ്രവൃത്തിയിൽ ഫോം വർക്കിന് തുക ഉൾപ്പെടുത്തിയതിനാൽ അധിക ചെലവ്**

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 71 റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. ഫോം വർക്ക് ഉൾപ്പെടുന്ന 75.8.1 ഇനം പ്രവൃത്തി ഉൾപ്പെടുത്തി എല്ലാ റോഡ് കോൺക്രീറ്റും നടത്തിയപ്പോൾ ഫോം വർക്കിന്റെ ആവശ്യമുണ്ടോ ഇല്ലയോ എന്നത് പരിഗണിച്ചിട്ടില്ല.

ഫോം വർക്ക് ചെയ്യിട്ടില്ലാത്ത സാഹചര്യത്തിലും 4% തുക ഫോം വർക്കിനായി ഉൾപ്പെടുത്തുകയും കരാറുകാരന് അനുവദിക്കുകയും ചെയ്തിരിക്കുന്നു. യഥാർത്ഥത്തിൽ ഈ പ്രവൃത്തിയ്ക്ക് എടുക്കേണ്ടിയിരുന്ന 75.8.1A ഇനം പ്രവൃത്തിയ്ക്ക് പകരം തെറ്റായ ഇനം എടുത്തത് മൂലം അധികം ചെലവ് വന്നു. 16.10.24 ന് ഇപ്രകാരം പ്രവൃത്തി നടപ്പിലാക്കിയ പൂവ്വാട്ട് പറമ്പ് എരഞ്ഞിക്കൽ റോഡ് സന്ദർശിച്ചപ്പോൾ റോഡിൽ 72 മീറ്റർ നീളത്തിൽ പ്രവൃത്തി നടത്തിയതിൽ 90 % ത്തിലധികവും കോൺക്രീറ്റ് ചെയ്യുന്നതിന് ഫോം വർക്ക് ആവശ്യമില്ലാത്ത സ്ഥലമാണെന്ന് ബോധ്യപ്പെട്ടു. ഫോം വർക്കിന്റെ ആവശ്യമുണ്ടോ എന്ന് പരിശോധിക്കാതെയാണ് എല്ലാ പ്രവൃത്തികളിലും ഫോം വർക്ക് ഉൾപ്പെടുന്ന എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടത്തി അധിക ചെലവ് വരുത്തിയിട്ടുള്ളത്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (39/ *23-24 തിയ്യതി 17-10-*24) മറുപടി നകിൽയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അപാകത പരിഹരിച്ചതിന്റെ വിശദാംശങ്ങൾ രേഖകൾ സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

**1-31 വീട് റിപ്പയർ പൂർത്തീകരിച്ചില്ല**

പഞ്ചായത്തിലെ ശ്രീ അനീഷ് പുൽപ്പറമ്പിൽ , പെരിങ്ങൊളം വാർഡ് 2 എന്ന വ്യക്തി 2021-22 സാമ്പത്തിക വർഷത്തിൽ മേൽക്കൂര മാറ്റൽ പദ്ധതി പ്രകാരം എഗ്രിമെന്റ് വെക്കുകയും 14-1-22ന് ആദ്യ ഗഡു 35000 രൂപ നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെ വീട് റിപ്പയർ പൂർത്തീകരിച്ചിട്ടില്ല. പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ആവശ്യമായ ഇടപെടലുകൾ നടത്തുന്നതിന് 31-1-2024 ലെ 5/1 ഭരണ സമിതി തീരുമാന പ്രകാരം വാർഡ് മെമ്പറെ ചുമതലപ്പെടുത്തി.

ശ്രീ അനീഷ് പുൽപ്പറമ്പിലിന്റെ വീട് റിപ്പയർ പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (13/2023-24 തീയതി 14-10-2024) മറുപടി നൽകിയിട്ടില്ല. ടിയാന്റെ വീട് റിപ്പയർ പൂർത്തിയാക്കാൻ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

**1-32 ജംഗമ വസ്തുക്കൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റെ വിശദാംശം ലഭ്യമല്ല.**

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരം അവയ്ക്ക് നേരെ കാണിച്ച ആസ്തികൾ സൃഷ്ടിച്ചിട്ടുണ്ട്.

| ക്രമ നം | പ്രോജക്ട് നം/പേര് | ചെലവ് തുക,ഫണ്ടിനം | സൃഷ്ടിച്ച ആസ്തിയുടെ വിവരം |
|---|---|---|---|
| 1 | 286/24 ഹരിതകർമ്മസേനക്ക് മാലിന്യം നീക്കം ചെയ്യുന്നതിന് വണ്ടി വാങ്ങൽ | 545818 (നഗര സഞ്ചയ ഫണ്ട്) | Piagio Electric Pickup Van - 1 |
| 2 | 169/24 ഗ്രാമ പഞ്ചായത്ത് ഹാളിലേക്ക് മൈക്ക് സെറ്റ് വാങ്ങൽ | 109760 (തനത് ഫണ്ട്) | സ്പീക്കർ, വയർലസ്സ് മൈക്ക് , മൈക്രഫോൺ, സ്പീക്കർ Base തുടങ്ങിയവ - 1 |

മേൽ പറഞ്ഞ പ്രോജക്ടുകൾ പ്രകാരം സമാഹരിച്ച ജംഗമ ആസ്തികൾ ഗ്രാമ പഞ്ചായത്തിന്റെ ജംഗമ വസ്തുക്കളുടെ ആസ്തി രജിസ്റ്ററിൽ ചേർത്തതിന്റെ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (21/2023-24 തീയതി 7-10-2024) മറുപടിനൽകിയിട്ടില്ല. പ്രോജക്ടുകൾ പ്രകാരം സമാഹരിച്ച ജംഗമ ആസ്തികൾ ഗ്രാമ പഞ്ചായത്തിന്റെ ജംഗമ വസ്തുക്കളുടെ ആസ്തി രജിസ്റ്ററിൽ ചേർത്ത് പരിശോധനയ്ക്ക് നൽകേണ്ടതാണ്.

## 1-33 അങ്കണവാടികളിൽ വാണിജ്യാവശ്യത്തിനുള്ള ഗ്യാസ് കണക്ഷൻ - അധിക ചെലവുണ്ടാകുന്നു

അനുപൂരക പോഷകാഹാര വിതരണത്തിന്റെ ഓഡിറ്റിന്റെ ഭാഗമായി നടന്നിട്ടുള്ള പാചകവാതക ചെലവു വിശദാംശം പരിശോധിച്ചതിൽ പഞ്ചായത്തിൽ 40 അങ്കണവാടികളിൽ വാണിജ്യാവശ്യത്തിനുള്ള ഗ്യാസ് കണക്ഷനുകളാണ് ഉപയോഗിച്ചുവരുന്നത് എന്ന് കാണുന്നു. ഈയിനത്തിൽ വലിയൊരു തുകയാണ് ചെലവഴിക്കുന്നത്. ലാഭേച്ഛയില്ലാതെ തികച്ചും സേവനാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് ഗാർഹിക നിരക്കിലുള്ള സിലിണ്ടറിന് അർഹതയുണ്ട്. ഈ വിഷയം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 29/16.10.2024) ലഭ്യമാക്കിയ മറുപടിയിൽ തുടർനടപടികൾ സ്വീകരിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടുണ്ട്. അപാകത പരിഹരിക്കപ്പെടുന്ന മുറക്ക് അറിയിക്കേണ്ടതാണ്.

## 1-34 ഭിന്നശേഷി സ്കോളർഷിപ്പ് - പ്രോജക്ട് നിർവ്വഹണത്തിലെ ന്യൂനതകൾ.

പ്രോജക്ട് നമ്പർ : 75/24.

പ്രോജക്ട് : പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാത്ഥികൾക്ക് സ്കോളർഷിപ്പ് .

അടങ്കൽ - 4500000/- (1680000 (പ്ലാൻ ഫണ്ട്) +615000 (തനത്ഫണ്ട്) ; 1300000 (ബ്ലോക്ക്പഞ്ചായത്ത്) +905000 (ജില്ലാപഞ്ചായത്ത്)

ചെലവ് - 3414850/- (1679900 (പ്ലാൻ ഫണ്ട്) +614950 (തനത്ഫണ്ട്) + 840000 (ബ്ലോക്ക്പഞ്ചായത്ത്) +280000 (ജില്ലാപഞ്ചായത്ത്) .

നിർവ്വഹണ ഉദ്യോഗസ്ഥ – ഐസിഡിഎസ് സൂപ്പർവൈസർ.

മേൽ ചേർത്ത പ്രകാരം 2023-24 ൽ മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിഭാഗം ഉൾപ്പടെയുള്ള കുട്ടികൾ പഠിക്കുന്ന ക്ലാസ്സിന്റെ, അംഗപരിമിതിയുടെ രേഖകളുടെ അടിസ്ഥാനത്തിൽ തുക അനുവദിക്കുന്നതിനാണ് പ്രോജക്ട് .

നിർവ്വഹണത്തിൽ കണ്ട ന്യൂനതകൾ താഴെ ചേർക്കുന്നു.

1) പദ്ധതി മാർഗ്ഗരേഖ പ്രകാരം (സ.ഉ (കൈ) നം.115/2022/തസ്വ.ഭവ തീയതി 28.05.22) ശാരീരിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കും മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കും അനുവദിക്കേണ്ട നിരക്കുകൾ പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ വിവിധ ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അനുവദിക്കേണ്ട തുക പൂർണ്ണമായി അനുവദിച്ചതായി കാണുന്നില്ല.

1) അനുവദനീയമായ തുക : 13500/- രൂപ

| വിദ്യാർത്ഥിയുടെ പേര് | പഠിക്കുന്ന ക്ലാസ്സ് | അനുവദിച്ച തുക |
|---|---|---|
| LUBNA P.P | MA | 13000 |
| MUHAMMED FASIL | POLY/VOCATIONAL | 13000 |
| MUHA MMED AFTHAL | POLY/VOCATIONAL | 13000 |

2) പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്ഥാപന മേധാവിയുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിക്കേണ്ടത്. എന്നാൽ വിദ്യാർത്ഥികളുടെ അപേക്ഷകൾ ഓഡിറ്റ് വേളയിൽ പരിശോധിച്ചതിൽ സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം ഉണ്ടായിട്ടില്ല.

| വിദ്യാർത്ഥിയുടെ പേര് | അപേക്ഷ പ്രകാരം പഠിക്കുന്ന ക്ലാസ്സ് | അനുവദിച്ച തുക |
|---|---|---|
| ANJA NADAS K | BA(ENG) I Yr | 13000 |

3) ഓഡിറ്റ് വർഷം ഫയൽ പ്രകാരം ആകെ 200 പേരാണ് ധനസഹായത്തിന് അർഹതയുള്ളത്. എന്നാൽ ഗുണഭോക്തൃ ലിസ്റ്റ് 150 പേരുടേതാണ് അംഗീകരിച്ചിട്ടുള്ളത്. ഇതിന് പുറമെ 25 പേരുടെ പട്ടിക അംഗീകരിക്കുന്നതിനായി ഭരണസമിതിക്ക് നൽകിയ കത്തും ഫയലിലുണ്ട്. ശേഷിക്കുന്നവരുടേത് അംഗീകരിക്കുന്ന മുറക്ക് അറിയിക്കേണ്ടതാണ്.

ഓഡിറ്റ് വർഷം മുഴുവൻ പേർക്കും അർഹിക്കുന്ന മുഴുവൻ തുകയും നൽകിയിട്ടില്ല. 13500/- രൂപ അർഹതയുള്ളവർക്ക് 7380/-, 10000/- തുടങ്ങിയ തുകകളാണ് അനുവദിച്ചിട്ടുള്ളത്.

ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് മുടക്കം കൂടാതെ അതാതു മാസം തുക നൽകുന്നതിന് പ്രോജക്ട് മുൻഗണന നൽകേണ്ടതുണ്ട്. കൂടാതെ പ്ലാൻ ഫണ്ട് മുഴുവൻ ചെലവ് ചെയ്തിട്ടും തുക നൽകാൻ അവശേഷിക്കുന്ന അടിയന്തിര ഘട്ടത്തിൽ, മുന്തിയ പരിഗണന നല്കേണ്ടതിനാലും തനത് ഫണ്ട് കൂടുതൽ വകയിരുത്തി തുക നൽകാവുന്നത് സംബന്ധിച്ച് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. [ഓഡിറ്റ് എൻക്വയറി നം. 33/16.10.2024 ].

## 1-35 പയറു കൃഷി വികസനം - യൂണിറ്റ് കോസ്റ്റിനേക്കാൾ അധിക നിരക്കിൽ വിത്ത് വാങ്ങി

പ്രൊജക്ട് നമ്പർ. 320/24 .

അടങ്കൽ : ₹28800/- (പ്ലാൻഫണ്ട്-ജനറൽ)

ചെലവ് : ₹28800/-

നിർവ്വഹണ ഉദ്യോഗസ്ഥൻ : കൃഷി ഓഫീസർ.

ബിൽ/ തീയതി : 360852001300984407/ 27.12.23.

മേൽ ചേർത്ത പ്രൊജക്ട് പ്രകാരം വി.എഫ്.പി.സി.കെ യിൽ നിന്നും ഗ്രീൻഗ്രാം 144 കിലോ 200/-രൂപ നിരക്കിൽ ഇൻവോയിസ് നം. KKB2323/S1163/15-12-23 പ്രകാരം 28800/- രൂപയ്ക്ക് വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തു. എന്നാൽ 2023- 24 ലെ നിശ്ചയിച്ച ജില്ലാതല യൂണിറ്റ് കോസ്റ്റ് പ്രകാരം ഒരു കിലോക്ക് 180/- രൂപയാണ് നൽകാവുന്ന പരമാവധി വില. ജില്ലാതല യൂണിറ്റ് കോസ്റ്റിന്റെ പരമാവധി നിരക്ക് നിജപ്പെടുത്തിയതിലും അധികം തുക അനുവദിക്കാനുണ്ടായ കാരണം വ്യക്തമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.43/17.10.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-36 ഉപകരണങ്ങൾ വാങ്ങിയത് മുഴുവൻ പ്രവർത്തനസജ്ജമായില്ല.

പ്രൊജക്ട് നമ്പർ : 299/24.

അടങ്കൽ : 135000/- (10000/- തനത്ഫണ്ട് ; 125000/- ബ്ലോക്ക്ഫണ്ട്)

ചെലവ് : 121475/-

വൗച്ചർനം. KLGBH24090713315

നിർവ്വഹണ ഉദ്യോഗസ്ഥ : ഐസിഡിഎസ് സൂപ്പർവൈസർ.

Kerala State Women Development Corporation -ൽ നിന്നും നാല് സാനിറ്ററി പാഡ് ഡിസ്പോസർ വാങ്ങിയിട്ടുണ്ട്. ആയതിൽ പഞ്ചായത്ത് എം.സി.എഫ്, പി.എച്ച്.സി എന്നിവിടങ്ങളിൽ സ്ഥാപിച്ചതിന്റെ റിപ്പോർട്ട് ലഭ്യമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.31/16.10.2024) ലഭ്യമാക്കിയ മറുപടിയിൽ പി.എച്ച്.സി യിൽ സ്ഥാപിച്ചിട്ടുണ്ടെന്നും വൈദ്യുതി കണക്ഷൻ നൽകുന്ന പ്രവൃത്തി ബാക്കിയുണ്ടെന്നും, എം.സി.എഫി ൽ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തി പൂർത്തിയാക്കിയ ശേഷം ഇൻസ്റ്റോൾ ചെയ്യുമെന്നും അറിയിച്ചു. തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

## 1-37 ന്യൂട്രിമിക്സ് സാമ്പിളുകളുടെ ഗുണനിലവാര പരിശോധന റിപ്പോർട്ട് ലഭ്യമല്ല

പ്രൊജക്ട് നമ്പർ : 91/24

പ്രൊജക്ട് : അംഗനവാടി പോഷകാഹാരം.

നിർവഹണ ഉദ്യോഗസ്ഥ : ഐ.സി.ഡി.എസ്. സൂപ്പർവൈസർ.

2023-24 വർഷത്തിൽ അംഗനവാടി പൂരക പോഷകാഹാരം പദ്ധതികളുടെ ഭാഗമായി ഒളവണ്ണയിലെ

ജീവാമൃതം ന്യൂട്രീമിക്സ്' എന്ന നിർമ്മാണ യൂണിറ്റിൽ നിന്നും THRS വാങ്ങി പഞ്ചായത്തിലെ അങ്കണവാടികൾ മുഖേന അതാത അങ്കണവാടി പരിധിയിലുള്ള മൂന്ന വയസ്സുവരേയുള്ള കുട്ടികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. സാമൂഹ്യക്ഷേമ ഡയറക്ടറുടെ ലെറ്റർ നമ്പർ ഐ.സി.ഡി.എസ് ബി.3-312/2010, 18.12.2010 പ്രകാരം രണ്ട് മാസത്തിലൊരിക്കൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഫുഡ് ടെസ്റ്റ് ലാബുകളിൽ നിശ്ചിത ഇടവേളകളിൽ പരിശോധനയ്ക്ക് വിധേയമാക്കിയ ലാബ് ടെസ്റ്റ് റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.34/23-24/16.10.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് പരാമർശത്തിൽ പറഞ്ഞ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

**1-38 അതി ദരിദ്രർക്കുള്ള ഭവന പദ്ധതികൾ നടപ്പിലാക്കുന്നതിൽ വീഴ്ച**

ഗ്രാമ പഞ്ചായത്തിൽ ദാരിദ്ര്യ നിർമ്മാർജനം നടത്തുക എന്ന ഉദ്ദേശത്തോടെ ആരംഭിച്ച പദ്ധതിയാണ് അതിദാരിദ്ര്യ നിർമ്മാർജന പദ്ധതി (EPEP). പദ്ധതിയിൽ അംഗീകരിച്ച അതിദരിദ്രരുടെ ലിസ്റ്റിൽ 92 ഗുണഭോക്താക്കളായിരുന്നു ഉണ്ടായിരുന്നത്. ഇതിൽ 10 പേർ മരണപ്പെട്ടു. ഇവർക്കാവശ്യമായ പദ്ധതികൾ നടപ്പിലാക്കുന്നതിന് ഗ്രാമ പഞ്ചായത്ത് തയ്യാറാക്കിയിട്ടുള്ള മൈക്രോ പ്ലാൻ പ്രകാരം വീട് ആവശ്യമുള്ള 30 ഗുണഭോക്താക്കളുണ്ട്. ഇതിൽ 7 ഗുണഭോക്താക്കൾക്ക് മാത്രമാണ് ഭവന നിർമ്മാണം പൂർത്തിയാക്കിയത്. 2 ഗുണഭോക്താക്കളുടെ വീട് നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ഭൂമി ആവശ്യമുള്ള 10 ഗുണഭോക്താക്കൾക്കായി ഭൂമി കണ്ടെത്താൻ സാധിച്ചിട്ടില്ല. പുതുതായി ചേർത്ത 5 ഗുണഭോക്താക്കൾ ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. പദ്ധതിയിലെ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തിയാക്കാത്തതിനാൽ തന്നെ പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല.

| ഗുണഭോക്താവ് | വാർഡ് |
|---|---|
| ചന്ദ്രമതി വളപ്പിൽ | 10 |
| അബ്ദുള്ള റഹിമാൻ ചെറുകുന്നമ്മൽ | 10 |
| മനോജ് കുമാർ കാവുകുന്നമ്മൽ | 10 |
| ഷീജ പുത്തലത്ത് മീത്തൽ | 20 |
| ബാലു സദാശിവം ബി.കെ കോർട്ടേഴ്സ് | 10 |
| കാർത്ത്യായനി കണ്ണച്ചോത്ത് മീത്തൽ | 10 |
| ചന്ദ്രൻ കേളം പറമ്പത്ത് | 6 |
| പുഷ്പ കുറ്റി പുറത്ത് കണ്ടി | 13 |
| മുഹമ്മദ് കേളം പറമ്പത്ത് | 6 |
| സുലൈഖ കേളം പറമ്പത്ത് | 6 |
| സുബൈർ മണ്ണുങ്ങൽ | 16 |
| ബിന്ദു തവിട്ടേരി പ്പാറ | 18 |
| പരമേശ്വരൻ വലിയ പറമ്പിൽ | 20 |
| രജിത പ്രഭ കുഴികണ്ടത്തിൽ | 20 |
| ജാസ്മിൻ ലൂയിസ് | 7 |
| ബാലൻ തട്ടരുകണ്ടിയിൽ | 3 |

| | |
|---|---|
| ആഷിനെ എടക്കണ്ടി | 22 |
| ഉഷ പുതുക്കുടി പുറായിൽ | 14 |
| പ്രേമരാജൻ എടക്കനി | 15 |
| ഷീബ കല്ലടം കണ്ടി | 18 |

മുന്തിയ പരിഗണന നൽകി നടപ്പിലാക്കേണ്ട പദ്ധതി നടപ്പിലാക്കുന്നതിന് കാലതാമസം വരുത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ആനുകൂല്യം ലഭിക്കാതെ ഗുണഭോക്താക്കൾ മരണപ്പെടുന്ന സാഹചര്യവും ഉണ്ടായിട്ടുണ്ട്. ലിസ്റ്റിൽ ഉൾപ്പെട്ട, ആരും ആശ്രയമില്ലാത്ത/ അലഞ്ഞു തിരിഞ്ഞു നടക്കുന്ന/സ്വന്തമായി വീട് നിർമ്മിക്കാൻ സാധിക്കാത്ത ഗുണഭോക്താക്കൾക്ക് വീട് നിർമ്മിച്ചു നൽകുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

**1-39 ആർ-ട്രാക്ക് -റോഡ് കണക്ടിവിറ്റി മാപ്പിങ്ങ് ആസ്തി സംരക്ഷണ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.**

നിർവ്വഹണ ഉദ്യോഗസ്ഥ – അസിസ്റ്റന്റ് എഞ്ചിനീയർ

പദ്ധതി - 281/24

ബിൽ നം/തീയ്യതി – 143/ 10.10.230

പഞ്ചായത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തികളുടെ സമഗ്ര വികസനമാണ് ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്. പദ്ധതി പരിശോധിച്ചതിൽ സർക്കാർ നിർദ്ദേശിക്കും പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി നടപ്പിലാക്കിയിട്ടില്ല. ആസ്തികളുടെ കൃത്യമായ കണക്ക് ലഭിക്കുന്നതിന് ആസ്തികൾ ഡിജിറ്റലൈസ് ചെയ്യുന്നതിന് 66000 രൂപ തനത് ഫണ്ട് വകയിരുത്തി പദ്ധതി രൂപീകരിച്ച് ഓഡിറ്റ് വർഷം 41000 രൂപ ചെലവഴിച്ച് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള ആസ്തികൾ ഡിജിറ്റലൈസ് ചെയ്ത് കാലികമാക്കുന്നതിനാണ്, റോഡ് കണക്ടിവിറ്റി മാപ്പിങ്ങ് (R-Track) ആർട്രാക്ക് പദ്ധതി നടപ്പിലാക്കിയത്. ആസ്തി ഡിജിറ്റലൈസേഷൻ പൂർത്തിയാക്കി KSREC (Kerala State Remote Sensing And Enviornment Centre) തയ്യാറാക്കിയ ഓൺലൈൻ പ്ലാറ്റ്ഫോമിലേക്ക് വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. നിലവിൽ ആർട്രാക്ക് സർവ്വെ പൂർത്തീകരിച്ചതായി അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു. എന്നാൽ ഡാറ്റ മുഴുവനും ക്രോഡീകരിച്ച് റോഡ് കണക്ടിവിറ്റിയാക്കി പകർപ്പ് എ.ഇ യ്ക്ക് കൈമാറേണ്ടതാണ്. കൂടാതെ ഈ വിവരങ്ങൾ ഗ്രാമ പഞ്ചായത്ത് നിലവിൽ ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയറുമായും ലിങ്ക് ചെയ്യേണ്ടതുണ്ട്. ഈ പ്രവൃത്തികൾ പൂർത്തിയായിട്ടില്ല. പഞ്ചായത്ത് ഡയറക്ടറുടെ 31.10.22 ലെ PAN/3173/2021-JI(DP) സർക്കുലർ പ്രകാരം ആർ -ട്രാക്ക് ൽ ലഭ്യമായിട്ടുള്ള ഡാറ്റയ്ക്ക് അനുസരിച്ച് മാത്രമേ മെയിന്റനൻസ് ഗ്രാന്റ് ലഭിക്കുകയുള്ളൂ. 2022 നവംബറിനകം പൂർത്തിയാക്കണമെന്നായിരുന്നു സർക്കുലറിൽ നിർദ്ദേശിച്ചിരുന്നത്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി പൂർത്തീകരിച്ച് രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

**1-40 കുടിവെള്ള പദ്ധതികൾ ലക്ഷ്യം കൈവരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്**

ഗ്രാമ പഞ്ചായത്ത് ഓഡിറ്റ് വർഷത്തിൽ നടപ്പിലാക്കിയിട്ടുള്ള താഴെ പറയുന്ന കുടിവെള്ള പദ്ധതികൾ ലക്ഷ്യം കൈവരിച്ചത് സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

| പദ്ധതി | ചെലവ് | റിമാർക്സ് |
|---|---|---|
| 209/24 പുത്തിലം പറമ്പ് കോളനി കുടിവെള്ള പദ്ധതി പൂർത്തീകരണം | 138054 ബിൽ470/19.3.24 | കിണർ, ടാങ്ക്, പൈപ്പ് ലൈൻ വൈദ്യുതീകരണം എന്നിവയ്ക്ക് പദ്ധതി |

| | | |
|---|---|---|
| | | നടപ്പിലാക്കി |
| 206/24മക്കിണിയോട്ട് കുടിവെള്ള പദ്ധതി | 261967 ബിൽ108/16.8.23 | കിണർ ആഴം കൂട്ടുന്നതിന് പദ്ധതി നടപ്പിലാക്കി |
| 199/24പാലക്കോട്ട് കുടിവെള്ള പദ്ധതി | 937265 ബിൽ- 236/2.12.23,251 /7.12.23 | കിണറും പമ്പ് ഹൌസും പുതുക്കി നിർമ്മിക്കുന്നതിന് പദ്ധതി നടപ്പിലാക്കി |

മേൽ പദ്ധതികളിൽ വൈദ്യുതി ലഭിച്ചതിന്റെയും ജലലഭ്യതയുടെയും കുടിവെള്ള വിതരണം ആരംഭിച്ചതിന്റെയും പദ്ധതി തുടർ നടത്തിപ്പ് ഉണഭോക്തൃ സമിതിയ്ക്ക് കൈമാറിയതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (20/ 23-24 തിയ്യതി 17-10-24) മറുപടി നൽകിയിട്ടില്ല. വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-41 കൃത്യമായ ആസ്തി സംരക്ഷണ പദ്ധതികൾ ഇല്ലാത്തതിനാൽ ഗ്രാമ പഞ്ചായത്തിന് അധിക ചെലവ്

റോഡ് റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഗ്രാമപഞ്ചായത്ത് ആസ്തി സംരക്ഷണ പദ്ധതികൾ നടപ്പിലാക്കേണ്ടതുണ്ട്. ആസ്തി സംരക്ഷണ പദ്ധതികൾ നടപ്പിലാക്കുന്നതിലുള്ള വീഴ്ച മൂലം റോഡുകൾ സമയാസമയങ്ങളിൽ മെയിന്റനൻസ് ചെയ്യാത്തതിനാൽ പൂർണമായും പൊളിഞ്ഞു പോകുന്ന അവസ്ഥ ഉണ്ടാകുകയും റോഡ് മെയിന്റനൻസ് പ്രവൃത്തികൾ നടത്തേണ്ടി വരുമ്പോൾ പഴയ റോഡിന്റെ ഉപരിതലം മുഴുവനും സ്കാരിഫൈ ചെയ്ത് പുതിയ റോഡ് ഉണ്ടാക്കുന്ന രീതിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കി പദ്ധതികൾ നടപ്പിലാക്കേണ്ടി വരുകയും ചെയ്യുന്നു. സമയബന്ധിതമായി റോഡുകൾ മെയിന്റനൻസ് ചെയ്യാത്തതിനാലാണ് പൂർണമായും തകർന്ന പോകുന്ന അവസ്ഥ ഉണ്ടായത്. തൻവർഷം നടപ്പിലാക്കിയ റോഡുകളുടെ മെയിന്റനൻസ് പ്രവൃത്തികളിലേറെയും ഇത്തരത്തിൽ സമയബന്ധിതമായി മെയിന്റനൻസ് പ്രവൃത്തി നടത്താത്തതിനാൽ അധിക ചെലവ് വന്ന പ്രവൃത്തികളാണ്. റോഡ് മെയിന്റനൻസ് പ്രവൃത്തികളിലെല്ലാം സമയബന്ധിതമായി മെയിന്റനൻസ് പ്രവൃത്തി നടത്താത്തതിനാൽ ഫൌണ്ടേഷൻ പ്രിപ്പറേഷൻ, വെറ്റ്മിക്സ് മെക്കാഡം, പ്രൈം കോട്ട് എന്നീ ഇനങ്ങൾ ചെയ്യേണ്ടി വന്നതിനാലാണ് അധിക ചെലവ് വന്നിട്ടുള്ളത്. പഞ്ചായത്ത് പരിധിയിലെ റോഡുകളുടെ മെയിന്റനൻസ് പ്രവൃത്തികൾ മുൻഗണനാ ക്രമത്തിൽ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. റോഡുകളുടെ ബിറ്റുമിൻ പ്രതലം പൂർണ്ണമായി നഷ്ടപ്പെട്ട ശേഷമാണ് റോഡ് മെയിന്റനൻസ് പ്രവൃത്തികൾ നിർവ്വഹിക്കുന്നത് . റോഡ് പ്രതലം സ്കാരിഫൈ ചെയ്ത് ജി.എസ്.ബി ഡബ്ലിയു.എം.എം എന്നിവ വീണ്ടും നിർവ്വഹിക്കേണ്ടി വരുന്നത് അധിക ചെലവിന് കാരണമാകുന്നുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊ നം, പേര് | ബേസ് പുനർ നിർമ്മാണത്തിനായി നിർവ്വഹിച്ച ഇനങ്ങളും അളവും | ബേസ് പുനർ നിർമ്മാണത്തിനായി ചെലവഴിച്ച തുക (എം.ബുക്ക് പ്രകാരം ) |
|---|---|---|
| 237/24 പൂവാട്ടു പറമ്പ് എരഞ്ഞിക്കൽ റോഡ് റീ ടാറിങ്ങ് | 3.2 Scarify 380.413 $M^2$@10.60 =4032.38<br>4.1.A.1 GSB 6.238$^{m3}$ @3227=20130.03<br>4.9 WMM 52.739 $^{M3}$ @3602=189966 | 214128.29 |
| 242/24 വെള്ളി പറമ്പ് 6/2 പാലാട്ട് താഴ റോഡ് | 3.2 Scarify 204.755 $M^2$@10.70=2190.88<br>4.1.A.1 GSB 11.490$^{m3}$ @3257.=37422.93 | 142423.81 |

| | | |
|---|---|---|
| | 4.9 WMM 30 $^{M3}$ @3427=102810 | |
| 236/24 അലുവാമ്പിലാക്കൽ പൂവാട്ടു പറമ്പ് റോഡ് റീ ടാറിങ്ങ് | 3.2 Scarify 239.790 $M^2$@10.70 =2565.75<br>4.1.A.1 GSB 14.590$^{m3}$ @3242.10=47302.24<br>4.9 WMM 34.350 $^{M3}$ @3422.427=117717.45 | 167585.44 |

സമയബന്ധിതമായി പുനരുദ്ധാരണ പ്രവൃത്തികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിലുണ്ടായിട്ടുള്ള വീഴ്ച മൂലം സ്ഥാപനത്തിന് ആസ്തി സംരക്ഷണത്തിനായി അധിക തുക ചെലവഴിക്കേണ്ടി വന്നിട്ടുണ്ട്. ആസ്തി സംരക്ഷണ പദ്ധതിയുടെ അഭാവമാണ് അപാകതക്ക് കാരണമായിട്ടുള്ളത്.

സ.ഉ.(കൈ) നം.84/തസ്വഭവ തീയതി. 19.04.2022 പ്രകാരമുള്ള പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 6.8 പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനതുഫണ്ടും ഉപയോഗപ്പെടുത്തി റോഡ്-റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സ്ഥാപനത്തിൽ നാളിതുവരെ പ്രത്യേക ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കിയിട്ടില്ല. റോഡിതര മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനത്തിന് മുൻഗണന നൽകി വിനിയോഗിക്കുന്നതിനുള്ള പ്രോജക്ടുകൾ തയ്യാറാക്കേണ്ടതുണ്ട് എന്നും നിഷ്കർഷിക്കുന്നുണ്ട്. ഇതിനായി പഞ്ചായത്തിലെ ആസ്തികളുടെ സംരക്ഷണത്തിന് മതിയായ പ്രാധാന്യം നൽകി പ്രൊജക്ടുകൾ ആവിഷ്കരിക്കേണ്ടതുണ്ട്. മെയിന്റനൻസ് ഫണ്ട് വിനിയോഗം സംബന്ധിച്ച ത.സ്വ.ഭ. വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെയും സർക്കുലറുകളിലെയും നിബന്ധനകൾ പാലിച്ചു കൊണ്ടായിരിക്കണം ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടത്. പഞ്ചായത്ത് ഒരു അസറ്റ് മാനേജ്മെന്റ് പ്ലാൻ അംഗീകരിച്ചതായോ, അതിനുവേണ്ട നടപടികൾ സ്വീകരിച്ചതായോ പഞ്ചായത്തിന്റെ വിവിധ മിനുട്സ് ബുക്കുകൾ പരിശോധിച്ചതിൽ കാണാൻ കഴിഞ്ഞില്ല. അതുകൊണ്ടുതന്നെ ഇപ്രകാരമുള്ള ഒരു സമീപന രേഖയുടെ അഭാവത്തിലാണ് ഗ്രാമപഞ്ചായത്ത് അതിന്റെ ആസ്തികളുടെ നിർമ്മാണം, പരിപാലനം, കൈയൊഴിയൽ എന്നിവയുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചതെന്ന് കാണുന്നു. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.22/ *23-24 തിയ്യതി 16-10-2*4) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അപാകത പരിഹരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

**1-42 കരാറുകാർ നിർമ്മാണ പ്രവൃത്തികളുടെ ഇൻഷുറൻസ് എടുക്കുന്നില്ല**

നിർമ്മാണ പ്രവൃത്തികളുടെ ബിഡ് ഡോക്യുമെന്റ് ഖണ്ഡിക 12 പ്രകാരം കരാറുകാർ പ്രവൃത്തി ആരംഭിച്ച തിയ്യതി മുതൽ പൂർത്തീകരണ തിയ്യതി വരെയും, ഡിഫക്ട് ലയബി ലിറ്റി കാലയളവ് വരെയും ഉള്ള രണ്ടു ഭാഗങ്ങളിലായുള്ള ഇൻഷുറൻസ് കവറേജ് ലഭ്യമാക്കേണ്ടതുണ്ട്. എല്ലാ പോളിസികളുടേയും ഒറിജിനൽ കരാറുകാരൻ എഞ്ചിനീയർക്ക് സമർപ്പിക്കേണ്ടതുമാണ്. ഇത്തരത്തിലെടുക്കുന്ന ഇൻഷുറൻസിന്റെ കവറേജ് കരാർ തുകയുടെ 0.5% ആയിരിക്കേണ്ടതും (മിനിമം 2,00,000/-), ഇൻഷുറൻസ് വിശദാംശം പ്രവൃത്തി ആരംഭിച്ച് 15 ദിവസങ്ങൾക്കുള്ളിൽ സമർപ്പിക്കേണ്ടതുമാണെന്ന് പ്രവൃത്തി ഏൽപ്പിച്ചു കൊണ്ടുള്ള "ലെറ്റർ ഓഫ് ആക്സപ്റ്റൻസ്"ൽ ക്രമ നമ്പർ 6 ആയി വിവരിക്കുന്നുണ്ട്. എന്നാൽ പഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതികളിൽ ചില കരാറുകാർ മാത്രമാണ് ഇത്തരത്തിൽ പ്രവൃത്തി ഇൻഷൂർ ചെയ്തിട്ടുള്ളത്. മറ്റു കരാറുകാരൊന്നും പ്രവൃത്തികൾ ഇൻഷൂർ ചെയ്ത് പോളിസി ഹാജരാക്കിയിട്ടില്ല. പോളിസി ഇല്ലാത്തതിനാൽ കരാർ തുകയുടെ 0.2% രൂപ ബില്ലിൽ നിന്നും ഫൈൻ ആയി കുറവു വരുത്തുന്ന രീതിയാണ് ഇവിടെ കാണുന്നത്. ചില പ്രവൃത്തികളിൽ ഫൈൻ ഈടാക്കാതെയും ഉണ്ട്. ഗ്രാമ

പഞ്ചായത്തിൽ എം.സി.എഫ് കെട്ടിട നിർമ്മാണത്തിന്റെ അന്തിമ ഘട്ടത്തിൽ തീ പിടുത്തം ഉണ്ടായി കത്തി നശിക്കുന്ന സാഹചര്യം ഉണ്ടായിരുന്നു. നിലവിൽ രണ്ട് പ്രവൃത്തികൾ നടന്നു കൊണ്ടിരിക്കുകയായിരുന്നു. ഈ പ്രവൃത്തികളൊന്നും ഇൻഷൂർ ചെയ്തിരുന്നില്ല. 40 ലക്ഷത്തോളം രൂപ ചെലവഴിച്ച് നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടമായിരുന്നു ഇത്. ഓഡിറ്റ് വർഷം പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതിയും ഇൻഷ്വൂർ ചെയ്തിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (21/ *23-24 തിയ്യതി 16-10-*24) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അപാകത പരിഹരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

## 1-43 പദ്ധതികൾ സമഗ്രമായി തയ്യാറാക്കി നടപ്പിലാക്കാത്തതിനാൽ ലക്ഷ്യം കൈവരിച്ചില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചില പദ്ധതികളുടെ സ്ഥലം 16.10.24 ന് സന്ദർശിച്ചതിൽ പദ്ധതികൾ സമഗ്രമായി തയ്യാറാക്കി നടപ്പിലാക്കാത്തതിനാൽ ലക്ഷ്യം കൈവരിച്ച് പൊതുജനങ്ങൾക്ക് പ്രയോജനപ്രദമാക്കിയിട്ടില്ല എന്ന് കണ്ടു . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതി | ചെലവ് തുക | റിമാർക്സ് |
|---|---|---|---|
| 1 | 248/24 കൊണാറമ്പ് ഗ്രൗണ്ട് നവീകരണം | 1373427 (175/8.11.23 | നിലവിലെ ഗ്രൗണ്ടിലെ വെള്ളം കെട്ടി കിടക്കുന്നത് ഒഴിവാക്കി ഗ്രൗണ്ട് ഉപയോഗയോഗ്യമാക്കുന്നതിന് മണ്ണ് ലെവൽ ചെയ്യുന്നതിനും 25മീറ്റർ നീളത്തിൽ ഗ്രൗണ്ടിന് നടുവിൽ ഒരു ഗ്യാലറി സ്ഥാപിക്കുന്നതിനുമാണ് പദ്ധതി നടപ്പിലാക്കിയത്. 17.10.23ന് സ്ഥല സന്ദർശനം നടത്തിയപ്പോൾ പദ്ധതി പ്രകാരമുള്ള പ്രവൃത്തി പൂർത്തിയായെങ്കിലും ഗ്രൗണ്ട് പൂർണമായ തോതിൽ പ്രയോജനപ്പെടുത്താൻ പറ്റുന്ന അവസ്ഥയിലല്ല എന്ന് ബോധ്യമായി. പല സ്ഥലത്തും വെള്ളം കെട്ടികിടക്കുന്നുണ്ട്. ചുറ്റമതിൽ കെട്ടി സംരക്ഷിച്ചിട്ടില്ല. ഗ്രൗണ്ട് ഗ്രാമ പഞ്ചായത്ത് ആസ്തിയിൽ ഉൾപ്പെട്ടതിന് രേഖ ഹാജരാക്കിയിട്ടില്ല. |
| 2 | 163/24 ചാത്തമ്പത്ത് അങ്കണവാടി നിർമ്മാണം | 1094573 (558/24.03.24) | അങ്കണവാടിയ്ക്കായി കെട്ടിടത്തിനുള്ള സ്ട്രക്ചർ നിർമ്മിക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയത്. പൂർണ്ണമായും കെട്ടിടം പൂർത്തിയാക്കുന്ന രീതിയിൽ സമഗ്രമായി പദ്ധതി തയ്യാറാക്കിയിട്ടില്ല . പ്രവൃത്തി വേളയിൽ പദ്ധതി റിവൈസ് ചെയ്ത് കെട്ടിടത്തിനായി സൈഡ് കെട്ടാനും കോളം വാർക്കാനും മാത്രമാണ് തുക ചെലവഴിച്ചിട്ടുള്ളത്. 16.10.24 ന് നിർമ്മാണ സ്ഥലം സന്ദർശിച്ചു. 1094573 രൂപ ചെലവഴിച്ച് കെട്ടിടത്തിനായി സ്ഥലം ഒരുക്കുന്ന പ്രവൃത്തി മാത്രമാണ് നടന്നിട്ടുള്ളത്. തറ നിർമ്മാണം മുതൽ കെട്ടിട നിർമ്മാണം പൂർത്തിയാക്കി നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടി പുതിയ കെട്ടിടത്തിലേക്ക് മാറ്റുന്നതിനായി പദ്ധതി നടപ്പിലാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| 3 | 210/24<br>മാമ്പുഴതോട് തീരസംരക്ഷണ പദ്ധതി<br>146/24 മാമ്പുഴ സൈഡ് സംരക്ഷണ പ്രവൃത്തി | 1073055<br>(608/26.3.24)<br>533000<br>611/27.3.24 | രണ്ട് പദ്ധതികളിലായി 1606055 രൂപ ചെലവഴിച്ച് പുഴയുടെ തീരം കെട്ടി സംരക്ഷിക്കുന്ന പദ്ധതികളാണ് നടപ്പിലാക്കിയത്. ചേർന്ന സ്ഥലം ഗ്രാമ പഞ്ചായത്തിന്റെ ആസ്തിയിലുള്ള സ്ഥലമാണോ എന്നും അവിടെ എന്തെങ്കിലും പദ്ധതി തുടങ്ങുന്നതിനാണോ പുഴയുടെ ചെറിയ ഒരു ഭാഗം മാത്രം ഇത്തരത്തിൽ കെട്ടി സംരക്ഷിച്ചിട്ടുള്ളത് എന്നും വ്യക്തമാക്കേണ്ടതും ആസ്തി രജിസ്റ്ററിന്റെ പകർപ്പ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്. |

എൽ.എസ്.ജി.ഡി ചീഫ് എഞ്ചിനീയറുടെ 19.01.2017 ലെ സർക്കുലർ E2-12509/16/CE/LSGD പ്രകാരം പദ്ധതികൾ തയ്യാറാക്കുമ്പോൾ അവയുടെ പൂർണ്ണമായ പൂർത്തീകരണത്തിനാവശ്യമായ എല്ലാ ഘടകങ്ങളും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മേൽ പദ്ധതികളിലൊന്നും ഈ നിബന്ധന പാലിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( 38/ 23-24 തിയ്യതി 17-10-24) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അപാകത പരിഹരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

## 1-44 കീഴ്മാട് അങ്കണവാടി നിർമ്മാണം -പദ്ധതി നടത്തിപ്പിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥ – അസിസ്റ്റന്റ് എഞ്ചിനീയർ

പദ്ധതി നമ്പർ – 267/24 53/23

ചെലവ് തുക – 129949

ബിൽ നം/തീയ്യതി – 557/ 24.3.24

കീഴ്മാട് അങ്കണവാടിയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് പാർട്ട് ബിൽ ആയി 129949/-രൂപ തൻ വർഷം പദ്ധതിയ്ക്കായി ചെലവഴിച്ചിട്ടുണ്ട്. പ്രവൃത്തി ഫയലുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

1.പദ്ധതി സമഗ്രമായി തയ്യാറാക്കിയിട്ടില്ല. കെട്ടിടത്തിന്റെ സ്ട്രക്ചർ മാത്രമാണ് പദ്ധതിയിൽ നിർമ്മിച്ചിട്ടുള്ളത്. തുടർ പ്രവർത്തനങ്ങൾക്കായി പദ്ധതി തയ്യാറാക്കി കെട്ടിടം പൂർത്തിയാക്കിയിട്ടില്ല.

2. കരാർ പ്രകാരം (52/17.3.23) പ്രവൃത്തി 16.3.24ന് പൂർത്തിയാകേണ്ടതാണ്. എന്നാൽ പ്രവൃത്തി പൂർത്തിയായിട്ടുള്ളത് 29.6.24 നാണ്. കരാറുകാരനിൽ നിന്ന് പിഴ ഈടാക്കാതെയാണ് 2024-25 വർഷത്തിൽ ഫൈനൽ ബിൽ അനുവദിച്ചിട്ടുള്ളത്. ദീർഘീകരണത്തിനുള്ള കരാറുകാരന്റെ അപേക്ഷയോ ദീർഘിപ്പിച്ച് നൽകിയ ഉത്തരവോ ലഭ്യമാക്കിയിട്ടില്ല.

3.പ്രവൃത്തിയിൽ ഇനം ഒന്ന് (2.8.1) ആയി 52.424 $M^3$ മണ്ണ് കിളച്ചെടുത്തിട്ടുണ്ട്. ഈ മണ്ണ് ഇനം 17 ആയി (50.2.26.1) 54.484 $M^3$ മണ്ണ് ഫിൽ ചെയ്യുന്നതിന് ഉപയോഗിച്ചിട്ടില്ല. ഇതിനായി $M^3$ ന് 311 രൂപ പ്രകാരം 16944.52രൂപ ചെലവഴിച്ചിട്ടുണ്ട്. കിളച്ചെടുത്ത മണ്ണ് ഉപയോഗയോഗ്യമല്ല എന്ന് സാക്ഷ്യപ്പെടുത്തിയിട്ടുമില്ല.

4. കരാറുകാരൻ പ്രവൃത്തി ഇൻഷ്വർ ചെയ്തിട്ടില്ല. ബിൽ തുക അനുവദിച്ചപ്പോൾ പിഴ ഈടാക്കിയിട്ടുമില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (18/ *23-24 തിയ്യതി 17-10-*24) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-45 റോഡ് മെയിന്റനൻസ് – ലഭ്യമായ ഫണ്ട് വിനിയോഗിക്കുന്നതിൽ വീഴ്ച.

ഓഡിറ്റ് വർഷത്തിൽ ഗ്രാമ പഞ്ചായത്തിന് റോഡ് മെയിന്റനൻസ് ഗ്രാന്റ് 3 ഗഡുക്കളായി തുക ലഭിക്കേണ്ടതിന് പകരം രണ്ട് ഗഡുക്കൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. ചെലവ് സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ ലഭ്യമായ ഫണ്ട് വിനിയോഗിക്കുന്നതിൽ തന്നെ ഗ്രാമപഞ്ചായത്ത് വീഴ്ച വരുത്തിയിട്ടുള്ളതായി കാണാം. ഗ്രാന്റിന്റെ ഒന്നാം ഗഡു തുക 5140000 രൂപ സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ തന്നെ ലഭിച്ചിട്ടുണ്ടെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ തുടങ്ങിയത് സാമ്പത്തിക വർഷത്തിന്റെ അവസാന ഘട്ടങ്ങളിൽ മാത്രമാണ്. ഈ തുകയിൽ നിന്ന് 1683996 രൂപ മാത്രമാണ് മാർച്ച് മാസം വരെ നാല് ബില്ലുകളിലായി ചെലവഴിച്ചിട്ടുള്ളത്. എ.സി.ആർ പരിശോധിച്ചതിൽ ആകെ 19 ബില്ലുകൾ ട്രഷറിയിൽ സമർപ്പിച്ചതിൽ 15 ബില്ലുകളും മാർച്ച് മാസത്തിലാണ് സമർപ്പിച്ചിട്ടുള്ളത്. സാമ്പത്തിക വർഷത്തിൽ 29 പദ്ധതികൾ മാത്രമാണ് ഈ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കാൻ തയ്യാറാക്കിയിട്ടുള്ളൂ. ഇതിൽ 14 എണ്ണം നടപ്പിലാക്കിയിട്ടില്ല. ആകെ 9123500 രൂപ ലഭ്യമായതിൽ 2499963 രൂപ ചെലവഴിക്കാതെ ലാപ്സായിട്ടുണ്ട് . അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (24/ *23-24 തീയ്യതി 16-10-*24) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അപാകത പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതുമാണ്.

## 1-46 കുടിവെള്ള പദ്ധതികൾക്ക് മോട്ടോർ സ്ഥാപിക്കൽ പദ്ധതി -ഇൻസ്റ്റലേഷൻ ചാർജായി റെയിഡ്കോയ്ക്ക് അധിക തുക അനുവദിക്കുന്നു

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥൻ ആയി നടപ്പിലാക്കിയിട്ടുള്ള കുടിവെള്ള പദ്ധതികളിൽ താഴെ പറയുന്ന പദ്ധതികൾക്കാവശ്യമായ മോട്ടോർ സ്ഥാപിക്കുന്നതിനാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഗ്രാമ പഞ്ചായത്ത് തീരുമാന പ്രകാരം ടെണ്ടർ നടപടികൾ കൂടാതെ റെയ്ഡ്കോ എന്ന അംഗീകൃത സ്ഥാപനത്തിൽ നിന്ന് നേരിട്ട് മോട്ടോർ പമ്പ്സെറ്റുകൾ വാങ്ങിയാണ് പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളത്. റെയ്ഡ്കോ സമർപ്പിച്ചിട്ടുള്ള ഇൻവോയ്സ് പ്രകാരം തുക അനുവദിക്കുകയാണ് ചെയ്തത്. ബില്ലുകൾ പരിശോധിച്ചതിൽ പദ്ധതിയിൽ ഉയർന്ന നിരക്കിൽ ഇൻസ്റ്റലേഷൻ ചാർജ് അനുവദിച്ചതായി കാണുന്നു. റെയ്ഡ്ക്കോ സമർപ്പിക്കുന്ന ബില്ലുകൾ യാതൊരു പരിശോധനയും കൂടാതെ ബിൽ പ്രകാരമുള്ള മുഴുവൻ തുകയും അനുവദിച്ചിട്ടുണ്ട്. സ്റ്റാന്റിങ്ങ് കമ്മറ്റിയോ നിർവ്വഹണ ഉദ്യോഗസ്ഥനോ റെയിഡ്കോ സമർപ്പിച്ച ബില്ലിലെ തുകയുടെ ആധികാരികത ഉറപ്പ് വരുത്തിയിട്ടില്ല. കിണറിൽ നിന്ന് പമ്പ് ഹൗസിലേക്ക് പൈപ്പ് ഇടുന്നതിനും, പമ്പ്സെറ്റ് പാനൽബോർഡ്, മറ്റ് മെറ്റീരിയൽ എന്നിവ ഫിറ്റ് ചെയ്യുന്നതിനും മാത്രമാണ് താഴെ കാണിച്ച പ്രകാരം ഉയർന്ന നിരക്കിൽ ഇൻസ്റ്റലേഷൻ ചാർജ് അനുവദിച്ചിട്ടുള്ളത്. സ്വന്തമായി നിർമ്മിച്ചിട്ടുള്ള മോട്ടോറുകൾ സ്ഥാപിക്കുന്നതിനാണ് ടെണ്ടർ കൂടാതെ പ്രവൃത്തി നിർവ്വഹിക്കുന്നതിന് റെയിഡ്കോയ്ക്ക് അനുവാദമുള്ളത്. എന്നാൽ റെയിഡ്കോ സ്ഥാപിച്ചിട്ടുള്ളത് കിർലോസ്കർ പമ്പ് സെറ്റുകളാണ്. വിശദാംശം താഴെ കൊടുക്കുന്നു.

| പദ്ധതി | ചെലവ് തുക | ഇൻവോയ്സ് നമ്പർ | മോട്ടോറിന്റെ വില | ഇൻസ്റ്റലേഷൻ ചാർജ് |
|---|---|---|---|---|
| 190/24 തമ്പലങ്ങാട്ടുമ്മൽ കുടിവെള്ള പദ്ധതി മോട്ടോർ മാറ്റി സ്ഥാപിക്കൽ | 155307 356/ 6.2.24 | KKD/445/ 23-24/ 6.11.23 | 59885 (7.5HP) | 34220 |
| 245/24 കിഴക്കുംപാടം ലിഫ്റ്റ് ഇറിഗേഷൻ മോട്ടോർ മാറ്റി സ്ഥാപിക്കൽ | 303303 203/ 23.11.23 | KKD/392/ 23-24 / 18.10.23 | 69620 (10 HP) | 59000 |

കൂടാതെ മേൽ പദ്ധതികളിൽ മാറ്റിയിട്ടുള്ള പഴയ മോട്ടോറുകൾ എന്തു ചെയ്തു എന്ന് വ്യക്തമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (25/ 23-24 തിയ്യതി 16-10-24) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അപാകത പരിഹരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

## 1-47 നഗര സഞ്ചയ ഫണ്ട് വിനിയോഗിച്ച് പദ്ധതി നടപ്പിലാക്കാത്തതിനാൽ തുക ലാപ്സായി

കോഴിക്കോട് നഗരസഭയിൽ നിന്ന് ലഭ്യമാകുന്ന ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് നഗര സഞ്ചയ പദ്ധതി. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഓഡിറ്റ് വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2 പദ്ധതികൾ രൂപീകരിച്ചിട്ടുണ്ട്. എന്നാൽ രണ്ട് പ്രവൃത്തികളും ഓഡിറ്റ് വർഷത്തിൽ പൂർത്തിയാക്കാത്തതിനാൽ തുക ചെലവഴിക്കാൻ സാധിക്കാതെ, 2023-24 വർഷത്തെ 6039000/- രൂപ നഗര സഞ്ചയ ഫണ്ട് ലാപ്സായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതി | വകയിരുത്തിയ തുക | റിമാർക്സ് |
|---|---|---|
| 279/24 പെരുവയൽ കുളം നവീകരണം | 3000000 | പ്രവൃത്തി ടെണ്ടർ ചെയ്ത് കരാറുകാരന് സ്ഥലം കൈമാറിയത് 14.3.24 ന് മാത്രമാണ് പ്രവൃത്തി പൂർത്തിയാക്കി ഓഡിറ്റ് വർഷം ഫണ്ട് ചെലവഴിക്കാനായിട്ടില്ല. |
| 280/24 മാടത്തും കുണ്ട് ലിഫ്റ്റ് ഇറിഗേഷൻ | 3039000 | പ്രവൃത്തി ടെണ്ടർ ചെയ്ത് കരാറുകാരന് സ്ഥലം കൈമാറിയത് 24.1.24 നാണ് പ്രവൃത്തി പൂർത്തിയാക്കി ഓഡിറ്റ് വർഷം ഫണ്ട് ചെലവഴിക്കാനായിട്ടില്ല. |
| ആകെ | 6039000 | |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( 26/ 23-24 തിയ്യതി 17-10-24) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അപാകത പരിഹരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

## 1-48 തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിലെ അപാകതകൾ

ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കിയ തൊഴിലുറപ്പ് പദ്ധതികളുടെ പ്രവൃത്തി ഫയലുകൾ പരിശോധിച്ചതിൽ മെറ്റീരിയൽ സപ്ലൈ ഉൾപ്പെടുന്ന പ്രവൃത്തികൾ നടപ്പിലാക്കിയതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഇ-ടെണ്ടർ നടപടികൾ സ്വീകരിച്ചില്ല.

ഓഡിറ്റ് വർഷത്തിൽ MGNREGS പദ്ധതിയിലുൾപ്പെടുത്തി നിർവ്വഹണം നടത്തിയ മെറ്റീരിയൽ പ്രവൃത്തികളിൽ ടെണ്ടർ ചെയ്ത് കരാറുകാർ മുഖേനയാണ് മെറ്റീരിയൽ സംഭരിച്ചത്. സാധന സാമഗ്രികളുടെ സംഭരിക്കുന്നതിൽ സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല. പ്രവൃത്തികൾക്കാവശ്യമായ വിവിധങ്ങളായ മെറ്റീരിയൽ ലഭിക്കുന്നതിന് ഓരോ പ്രവൃത്തിയും മാന്വലായി ടെണ്ടർ ചെയ്യുകയും, എസ്റ്റിമേറ്റ് ക്വോട്ട് ചെയ്ത കരാറുകാരുമായി കരാർ വച്ച് സാധനങ്ങൾ ശേഖരിക്കുകയുമാണ് ചെയ്തിരിക്കുന്നത്. പ്രവൃത്തികളുടെ ടെണ്ടർ രജിസ്റ്റർ പരിശോധിച്ചതിൽ അധിക പ്രവൃത്തികൾക്കും രണ്ട് ടെണ്ടർ മാത്രം ലഭിച്ചതായും കുറഞ്ഞ ടെണ്ടർ തുക എസ്റ്റിമേറ്റ് നിരക്കായതിനാൽ, എസ്റ്റിമേറ്റ് നിരക്കിൽ എല്ലാ പ്രവൃത്തികളും കരാർ വച്ച് കൈമാറിയതായും ബോധ്യപ്പെട്ടിട്ടുണ്ട്. മെറ്റീരിയൽ ആവശ്യമായ പ്രവൃത്തികൾക്ക് സാധനങ്ങൾ ശേഖരിക്കപ്പെട്ടത് മത്സരാധിഷ്ഠിതമായല്ലെന്ന് കാണാം. ഇത്തരം പ്രവൃത്തികൾ എപ്രകാരം നിർവ്വഹിക്കണമെന്ന് നിർദ്ദേശിച്ചു കൊണ്ടുള്ള 31.1.2012 ലെ 93/2012/ തസ്വഭവ നമ്പർ ഉത്തരവിൽ നിഷ്കർഷിക്കുന്ന വിധത്തിൽ സാധനങ്ങൾ സമാഹരിക്കാത്തതാണ് ഇതിലേക്ക് നയിച്ചത് 17.06.22ലെ സ.ഉ(അച്ചടി)66/2022/Fin ഉത്തരവ് പ്രകാരം പൊതുമരാമത്ത് പ്രവൃത്തികൾ ടെണ്ടർ നടപടികൾ

സ്വീകരിക്കുമ്പോൾ എസ്റ്റിമേറ്റ് തുക പരിധിയില്ലാതെ ഇ-ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതാണ് എന്ന് നിർദ്ദേശിക്കുന്നുണ്ട്. പ്രവൃത്തികൾ വിഭജിച്ച് നല്കുന്ന പ്രവണത ഒഴിവാക്കാനാണ് ഈ ഉത്തരവ് ഇറക്കിയിട്ടുള്ളത്. സാധനങ്ങളുടെ ആവശ്യകത കണക്കാക്കിയതിനു ശേഷം ഇവ ആറുമാസ കാലയളവിലേക്ക് വിതരണം ചെയ്യുന്നവരെ തെരഞ്ഞെടുക്കുന്നതിന്, ഒരേയിനം സാധന സാമഗ്രികൾ വ്യത്യസ്ത പ്രവൃത്തികൾക്കാണെങ്കിൽ പോലും കൂടുതൽ അളവിൽ വേണ്ട പക്ഷം കൂടുതൽ മത്സരക്ഷമതയുള്ള ടെണ്ടർ ലഭിക്കുന്നതിന് ഇ ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. 2023-24 വർഷത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ 2022-23 വർഷത്തിൽ മാന്വൽ ടെണ്ടർ വഴി എസ്റ്റിമേറ്റ് നിരക്കിൽ ആണ് നടപ്പിലാക്കിയത്. സർക്കാർ നിർദ്ദേശം പാലിക്കാതെ പദ്ധതി നടപ്പിലാക്കി ഫണ്ട് നഷ്ടം വരുത്തിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് ലഭ്യമാക്കിയ മറുപടിയിൽ 2022-23 വർഷം മെറ്റീരിയൽ പ്രവൃത്തികൾക്ക് ചെലവഴിക്കാവുന്ന തുക മൊത്തം ചെലവിന്റെ 30% ത്തിൽ നിന്ന് 10% മായി വെട്ടിക്കുറച്ചതിനാൽ മുൻ വർഷങ്ങളിൽ മാന്വൽ ടെണ്ടർ വഴി വിളിച്ച പ്രവൃത്തി ഈ വർഷം നടപ്പിലാക്കിയതാണെന്ന് അറിയിച്ചിട്ടുണ്ട്. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2) മെറ്റീരിയൽ വാങ്ങുന്ന ഇനത്തിൽ വൻതുക നഷ്ടം സംഭവിക്കുന്നു.

എം.എൻ.ആർ.ഇ.ജി.എസ് പദ്ധതി പ്രകാരം നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികൾക്ക് ഗ്രാമപഞ്ചായത്ത് ടെണ്ടർ നടപടികളിലൂടെ കരാറുകാർ മുഖേന അതിനാവശ്യമായ മെറ്റീരിയൽ വാങ്ങിച്ചു നൽകിയിട്ടുണ്ട്. എല്ലാ കരാറുകാരും എസ്റ്റിമേറ്റ് നിരക്കിലാണ് മെറ്റീരിയലുകൾ വിതരണം ചെയ്തിട്ടുള്ളത്. ഗ്രാമപഞ്ചായത്തിൽ സമീപ പ്രദേശങ്ങളിൽ ധാരാളം അംഗീകൃത ക്വാറികൾ പ്രവർത്തിക്കുന്നുണ്ട്. മരാമത്ത് പ്രവൃത്തിയ്ക്ക് ആവശ്യമായ മെറ്റീരിയൽ ഗ്രാമപഞ്ചായത്തിന് ഈ ക്വാറികളിൽ നിന്ന് നേരിട്ട് വാങ്ങാമെന്നിരിക്കെയാണ് കരാറുകാർ മുഖേന ടെൻഡർ നടപടിയിലൂടെ മെറ്റീരിയൽ സംഭരിച്ചത്. പ്രവൃത്തിയ്ക്ക് വേണ്ട മെറ്റീരിയൽ ക്വാറികളിൽ നിന്ന് ഗ്രാമ പഞ്ചായത്ത് നേരിട്ട് വാങ്ങിയിരുന്നെങ്കിൽ, ഗ്രാമപഞ്ചായത്തിന് ചെലവിനത്തിൽ നല്ലൊരു തുക ലാഭിക്കാമായിരുന്നു.

എൻ.ആർ.ഇ.ജി.എസ് പ്രവൃത്തിക്ക് ഉള്ള എസ്റ്റിമേറ്റിൽ എൽ എം ആർ പ്രകാരമുള്ള മെറ്റീരിയൽ റേറ്റ് ആണ് Secure സോഫ്റ്റ്‌വെയറിൽ ഉള്ളത്. അത് ലോക്കൽ റേറ്റ് ആണെന്ന് അവകാശപ്പെടുന്നുണ്ടെങ്കിലും ഡി.എസ്.ആർ. റേറ്റിൽ നിന്നും പ്രാദേശികമായ ക്വാറികളിൽ നിന്നുള്ള റേറ്റിൽ നിന്നും വളരെ അധികം വില വ്യത്യാസം ഉണ്ട്. കൂടാതെ സാധനസാമഗ്രികൾ വിതരണം ചെയ്യുന്നതിന് സർക്കാർ പുറപ്പെടുവിച്ച 30.03.2012 ലെ 93/12/തസ്വഭവ ഉത്തരവിൽ കരാറുകാരിൽ നിന്ന് മെറ്റീരിയൽ വാങ്ങാമെന്ന് നിർദ്ദേശിച്ചിട്ടില്ല. കൂടാതെ 29.11.2010 ലെ ഭാരത സർക്കാർ മിനിസ്ട്രി ഓഫ് റൂറൽ ഡെവലപ്പ്മെന്റിന്റെ നിർദ്ദേശം ഖണ്ഡിക 2 (B)(IV) ൽ മെറ്റീരിയൽ വില റീസണബിൾ ആണെന്ന് ഉറപ്പ് വരുത്തേണ്ടതുമുണ്ട്.

ഇവിടെ മേൽ നിർദ്ദേശത്തിന്റെ വിരുദ്ധമായി മെറ്റീരിയൽ പഞ്ചായത്ത് സമീപ പ്രദേശത്തെ ക്രഷറിൽ നിന്ന് വാങ്ങേണ്ടതിന് പകരം, വിതരണത്തിനായി കരാറുകാരെ ഏല്പിച്ച് നൽകി. കൂടാതെ വില ന്യായമാണെന്ന് ഉറപ്പ് വരുത്തിയതുമില്ല. മെറ്റീരിയൽ പർച്ചേസിൽ ഇടനിലക്കാരായി കരാറുകാരെ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതായിരുന്നു. ഇത് മൂലം എൻ.ആർ.ഇ.ജി.എസ് ഫണ്ടിൽ അധിക ചെലവ് ഉണ്ടാകുന്നുണ്ട്. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റിയോ പ്രൊക്വയർമെന്റ് കമ്മറ്റിയോ വേണ്ട ജാഗ്രത പുലർത്തിയില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (40/ *23-24 തിയ്യതി 17-10-*24) 18.10.24 ന് ലഭ്യമാക്കിയ മറുപടിയിൽ ടെണ്ടർ സമർപ്പിച്ച ബില്ലിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചത് എന്ന മറുപടി തൃപ്തികരമല്ല. ഓഡിറ്റിൽ പരിശോധിച്ച ഫയലുകളിൽ എം ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകയാണ് കരാറുകാരന് അനുവദിച്ചിട്ടുള്ളത്. ആയത് സെക്വയർ സോഫ്റ്റ്‌വെയറിലെ നിരക്ക് പ്രകാരം തന്നെയാണ്. കരാറുകാരൻ സമർപ്പിക്കുന്ന ജി.എസ്.ടി. ബില്ലിൽ ടെണ്ടറിൽ രേഖപ്പെടുത്തിയതുതന്നെയാണ് ഉള്ളത്. കരാറുകാരൻ സമർപ്പിക്കുന്നതിന് ഏത് രീതിയിലായിരിക്കണമെന്ന നിബന്ധനയും പാലിച്ചിട്ടില്ല.

17.05.2024 തിയ്യതിയിൽ പ്രാബല്യത്തിലുള്ള നിരക്കുമായി താരതമ്യപ്പെടുത്തുമ്പോൾ 01.07.2022

തിയ്യതിയിലെ കരാർ നിരക്കുകളിൽ സിമന്റ്, ക്വാറി വേസ്റ്റ്, മണൽ എന്നിവ ഉയർന്ന നിരക്കിലാണ് സമാഹരിച്ചിട്ടുള്ളതെന്ന് കാണാം.

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 17.08.2022 ലെ കത്ത്, 08.07.2022 ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ആലപ്പുഴ ജില്ലാ ഓംബുഡ്സ്മാന്റെ നടപടി ക്രമം എന്നിവ പ്രകാരം സെക്യൂർ സോഫ്റ്റ്‌വെയറിലെ സിമന്റിന്റെ നിരക്ക് LMR നിരക്കിനേക്കാൾ കൂടുതലായതിനാലും എം.ആർ.പി രേഖപ്പെടുത്തിയ പാക്ക് ചെയ്ത ഉത്പന്നമായതിനാൽ എം.ആർ.പി യിൽ അധികരിച്ച തുക കരാറുകാർക്ക് അനുവദിക്കരുതെന്ന് മുട്ടാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഓംബുഡ്സ്മാന് കത്ത് നൽകിയ പരാതിയിൽ പ്രതിപാദിച്ചത് ഉദ്ധരിച്ച് മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 17.08.2022 ലെ കത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. 01.01.2024 മുതൽ 31.03.2024 വരെയുള്ള കാലയളവിലെ കോഴിക്കോട് ജില്ലയിലെ സിമന്റിന്റെ ലോക്കൽ മാർക്കറ്റ് നിരക്ക് ടണ്ണിന് 9307 രൂപയാണ്. അതായത് ബാഗിന് 465 രൂപ മാത്രം. കരാർ ചമക്കുന്ന കാലയളവിൽ സൂചനാ ഉത്തരവുകളിലെയും സർക്കുലറിലെയും നിർദ്ദേശങ്ങൾ പ്രസക്തമായിരിക്കെ സിമന്റിന്റെ വില മാർക്കറ്റ് നിരക്കിൽ പരിമിതപ്പെടുത്തുന്നതിലുണ്ടായ വീഴ്ചക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കരാറുകാർ നടപ്പാക്കിയ പ്രവൃത്തികളിൽ തുക നൽകുന്ന നടപടി പൂർത്തിയാകാത്ത സാഹചര്യത്തിൽ ലോക്കൽ മാർക്കറ്റ് നിരക്കിൽ തുക പരിമിതപ്പെടുത്തി നൽകുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതും അപാകത ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

സെക്യൂർ സോഫ്റ്റ്‌വെയറിലെ നിരക്കുകൾ നിർണ്ണയിച്ചതിലെ അപാകതകൾ പഞ്ചായത്തിന് ഉയർന്ന നിരക്കിൽ സാധനങ്ങൾ സമാഹരിക്കുന്നതിന് കാരണമായിട്ടുണ്ട്. സ.ഉ.(സാധാ).നം.1640/2016 /ത.സ്വ.ഭ.വ Dt.10.05.2016 നമ്പർ ഉത്തരവ് പ്രകാരം പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന്റെ ലോക്കൽ മാർക്കറ്റ് നിരക്കിനെ ആധാരമാക്കിയായിരുന്നു നിരക്കുകൾ നിശ്ചയിച്ചിരുന്നത്. എന്നാൽ സ.ഉ.(സാധാ).നം.3159/2018/ത.സ്വ.ഭ.വ , Dt.17.12.2018 ഉത്തരവിൽ വിശദീകരിച്ചിരിക്കുന്നത് DSR ഇനങ്ങളുടെ നിരക്കുകൾ നിശ്ചയിച്ചിരിക്കുന്നത് തദ്ദേശ സ്വയംഭരണ വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, ഇറിഗേഷൻ വകുപ്പുകളുടെ പ്രൈസിലെ മാർക്കറ്റ് നിരക്കിനെ ആധാരമാക്കിയിട്ടാണെന്നാണ്. 31.01.2024 ലെ സ.ഉ.(സാധാ).നം.265/2024/ത.സ്വ.ഭ.വ ഉത്തരവിൽ ഇപ്രകാരം നിരക്കുകൾ നിശ്ചയിക്കുന്നതിൽ അപാകതയുള്ളതിനാൽ നിരക്കുകൾ പുനർ നിർണ്ണയിക്കാൻ വേണ്ടി ജില്ലാ തല ടെക്നിക്കൽ കമ്മറ്റികൾ ഉൾപ്പെടെ പുനസംഘടിപ്പിക്കുകയും സ.ഉ(എം.എസ്) 31/2024/LSGD Dated 27/02/2024 നമ്പർ ഉത്തരവ് പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ മാർക്കറ്റ് നിരക്കുകൾ അതേപടി ഉപയോഗപ്പെടുത്തുന്ന നിലവിലെ രീതിയിൽ അപാകതകളുണ്ടെന്ന് പ്രസ്തുത ഉത്തരവിൽ പരാമർശിച്ചിട്ടുണ്ട്. ആയതിനാൽ ആറ് മാസ കാലയളവിൽ ജില്ലാ-സോൺ അടിസ്ഥാനത്തിൽ നിരക്കുകൾ ആറ് മാസ കാലയളവിൽ പുനർ നിർണ്ണയിക്കാൻ പ്രസ്തുത ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ നിരക്കുകൾ നിശ്ചയിക്കുന്നതിലെ കാലതാമസം മൂലം നിലവിലെ നിരക്കുകൾ 31.03.2025 വരെ തുടരുന്നതിനാണ് നിലവിൽ തീരുമാനിച്ചിട്ടുള്ളത്.

നിലവിലെ നിരക്കുകൾ പ്രൈസിലെ എൽ.എസ്.ജി.ഡി ലോക്കൽ മാർക്കറ്റ് നിരക്കുകളേക്കാൾ വളരെ ഉയർന്ന നിരക്കിലാണുള്ളത്. ഉദാ- ക്വാറി വേസ്റ്റിന്റെ പ്രൈസിലെ LMR നിരക്ക് 750 രൂപ മാത്രമാണ്. എന്നാൽ സെക്യൂറിലെ എസ്റ്റിമേറ്റ് നിരക്ക് 1250 രൂപയാണ്. തൊഴിലുറപ്പ് പദ്ധതിക്കായി ഇത്തരത്തിൽ ഉയർന്ന നിരക്കിൽ സാധനങ്ങൾ സമാഹരിക്കുന്നത് പദ്ധതി പ്രവർത്തനങ്ങളെ പരിമിതപ്പെടുത്തും. വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപെടുത്തി പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

### 1-49 പ്രൈസ് 3 സോഫ്റ്റ് വെയർ-പൂർണ്ണമായ വിവരങ്ങൾ ലഭ്യമാകുന്നില്ല.

ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തെ പൊതുമരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ്, ടെണ്ടർ, മൂല്യനിർണ്ണയമുൾപ്പെടെയുള്ള പൂർണ്ണമായ രേഖകൾ തയ്യാറാക്കിയിരിക്കുന്നത് പ്രൈസ് 3 സോഫ്റ്റ്‌വെയറിലാണ്. പ്രൈസ് 3 സോഫ്റ്റ്‌വെയർ പൂർണ്ണമായും ഡിജിറ്റലൈസ്ഡ് ആണ്. രേഖകൾ പൂർണ്ണമായും ഓൺലൈൻ ആയതിനാൽ പരിശോധനയും ഓൺലൈൻ ആയി നടത്തേണ്ടതുണ്ട്.

ഓഡിറ്റിന് ലഭ്യമാക്കിയ ഓഡിറ്റേഴ്സ് ലോഗിനിൽ ഓരോ എസ്റ്റിമേറ്റിലെയും Code നൽകിയാൽ ആ ഫയലുകളിലെ വിവരങ്ങൾ മാത്രമാണ് കാണാനാവുന്നത്. ഒരു സാമ്പത്തികവർഷം നടപ്പാക്കിയ പ്രവൃത്തികളുടെ ലിസ്റ്റ് എടുക്കുന്നതിനോ, അതിൽ നിന്നും ഓരോ ഫയലുകളോ, മറ്റ് വിവരങ്ങളോ ഫിൽട്ടർ ചെയ്തു പരിശോധിക്കുന്നതിനോ, സെലക്ട് ചെയ്യുന്നതിനോ സാധിക്കുന്നില്ല. ഓരോ ഫയൽ സെലക്ട് ചെയ്യുന്നതിനും അതിൽ നിന്നും ആവശ്യമുള്ള വിവരങ്ങളിലേക്ക് പോകുന്നതിനുമുള്ള ലിങ്ക് ലഭ്യമല്ല. ഒരു ഫയലിൽ നിന്ന് അടുത്ത ഫയലിലേക്ക് പോകുന്നതിനുള്ള സൗകര്യവും പ്രൈസ് 3 സോഫ്റ്റ്‌വെയറിൽ ഓഡിറ്റിന് ലഭ്യമായിട്ടില്ല.

ഈ വിഷയം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ / തീയതി |
|---|---|---|
| 2023-24 | 08-10-2024 മുതൽ 17-10-2024 വരെ | ഈ റിപ്പോർട്ടിന്റെ അതേ നമ്പറും തീയതിയും |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 126000 | സ്ഥിരം നെൽ കൃഷി വികസനം, വിത്ത്, കൂലിച്ചെലവ് | 126000 |
| | 2023-24 | 1100000 | ലൈഫ് ഭവനപദ്ധതി - ജനറൽ | 1100000 |
| | 2023-24 | 975644 | ലൈഫ് ഭവനപദ്ധതി - എസ്.സി | 975644 |
| | 2023-24 | 121475 | സാനിറ്ററി പാഡ് | 121475 |

| | | | | |
|---|---|---|---|---|
| | | | ഡിസ്പോയർ സ്ഥാപിക്കൽ | |
| | 2023-24 | 100000 | അങ്കണവാടി പോഷാകാ ഹാര പരിപാടി | 100000 |
| | 2023-24 | 840,000 | പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 840,000 |
| | 2023-24 | 500000 | ശാന്തിച്ചിറ അങ്കണവാടി നിർമാണം | 500000 |
| | 2023-24 | 521000 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 521000 |
| | 2023-24 | 500000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 462701 |
| ആകെ | | 8872000 | | 4746820 |
| ജില്ലാ പഞ്ചായത്ത് | 2023-24 | 147000 | സ്ഥിരം നെൽ കൃഷി വികസനം, വിത്ത്, കൂലിച്ചെലവ് | 147000 |
| | 2023-24 | 1250000 | ലൈഫ് ഭവനപദ്ധതി - ജനറൽ | 1250000 |
| | 2023-24 | 800000 | ലൈഫ് ഭവനപദ്ധതി - എസ്.സി | 800000 |
| | 2023-24 | 280000 | പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 280000 |
| | 2023-24 | 90306 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 90306 |
| ആകെ | | 2567306 | | 2567306 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി |
|---|---|---|---|---|
| PWDഇലക്ട്രിക്കൽ | പഞ്ചായത്ത് ഓഫീസ് ഇലക്ട്രിഫിക്കേഷൻ | 575000 | 575000 | 0 |
| PWDഇലക്ട്രോണിക്സ് | പഞ്ചായത്ത് ഓഫീസ് ഇലക്ട്രിഫിക്കേഷൻ | 175900 | 175900 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദ വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | ഓഡിറ്റ് വർഷം എടുത്ത വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|

| | | തുക | ബാക്കിയുണ്ടായിരുന്ന തുക | മുതൽ | പലിശ | തുക |
|---|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി | ജി.ഒ.(എം.എസ്) 124/2018/ L.S.G.D./ 11.09.2018 | - | 3045382 | 1272661 | -------- | 17,72,721 |

കുറിപ്പ് : വായ്പ തിരിച്ചടവ് ബാക്കി തുക വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല. ഖണ്ഡിക 1-1-13 കാണുക.

## 4-6 സ്ഥിരനിക്ഷേപങ്ങളുടെ വിവരം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

| ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡികയുടെ വിശദാംശങ്ങൾ | തുക | പേര് | തിയതി | രസീതീ നം. |
|---|---|---|---|---|
| 2020-21 ഖ. 1-11 | 13,663 | അസിസ്റ്റന്റ് എഞ്ചിനീയർ | 17/08/23 | 1230600467 |
| 2020-21 ഖ. 1-11 | 27,602 | അസിസ്റ്റന്റ് എഞ്ചിനീയർ | 17/08/23 | 1230600468 |
| | 41,265 | | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 -ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 33 | 2003-04 (പൊതു പരാമർശം) | 11-13-5-9 | മൈത്രി ഭവന പദ്ധതി | നിലനിൽക്കുന്നു. |
| 1999-00 | | 2003-04 (മറ്റ് പരാമർശം) | 11-14 | ബുദ്ധിമാന്ദ്യം സംഭവിച്ചവരുടെ പുനരധിവാസ പദ്ധതി | നിലനിൽക്കുന്നു. |
| 2003-04 | 2-4 | 2006-07 (പൊതു പരാമർശം) | 3.79.2.5 | ലേലം – കുടിശ്ശിക ഈടാക്കിയില്ല | നിലനിൽക്കുന്നു. |
| 2003-04 | 3-9 | 2006-07 | 3.79.9.2 | തൊഴിൽ സംരംഭം | ഒഴിവാക്കാൻ ശുപാർശ |
| 2003-04 | 3-13 | 2006-07 | 3.79.11.3 | കന്നുകുട്ടി പരിപാലനം | നിലനിൽക്കുന്നു. |
| 2010-11 | 3-24 | 2011-12 | 3.2.9 അനുബന്ധം 9 | കണക്ടിവിറ്റി പ്ലാൻ | നിലനിൽക്കുന്നു. |
| 2014-15 | 2-2 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി - അപാകതകൾ | നിലനിൽക്കുന്നു. |

| | | | | | |
|---|---|---|---|---|---|
| 2015-16 | 2-2 | 2016-17 | അനുബന്ധം-5 | ടി | നിലനിൽക്കുന്നു. |
| 2015-16 | 3-1 | 2016-17 | 5.2.1 | മരാമത്ത് പ്രവൃത്തികൾ – മാർക്കറ്റ് നിരക്ക് പരിഗണിക്കാതെ അധികം ചെലവ് ചെയ്തു | നിലനിൽക്കുന്നു. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### (എ). സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 11,05,97,633 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 10,09,18,817 |
| വരവിനത്തിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | -- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 18,06,115 |

### (ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

### ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1 -28 | 11,46,588 | ശ്രീമതി. സിന്ധു പി.എസ്, സെക്രട്ടറി |
| 1-26 | 1,40,692 | സവിധ്യ, മെഡിക്കൽ ഓഫീസർ, ആയുർവേദം |
| 1-25 | 2,97,360 | സുരഭി കെ., അസി.എഞ്ചിനീയർ |
| 1-27 | 1,00,000 | ഷീജ പീറ്റർ, ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| 1-36 | 1,21,475 | ഷീജ പീറ്റർ, ഐ.സി.ഡി.എസ്.സൂപ്പർവൈസർ |

### (സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

### (ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക ൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി സിന്ധു പി.എസ് - സെക്രട്ടറി | സെക്രട്ടറി പെരുവയൽ ഗ്രാമപഞ്ചായത്ത് | വിനുവിഹാർ എൻ.ഐ.ടി കോഴിക്കോട് -673601 |
| സവിധ്യ, ആയുർവേദ മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ആയുർവേദ മെഡിക്കൽ ഓഫീസർ, ആയുർവേദ ഡിസ്പെൻസറി, പെരുവയൽ | IF സ്കൈലൈൻ ഗാർമെന്റ്സ്, കെ.ടി.ഗോപാൽ റോഡ്, കോട്ടൂളി,673016 |
| സുരഭി കെ അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, പെരുവയൽ | നെല്ലിക്കോട് മീത്തൽ, പള്ളിപ്പുറം, ഒളവണ്ണ |
| ഷീജ പീറ്റർ ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ പെരുവയൽ | പാരഡൈസ്, എളമരം കടവ്, മാവൂർ പോസ്റ്റ് |

**4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ**

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|---|
| 1999-00 | കെ.എസ്.എ.കെ.കെ.ഡി/പി1 /900/2022(2) തീയതി. 27.10.22 | 2 | 30, 33 |
| 2000-01 (DCB) | കെ.എസ്.എ.കെ.കെ.ഡി/പി1 /900/2022(4) തീയതി. 27.10.22 | 1 | (5 സി) |

| | | | |
|---|---|---|---|
| 2001-02 (DCB) | കെ.എസ്.എ.കെ.കെ.ഡി/പി1 /900/2022(6) തീയതി. 27.10.22 | 1 | 20 |
| 2003-04 | കെ.എസ്.എ.കെ.കെ.ഡി/പി1 /900/2022(7) തീയതി. 27.10.22 | 6 | 2-4, 3-1, 3-2, 3-9, 3-12, 3-13 |
| 2010-11 | കെ.എസ്.എ.കെ.കെ.ഡി/പി1 /900/2022(14) തീയതി. 27.10.22 | 1 | 3-24 |
| 2011-12 | കെ.എസ്.എ.കെ.കെ.ഡി/പി1 /900/2022 തീയതി. 27.10.22(15) | 5 | 3-7, 3-19, 3-21, 3-23, 3-26, |
| 2014-15 | കെ.എസ്.എ.കെ.കെ.ഡി/പി1 /900/2022(17) തീയതി. 27.10.22 | 1 | 2-2 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി/പി1 /900/2022(18) തീയതി. 27.10.22 | 7 | 2-2, 2-4,2-5, 3-1, 3-6, 3-14, 3-16 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി/പി1 /900/2022(19) തീയതി. 27.10.22 | | 3-9, 3-11, 3-13,3-14,2-4,2-6,3-1 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി/പി1 /900/2022(20) തീയതി. 27.10.22 | 10 | 2-2(9), 2-3, 3-4, 3-5,3-6, 3-7, 3-8, 3-10, 3-13, 3-16, |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി/പി1 /900/2022(21) തീയതി. 27.10.22 | 9 | 1-11, ,1-20,1-21, 1-25,1-29,1-30 1-31, 1-34,3-4, |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി/പി1 /770/2023 തീയതി. 20.07.23 | 22 | 1-1-1,1-1-2,1-2-1,1-5, 1-8,1-9,1-10,1-11,1-12, 1-13,1-14,1-15,1-16, 1-17, 1-19, 2-21, 2-22, 1-24, 1-25,3-1, 4-8, 4-11 |
| 2020 - 21 | കെ.എസ്.എ.കെ.കെ.ഡി/പി1 /892/2023 തീയതി. 24.07.23 | 16 | 1-2-1,1-4-1,1-9,1-10, 1-11,1-12, 1-14,1-15, 1-21, , 1-26, 1-28, 3-2,4-8,4-10 4-11 |
| 2021 - 22 | കെ.എസ്.എ.കെ.കെ.ഡി/പി1 /771/2023 തീയതി. 21.07.23 | 30 | 1-2-1,(9,10ഒഴികെ) 1-7, 1-8,1-9,1-11,1-12, 1-13,1-14,1-15,1-16 (2,4,5), 1-17,1-18, 1-19, 1-20, 1-21, 1-22, 1-23, 1-24, 1-25,1-27, 1-28,1-29,1-31,1-32, 1-33,1-34,1-35, 2-1,3-1(2,4,5) 4-3, 4-11 |
| 2022 -2023 | കെ.എസ്.എ.കെ.കെ.ഡി/പി1 /1489/2023 തീയതി. 08.11.23 | 32 | 1-1-1,1-1-2,1-1-4,1-15, 1-1-6,1-1-7,1-1-8,1-2, 1-6, 1-8,1-9,1-10, 1-11, 1-12,1-13, 1-14,1-18,1-19,1-20, 1-21,1-22 1-25,1-26,1-28,1-29, 1-30,1-31, 4-8,4-11 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1/1 dated 1/1 dated 29-05-2024 and submitted on 18-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Peruvayal Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Peruvayal Grama Panchayat as on 31-03-2024

**Date: 14/11/2024** **Deputy Director**

**Kerala State Audit Department**

### Audit Report appended to the Audit Certificate of Peruvayal Grama Panchayat for the Year 2023-2024.

#### 1.Major Observations

Nil

#### 2.Other Observations

1. The following mandatory financial statements prescribed in accounting rules are not submitted for audit (eg:- Ratios and Notes)
2.Cash flow statement-Net increase / decrease in cashflow does not match with the difference between

the opening balance and closing balance of cash and cash equivalents.

3.No timely demand entry.

4. Mismatch in property tax arrears between current and previous AFS.

5. Mismatch in R&P statement and R&P Abstract

6. Grant liability amount shown as liability in balance sheet does not match with bank account.

7.Amount used for asset creation treated as revenue expenditure, not transfered to capital contribution.

8.Depreciation worksheet is not produced .

9.Advance collection of professional tax accuracy can not be verified.

10. Non maintanence of stock register.

11. Auction income is not accounted in register.

12. No timely receipt entry

13. Mismatch between loan register and AFS

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ പെരുവയൽ ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്